2021 സെപ്തംബർ പുസ്തകം 12 ലക്കം 9 പേജ് 40 ISSN 0970 - 0579 വില: 4 രൂപ

# ഇന്ത്യൻ നാളികേര ജേണൽ




Azadi Ka Amrit Mahotsav







## ലോക നാളികേര ദിനം

വെബിനാർ

2 സെപ്തംബർ 2021

പ്രത്യേക റിപ്പോർട്ട്

# ഇന്ത്യൻ നാളികേര ജേണൽ

**പുസ്തകം 12 ലക്കം 09**

**2021 സെപ്തംബർ**

**കൊച്ചി – 11**



## ഉപദേശകസമിതി

**ചെയർമാൻ**

ശ്രീ. രാജ്ബീർ സിംഗ് ഐഎഫ്എസ്

**അംഗങ്ങൾ**

ഡോ. പി.കെ. ജയശ്രീ ഐ.എ.എസ്

ഡോ. ജിജു പി അലക്സ്

ശ്രീ. പി.ആർ. മുരളീധരൻ

**പത്രാധിപസമിതി**

ഡോ. സി. തമ്പാൻ

ശ്രീ. മുരളീധരൻ തഴക്കര

**ചീഫ് എഡിറ്റർ**

ശ്രീ. രാജീവ് ഭൂഷൺ പ്രസാദ്

*(ഇൻ ചാർജ്)*

**എഡിറ്റർ**

ശ്രീമതി. ദീപ്തി നായർ എസ്

**പബ്ലിസിറ്റി ഓഫീസർ**

ശ്രീമതി. മിനി മാത്യു

**ഡെപ്യൂട്ടി എഡിറ്റർ**

ആബെ ജേക്കബ്



## നാളികേര വികസന ബോർഡ്

(കേന്ദ്ര കൃഷി, കർഷക ക്ഷേമ മന്ത്രാലയം, ഭാരത സർക്കാർ)

കേര ഭവൻ, എറണാകുളം, കൊച്ചി – 682 011.

ഫോൺ : 0484 – 2377266, 2377267, 2376553, 2375266, 2376265 ഫാക്സ് : 91-0484-2377902

Grams : KERABOARD

E-mail : kochi.cdb@gov.in

cdbkochi@gmail.com

Website : www.coconutboard.gov.in



**വരിസംഖ്യ**

പ്രതിവർഷം 40 രൂപ, ഒറ്റപ്രതി 4 രൂപ



തെങ്ങുകൃഷിയുടെയും വ്യവസായത്തിന്റെയും വിവിധ വശങ്ങളെക്കുറിച്ചുള്ള ലേഖനങ്ങളും സിപിഎസ്, ചങ്ങാതിക്കൂട്ടം അംഗങ്ങളുടെ അനുഭവങ്ങളും അഭിപ്രായങ്ങളും നൂതന നിരീക്ഷണങ്ങളും ക്ഷണിച്ചുകൊള്ളുന്നു. ലേഖനങ്ങളിലും പരസ്യങ്ങളിലും മറ്റും പ്രകടിപ്പിക്കപ്പെടുന്ന അഭിപ്രായങ്ങൾ ബോർഡിന്റേതായി പരിഗണിക്കപ്പെടാവുന്നതല്ല. മണി ഓർഡറും കത്തുകളും ചെയർമാൻ, നാളികേര വികസന ബോർഡ്, കേരഭവൻ, കൊച്ചി-682 011 എന്ന വിലാസത്തിൽ അയക്കുക. അപേക്ഷകന്റെ വിലാസം വ്യക്തമായി പിൻകോഡ് സഹിതം എഴുതേണ്ടതാണ്.


## നാളികേര വികസന ബോർഡ്

കേരകൃഷിയുടേയും വ്യവസായത്തിന്റേയും സർവ്വതോന്മുഖമായ വികസനത്തിനുവേണ്ടി 1979 – ലെ പാർലമെന്റ് നിയമമനുസരിച്ച് രൂപീകരിക്കപ്പെട്ട ഒരു സ്വയംഭരണാധികാര സ്ഥാപനമായ നാളികേര വികസനബോർഡ് 1981 ജനുവരി 12ന് നിലവിൽ വന്നു. കേന്ദ്ര കൃഷി കർഷക ക്ഷേമ മന്ത്രാലയത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന ബോർഡിന്റെ ആസ്ഥാനം കൊച്ചിയിലാണ്. ബാംഗ്ലൂർ, ഗോഹട്ടി, ചെന്നൈ, പാറ്റ്ന എന്നിവിടങ്ങളിലായി പ്രാദേശിക കാര്യാലയങ്ങളും ഭുവനേശ്വർ, കൽക്കട്ട, പോർട്ട് ബ്ലെയർ, ഹൈദരാബാദ്, താനെ, ഡൽഹി എന്നിവിടങ്ങളിലായി സംസ്ഥാനതല കേന്ദ്രങ്ങളും പ്രവർത്തിക്കുന്നുണ്ട്.

### ചുമതലകൾ

• കേര വ്യവസായത്തിന്റെ വളർച്ചയ്ക്കും, വികസനത്തിനും ആവശ്യമായ നടപടികൾ സ്വീകരിക്കുക. • നാളികേരത്തിന്റെയും നാളികേരോത്പന്നങ്ങളുടേയും വിപണനം മെച്ചപ്പെടുത്തുന്നതിനു വേണ്ടതായ മാർഗ്ഗ നിർദ്ദേശങ്ങൾ ശുപാർശ ചെയ്യുക • കേര കൃഷി, സംസ്ക്കരണം, വിപണനം എന്നീ പ്രവർത്തനങ്ങളിൽ വ്യാപൃതരായിരിക്കുന്ന വ്യക്തികൾക്ക് ആവശ്യമായ സാങ്കേതികോപദേശം നൽകുക. • ഉൽപാദന ശേഷി കൂടിയ സങ്കരയിനങ്ങൾ വികസിപ്പിച്ചെടുക്കുന്നതിനും, ആധുനിക കൃഷിമുറകൾ പ്രചരിപ്പിക്കുന്നതിനും, നാളികേര സംസ്ക്കരണത്തിന് ആധുനിക സാങ്കേതിക വിദ്യ അവലംബിക്കുന്നതിനും പുനഃകൃഷിയടക്കമുള്ള മാർഗ്ഗങ്ങൾ വഴി കൂടുതൽ സ്ഥലത്തേക്ക് തെങ്ങു കൃഷി വ്യാപിപ്പിക്കുന്നതിനും സാമ്പത്തിക സഹായങ്ങളും മറ്റു സഹായങ്ങളും നൽകുക. • നാളികേരത്തിനും കേരോത്പന്നങ്ങൾക്കും ഏറ്റവും കുറഞ്ഞതും കൂടിയതുമായ വിലകൾ ശുപാർശ ചെയ്യുന്നതടക്കം കേര കർഷകന് മെച്ചപ്പെട്ട വില ലഭിക്കുന്നതിന് പ്രായോഗിക നടപടികൾ ശുപാർശ ചെയ്യുക. • കേര കർഷകർ, വ്യാപാരികൾ, വ്യവസായികൾ മുതലായവരിൽ നിന്നും കേരവ്യവസായവുമായി ബന്ധപ്പെട്ട എല്ലാ വസ്തുതകളേയും കുറിച്ച് സ്ഥിതി വിവര കണക്കുകൾ ശേഖരിക്കുകയും പ്രസിദ്ധപ്പെടുത്തുകയും ചെയ്യുക. • നാളികേരത്തിനും, നാളികേരോൽപന്നങ്ങൾക്കും വിവിധ ഗ്രേഡുകൾ, വ്യവസ്ഥകൾ, പ്രമാണങ്ങൾ എന്നിവ നിശ്ചയിക്കുക. • കേന്ദ്ര ഗവൺമെന്റുമായും, വ്യാപകമായി തെങ്ങു കൃഷിയുള്ള സംസ്ഥാനങ്ങളിലെ ഗവൺമെന്റുമായും കൂടിയാലോചിച്ച് നാളികേരോൽപാദനം വർദ്ധിപ്പിക്കുന്നതിനും തെങ്ങിന്റെ വർഗ്ഗ ഗുണവും, വിളവും വർദ്ധിപ്പിക്കുന്നതിനും പര്യാപ്തമായ പദ്ധതികൾക്ക് ധനസഹായം നൽകുക. • ഇതിനായി കേര കർഷകർഷകർക്കും, നാളികേരോത്പന്നങ്ങൾക്കും വിപണന സൗകര്യങ്ങൾ ഉണ്ടാക്കുകയും ചെയ്യുക. • നിലവിലുള്ള സ്ഥാപനങ്ങൾ മുഖേന നാളികേരത്തേയും, നാളികേരോത്പന്നങ്ങളെയും പറ്റിയുള്ള ഗവേഷണങ്ങളെ സഹായിക്കുകയും, പ്രോത്സാഹിപ്പിക്കുകയും, സാമ്പത്തികമായി സഹായിക്കുകയും ചെയ്യുക. • നാളികേരത്തേയും, നാളികേരോത്പന്നങ്ങളേയും കുറിച്ചുള്ള ഗവേഷണം, വികസനം എന്നിവ സംബന്ധിച്ച പുസ്തകങ്ങളും, ആനുകാലിക പ്രസിദ്ധീകരണങ്ങളും പ്രസിദ്ധപ്പെടുത്തുന്നതടക്കമുള്ള പ്രചാരണ പരിപാടികൾ നടത്തുക. • തെങ്ങ് വളരുന്ന സംസ്ഥാനങ്ങളിലും, കേന്ദ്ര ഭരണ പ്രദേശങ്ങളിലും നാളികേരത്തിന്റേയും നാളികേരോത്പന്നങ്ങളുടേയും ഉല്പാദനം, ഗ്രേഡിംഗ്, വിപണനം എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനും വികസിപ്പിക്കുന്നതിനും വേണ്ടി പ്രാദേശിക കാര്യാലയങ്ങളും മറ്റ് ഏജൻസികളും സ്ഥാപിക്കുക. • വ്യാപകമായ തോതിൽ കേര കൃഷിയുള്ള സംസ്ഥാനങ്ങളിലെ ഗവൺമെന്റുമായി കൂടിയാലോചിച്ച് കേന്ദ്ര ഗവൺമെന്റ് ലക്ഷ്യമിട്ടിട്ടുള്ള മറ്റു നടപടികൾ സ്വീകരിക്കുക.


*Printed and published by Mini Mathew, Publicity Officer*
*on behalf of Coconut Development Board, Kochi-682 011*
*Printed at M/s KBPS, Kakkanad, Kochi-30*

# ഉള്ളടക്കം


04  **ചെയർമാന്റെ സന്ദേശം**

05  **നാളികേര ഉൽപാദനത്തിലും ഉൽപാദനക്ഷമതയിലും ഇന്ത്യ മുന്നിൽ: മന്ത്രി ശ്രീ. തോമർ**
സിഡിബി ന്യൂസ് ബ്യൂറോ

10  **തോട്ടവിള ഗവേഷണ സ്ഥാപനത്തിൽ നാളികേര ദിനാഘോഷം**
എ.സി. മാത്യൂ, സി തമ്പാൻ

14 

**ലോകനാളികേരദിന ചിന്തകൾ**
ആർ. ജ്ഞാനദേവൻ

16  **സി.പി.സി.ആർ.ഐ.യുടെ സാങ്കേതിക വിദ്യ; കർഷകരുടെ പരിശോധന ശാല**
അനിത കുമാരി.പി., അൽക്ക ഗുപ്ത*, ഇന്ദുജ.എസ്, മെറിൻ ബാബു, സ്റ്റെഫിൻ സ്രാമ്പിക്കൽ

18  **കേര കൃഷിയിൽ പോഷക മൂലകങ്ങളുടെ അപര്യാപ്തതയും പരിഹാര മാർഗ്ഗങ്ങളും**
ജീനാ മാത്യു, അബ്ദുൾ ഹാരിസ്,

21  **തെങ്ങിനു ജിയോടാഗിങ്**
ജി. രാജീവ്, ഭരത് മോഹൻ, അനന്ത നാരായണൻ, എം. ഷെരീഫ, റെജി ജേക്കബ് തോമസ്

24  **കരുത്തനായ കയ്യുണ്യം**
ബേബി ജോസഫ്

25  **തെങ്ങു കയറ്റ തൊഴിലാളികൾക്ക് 5 ലക്ഷത്തിന്റെ ഇൻഷുറൻസ്**
വിഷ്ണുപ്രിയ കെ. ടി

32  **ഒക്ടോബർ മാസത്തെ കൃഷിപ്പണികൾ**
സി. തമ്പാൻ, പി. സുബ്രഹ്മണ്യൻ, ജോസഫ് രാജ്കുമാർ

**കുരുത്തോലപ്പന്തൽ** 29


**വാർത്തകൾ** 31

**കമ്പോളം** 35


**കേരപാചകം** 38


# ചെയർമാന്റെ സന്ദേശം

പ്രിയ നാളികേര കർഷകരെ,



ഈ വർഷത്തെ ലോക നാളികേര ദിനാഘോഷങ്ങൾ സജീവ പങ്കാളിത്തത്തിലൂടെ വൻ വിജയമാക്കിയ നാളികേര മേഖലയിലെ എല്ലാ ഗുണഭോക്താക്കൾക്കും ഞാൻ ആത്മാർത്ഥമായി നന്ദി പറയുന്നു. "കൽപവൃക്ഷ" ത്തിന് മാത്രമായി ഒരു ദിവസം സമർപ്പിച്ചിരിക്കുന്നത് ഉചിതമാണ്, പ്രത്യേകിച്ച് വർത്തമാനകാല സാഹചര്യത്തിൽ. കാരണം ഓരോ ദിവസം ചെല്ലുന്തോറും നാളികേരത്തിന്റെ പോഷക ആരോഗ്യ സവിശേഷതകൾക്ക് പ്രസക്തി വർധിച്ചു വരികയാണ്. 2021 ലെ നാളികേര ദിനാഘോഷങ്ങൾ ആസാദി കാ അമൃത് മഹോത്സവത്തിൽ ഉൾപ്പെടുത്തപ്പെട്ടു എന്നത് സവിശേഷ ഭാഗ്യമായി ഞാൻ കരുതുന്നു. അന്താരാഷ്ട്ര നാളികേര സമൂഹത്തിന്റെ സ്ഥാപക ദിനമാണ് 23-ാമത് നാളികേര ദിനമായി നാളികേര വികസന ബോർഡ് കേന്ദ്ര കൃഷി കർഷക ക്ഷേമ മന്ത്രാലയത്തിന്റെ സഹകരണത്തോടെ ആഘോഷിച്ചത്. ഏതാനും ദിവസം മുമ്പ് നടന്ന കൊക്കോടെക് സമ്മേളനത്തിൽ പങ്കെടുത്ത 20 അംഗരാജ്യങ്ങളും ആഗോള ഗുണഭോക്താക്കളും അന്താരാഷ്ട്ര നാളികേര സമൂഹവും ലോക നാളികേര ദിനം ആഘോഷിക്കുകയുണ്ടായി. ആഘോഷങ്ങളിൽ ഇന്ത്യയും പങ്കെടുത്തു.

ബഹുമാന്യനായ കേന്ദ്ര കൃഷി കർഷക ക്ഷേമ വകുപ്പു മന്ത്രി സമ്മേളനത്തെ അഭിസംബോധന ചെയ്തു. രാജ്യത്തിന്റെ ബജറ്റിൽ കാർഷിക മേഖലയ്ക്കുള്ള വിഹിതം ഗണ്യമായി വർധിപ്പിച്ചിട്ടുണ്ട് എന്ന് മന്ത്രി പറഞ്ഞു. നാളികേര ഉൽപാദനവും ഉൽപാദന ക്ഷമതയും സംസ്കരണവും കയറ്റുമതിയും വർധിപ്പിക്കുന്നതിന് കേന്ദ്രഗവൺമെന്റിന് വ്യക്തമായ കാഴ്ച്ചപ്പാട് ഉണ്ടെന്നും അദ്ദേഹം തുടർന്നു. കൃഷിക്കാരുടെ വരുമാനം വർധിപ്പിക്കുക, കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക, അതുവഴി മേഖലയിൽ പ്രവർത്തിക്കുന്ന വിവിധ വിഭാഗങ്ങൾക്ക് ഉപജീവന മാർഗ്ഗവും സാമൂഹിക സുരക്ഷയും ഉറപ്പു വരുത്തുക എന്നിവയാണ് ഇതിന്റെയെല്ലാം ആത്യന്തിക ലക്ഷ്യം. നാളികേര കൃഷി, സംസ്കരണം, കയറ്റുമതി തുടങ്ങിയ മേഖലകളിൽ ഇന്ത്യ വൻ മുന്നേറ്റമാണ് നടത്തിയിരിക്കുന്നത്. നാളികേര കർഷകരുടെ സമ്പൂർണ പുരോഗതിക്കും മേഖലയുടെ സമഗ്ര വികസനത്തിനുമായി ബോധപൂർമായ ശ്രമങ്ങൾ ഉണ്ടായാൽ രാജ്യത്തിന്റെ സമ്പദ്‌വ്യവസ്ഥയിൽ എടുത്തു പറയത്തക്ക സ്വാധീനം ചെലുത്താൻ ഈ വിളയ്ക്ക് സാധിക്കും.

നാളികേര കൃഷിയുടെ സമഗ്ര വികസനമാണ് ബോർഡിന്റെ ലക്ഷ്യം. അനുബന്ധ വ്യവസായങ്ങൾക്കും രാജ്യത്തെ നാളികേര കർഷകരുടെ ക്ഷേമത്തെ കുറിച്ചും എപ്പോഴും കരുതലുണ്ട്. കഴിഞ്ഞ നാലു പതിറ്റാണ്ടായി ബോർഡിന്റെ സംഘടിതവും സുസ്ഥിരവുമായ പ്രവർത്തനങ്ങളിലൂടെ സംസ്കരണം, മൂല്യവർധനവ്, നവഉൽപ്പന്ന നിർമ്മാണം, ആധുനിക സാങ്കേതിക വിദ്യകളുടെ പ്രയോഗം, ഉന്നത ഗുണ നിലവാരം, നൂതന വിപണന തന്ത്രങ്ങൾ തുടങ്ങിയ പുതിയ രംഗങ്ങളിലേയ്ക്ക് നാളികേര മേഖല പ്രവേശിച്ചിരിക്കുന്നു.

ഈ മേഖലയുടെ സമഗ്ര വികസനം സാധ്യമാക്കികൊണ്ട് ഗുണഭോക്താക്കൾക്ക് പരമാവധി വരുമാനം ഉറപ്പാക്കുന്നതിന് രാജ്യത്തിന്റെ നയ രൂപീകരണ വിദഗ്ധർ പൂർണമനസോടെ അവരുടെ സഹകരണവും പിന്തുണയും നൽകിവരുന്നു. ഇന്ത്യയിലെ ലക്ഷക്കണക്കിന് ചെറുകിട നാമാത്ര നാളികേര കർഷകരുടെ അഭിവൃദ്ധിക്കായി ബോർഡ് അതിന്റെ പരിശ്രമങ്ങൾ തുടരുകയും നാളികേര മേഖലയുടെ വിവിധ ആവശ്യങ്ങൾക്ക് ഉചിതമായ കൂടുതൽ പദ്ധതികൾ ആവിഷ്കരിക്കുകയും ചെയ്യും.

രാജ്ബീർ സിംഗ് ഐഎഫ്എസ്
ചെയർമാൻ






# ആഗോളനിലവാരത്തിലുള്ള ഉൽപ്പന്നഗുണമേന്മ നാളികേര കയറ്റുമതി വർധിപ്പിക്കും; നാളികേര ഉൽപാദനത്തിലും ഉൽപാദനക്ഷമതയിലും ഇന്ത്യ മുന്നിൽ: മന്ത്രി ശ്രീ. തോമർ

**സി.ഡി.ബി. ന്യൂസ് ബ്യൂറോ, കൊച്ചി – 11**

**അന്താരാഷ്ട്ര സംഘടനയായ ഇന്റർനാഷണൽ കോക്കനട്ട് കമ്യൂണിറ്റി (ഐസിസി)യുടെ സ്ഥാപകദിനം അനുസ്മരിക്കുന്നതിനാണ് ലോകമെമ്പാടുമുള്ള നാളികേര ഉൽപാദക രാജ്യങ്ങൾ എല്ലാ വർഷവും സെപ്റ്റംബർ 2 ന് ലോകനാളികേര ദിനം ആഘോഷിക്കുന്നത്. ഐക്യരാഷ്ട്രസഭയുടെ ഏഷ്യൻ പസഫിക്കിനു വേണ്ടിയുള്ള സാമ്പത്തിക സാമൂഹിക കമ്മീഷന്റെ ആഭിമുഖ്യത്തിലാണ് നാളികേര ഉൽപാദക രാജ്യങ്ങളുടെ അന്താരാഷ്ട്ര സംഘടനയായ ഐസിസി (അന്താരാഷ്ട്ര നാളികേര സമൂഹം) സ്ഥാപിതമായിട്ടുള്ളത്. ഇന്ത്യ ഐസിസിയുടെ സ്ഥാപകാംഗമാണ്.**

നാളികേര മേഖലയിൽ ഇന്ത്യ വൻ പുരോഗതി നേടിയതായി കേന്ദ്ര കൃഷി കർഷക ക്ഷേമ മന്ത്രി ശ്രീ.നരേന്ദ്ര സിംങ് തോമർ പറഞ്ഞു. ഉൽപാദനത്തിലും ഉൽപാദനക്ഷമതയിലും ഇന്ത്യ ലോകത്തിൽ മുൻ നിരയിൽ, മൂന്നാം സ്ഥാനത്താണെന്നും അദ്ദേഹം തുടർന്നു. സെപ്റ്റംബർ 2 ന് ഡൽഹിയിൽ കേന്ദ്ര കൃഷി കർഷക ക്ഷേമ മന്ത്രാലയവും നാളികേര വികസന ബോർഡും സംയുക്തമായി സംഘടിപ്പിച്ച ലോകനാളികേര ദിനാഘോഷ ചടങ്ങിൽ മുഖ്യാതിഥിയായി പങ്കെടുത്ത് സംസാരിക്കുകയായിരുന്നു മന്ത്രി. 2020 –21 ലെ ഇന്ത്യയുടെ ഉൽപാദനം 21207 മില്യൺ നാളികേരമാണ്. ഇത് ആഗോള ഉൽപാദനത്തിന്റെ 34 ശതമാനം വരും. നമ്മുടെ ഉൽപാദനക്ഷമത ഹെക്ടറിന് 9687 നാളികേരമാണ്. ഇത് ലോകത്തിൽ ഒന്നാമതാണ്. പുതിയ നാളികേര ഉൽപ്പന്നങ്ങളും വ്യവസായവും വളരുകയാണ്. ഇതുവഴി കൃഷിക്കാർക്ക് വർധിച്ച തൊഴിലവസരങ്ങൾ ലഭിക്കുന്നു.






കോവിഡ് കാലത്തും തുടർന്നും സുരക്ഷിതവും, സമഗ്രവും, സുസ്ഥിരവും മാറ്റങ്ങൾ ഉൾക്കൊള്ളാൻ സാധിക്കുന്നതുമായ നാളികേര സമൂഹം എന്നതായിരുന്നു ഈ വർഷത്തെ (23- ാമത്) ലോക നാളികേര ദിനത്തിന്റെ പ്രമേയം. നാളികേര മേഖലയിലേയ്ക്കു ലോകരാഷ്ട്രങ്ങളുടെ ശ്രദ്ധ തിരിക്കാനും നാളികേരത്തിന്റെ പ്രാധാന്യത്തെ കുറിച്ച് അവബോധം വർധിപ്പിക്കാനുമാണ് എല്ലാ വർഷവും കേന്ദ്ര കൃഷി കർഷക ക്ഷേമ മന്ത്രാലയത്തിന്റെ സഹകരണത്തോടെ നാളികേര വികസന ബോർഡ്  ലോക നാളികേര ദിനം ആചരിക്കുന്നത്. കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ ഈ വർഷം ഓൺലൈനായി നാളികേര ദിന സമ്മേളനവും തദനന്തരം വെബിനാറും നടന്നു.

രാജ്യത്തിന്റെ സമ്പദ് വ്യവസ്ഥയിൽ നാളികേരത്തിന്റെ സ്വാധീനം ശക്തമാണ് എന്ന് മന്ത്രി ശ്രീ. തോമർ തുടർന്നു. നാളികേര മേഖലയുടെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുവാൻ മന്ത്രി  കൃഷിക്കാരോടും സംരംഭകരോടും ആഹ്വാനം ചെയ്തു. കേന്ദ്ര ഗവൺമെന്റ് കൃഷിക്കാർക്ക് ഒപ്പമുണ്ടാകും എന്ന് അദ്ദേഹം ഉറപ്പു നൽകി. കാർഷിക ബജറ്റിൽ വിഹിതം വർധിപ്പിച്ചതിന്റെ ഗുണം താങ്ങുവിലയിലൂടെ കൃഷിക്കാർക്കാണ് ലഭിക്കുന്നത്. കൃഷിക്കാരുടെ വരുമാനം വർധിപ്പിക്കുന്നതിനെ കുറിച്ചാണ് പ്രധാന മന്ത്രി എപ്പോഴും ചിന്തിക്കുന്നത്.  ആഗോള നിലവാരത്തിൽ കാർഷികോൽപ്പന്നങ്ങളുടെ ഗുണമേന്മ ഉയർത്തണം,അപ്പോൾ കയറ്റുമതി വർധിക്കും - മന്ത്രി ചൂണ്ടിക്കാട്ടി.

സമ്മേളനത്തിൽ കേന്ദ്ര കൃഷി കർഷക ക്ഷേമ സഹമന്ത്രിമാരായ  കുമാരി. ശോഭന കരന്ദ്ലാജി, ശ്രീ.കൈലാസ് ചൗധരി എന്നിവർ പ്രസംഗിച്ചു.

രാജ്യത്തുള്ള നാളികേര കൃഷിക്കാരിൽ  ഭൂരിഭാഗവും ചെറുകിട നാമമാത്ര ശ്രേണിയിൽ വരുന്നതിനാൽ  തോട്ടമടിസ്ഥാനത്തിൽ  നാളികേര ഉൽപാദനവും ഉൽപാദനക്ഷമതയും ഉയർത്തുന്നതിലും,  മികച്ച വരുമാനത്തിനായി സംസ്കരണത്തിലും ഉൽപ്പങ്ങളുടെ  വൈവിധ്യവൽക്കരണത്തിലും, വിവിധ ഉപോൽപ്പന്നങ്ങൾക്ക് വ്യാവസായിക ഉപയോഗം കണ്ടെത്തുന്നതിലും, അവയുടെ മൂല്യവർധനവിൽ നടത്തുന്ന ഏകോപനത്തിലുമാണ് നമ്മുടെ ആഭ്യന്തര നാളികേരവ്യവസായത്തിന്റെ ഭാവി എന്ന് കേന്ദ്ര കൃഷി കർഷക ക്ഷേമ സഹമന്ത്രി  കുമാരി ശോഭന കരന്ദ്ലാജി പറഞ്ഞു.

പ്രധാനമന്ത്രി ശ്രീ. നരേന്ദ്ര മോദിയുടെ കാഴ്ച്ചപ്പാട് പ്രകാരം, നാളികേര കർഷകർക്കും അവരുടെ വരുമാനം വർധിപ്പിക്കുന്നതിനായി ആനുകൂല്യങ്ങൾ നൽകി വരുന്നതായി കേന്ദ്ര കൃഷി കർഷക ക്ഷേമ സഹമന്ത്രി ശ്രീ.കൈലാസ് ചൗധരി പറഞ്ഞു. കേന്ദ്ര സർക്കാർ നാളികേര കർഷകരോട് പ്രതിജ്ഞാബദ്ധമാണ്. കാർഷിക മേഖലയ്ക്കാണ് മുൻഗണന. അതിനാലാണ് കാർഷിക ബജറ്റ് വിഹിതം ഗണ്യമായി വർധിപ്പിച്ചത്. കർഷകരുടെ ഉൽപാദക സംഘങ്ങൾ വഴിയും അനേകം കൃഷിക്കാർക്ക്  സൗകര്യങ്ങൾ ലഭിക്കുമെന്നും അദ്ദേഹം തുടർന്നു.

കൃഷി കർഷക ക്ഷേമ വകുപ്പ് സെക്രട്ടറി ശ്രീ. സഞ്ജയ് അഗർവാളും ചടങ്ങിൽ പ്രസംഗിച്ചു.  ജോയിന്റ് സെക്രട്ടറിയും നാളികേര വികസന ബോർഡ് ചെയർമാനുമായ ശ്രീ. രാജ്ബീർ സിംങ് സ്വാഗതം ആശംസിച്ച് വിഷയാവതരണം നടത്തി. രാജ്യത്തെ നാളികേര മേഖലയുടെ അവസ്ഥ, ബോർഡിന്റെ പ്രവർത്തനങ്ങൾ കൈവരിച്ച നേട്ടങ്ങൾ എന്നിവയെക്കുറിച്ച് അദ്ദേഹം അവതരണത്തിൽ വിശദീകരിച്ചു.

മന്ത്രാലയത്തിലെയും ബോർഡിലെയും മുതിർന്ന ഉദ്യോഗസ്ഥർ, വിവിധ സംസ്ഥാനങ്ങളിലെ ഹോർട്ടിക്കൾച്ചർ വകുപ്പ് ഉദ്യോഗസ്ഥർ കൂടാതെ 500 ൽ പരം കൃഷിക്കാരും ചടങ്ങിൽ പങ്കെടുത്തു.

തുടർന്ന് നാളികേര കർഷകർക്കായി  നടന്ന വെബിനാറിൽ കേന്ദ്ര തോട്ടവിള ഗവേഷണ സ്ഥാപനത്തിന്റെ കായംകുളം പ്രാദേശിക കേന്ദ്രം പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ. ജോസഫ് രാജ്കുമാർ തെങ്ങിന്റെ ആരോഗ്യ പരിപാലന മേഖലയിൽ ഉണ്ടായിട്ടുള്ള മുന്നേറ്റത്തെ കുറിച്ച്  ആദ്യ വിഷയാവതരണം നടത്തി. തെങ്ങുകളെ ആക്രമിക്കുന്ന കീടങ്ങളുടെ വൈവിധ്യം നാൾക്കു നാൾ വർധിച്ചു വരികയാണ്. ഇത് ആത്യന്തികമായി തെങ്ങുകളുടെ ഉൽപാദനക്ഷമതയെയും തെങ്ങു കൃഷിക്കാരുടെ ഉപജീവന സുരക്ഷയെയുമാണ് പ്രതികൂലമായി ബാധിക്കുന്നത്. പുരയിടകൃഷിക്ക് ഇണങ്ങുന്നതും  അനേക വർഷം ആദായം നൽകുന്നതുമായ തെങ്ങിൽ നിന്നും  സുസ്ഥിര വരുമാനം ഉറപ്പാക്കുന്നതോടൊപ്പം, പാരിസ്ഥിതിക സുരക്ഷ കൂടി പരിഗണിച്ചുകൊണ്ട്  കീടങ്ങൾക്കൊപ്പം ജീവിക്കുക എന്ന സമീപനമാണ് കൃഷിക്കാർ പിന്തുടരേണ്ടത് എന്ന് ഡോ. രാജ്കുമാർ ചൂണ്ടിക്കാട്ടി.

തെങ്ങിനെ ആക്രമിക്കുന്ന പ്രധാന കീടങ്ങളായ  കൊമ്പൻ ചെല്ലി, ചെമ്പൻ ചെല്ലി, തെങ്ങോല പുഴു, മണ്ഡരി, വേരുതീനിപ്പുഴു, എലികൾ, പൂങ്കുല ചാഴി, വിവിധ ഇനം അധിനിവേശ വെള്ളീച്ചകൾ എന്നിവയെ എല്ലാം വേർതിരിച്ചറിയുന്നതിനും അവയുടെ വ്യാപനം സംബന്ധിച്ചുള്ള  ശരിയായ അറിവിനൊപ്പം പരിസ്ഥിതി സൗഹൃദമായ രീതിയിൽ അവയെ നിയന്ത്രിക്കുന്നതിനുള്ള എല്ലാ ആധുനിക സാങ്കേതികവിദ്യകളും നമുക്കുണ്ട്. *ബ്രോണ്ടിസ്പാ ലോഞ്ചിസിമ്മാ, വല്ലേസിയ ജരാവ* തുടങ്ങി, പുറം രാജ്യങ്ങളിൽ നിന്നും എത്തിച്ചേരാൻ സാധ്യതയുള്ള ആക്രമണ ശേഷി കൂടിയ കീടങ്ങളെ  സംബന്ധിച്ച ബോധവത്ക്കരണം, അവ നമ്മുടെ നാട്ടിലേയ്ക്ക് വരാതിരിക്കാനുള്ള  ക്വാറന്റൈൻ ശക്തിപ്പെടുത്തൽ,  അവ വന്നു ചേർന്നാൽ അടിയന്തരമായി അനുവർത്തിക്കേണ്ട നടപടികൾ തുടങ്ങിയ തയാറെടുപ്പുകൾ വളരെ പ്രാധാന്യം അർഹിക്കുന്നു.

നല്ല കാർഷിക ശീലങ്ങൾ, വിളവൈവിധ്യവൽക്കരണത്തി




ലൂന്നിയ കാർഷികാവാസ വ്യവസ്ഥ, വൈവിധ്യമാർന്ന കൃഷി രീതികൾ, മുതലായവ അനുവർത്തിക്കുന്നതിനു കൃഷിക്കാരെ പ്രാപ്തരാക്കുവാനുതകുന്ന കൃഷിയിട പാഠശാല ഉൾപ്പെടെ, കൃഷിക്കാരുടെ പങ്കാളിത്തമുള്ള സാമൂഹിക സമീപന നടപടികൾ തുടങ്ങിയവ വഴി കൃഷിക്കാരെ ശാക്തീകരിച്ച് രാജ്യത്തെ എല്ലാ നാളികേര കൃഷി മേഖലകളിൽ നിന്നും നാളികേരത്തിന്റെ ഉൽപാദനം വർധിപ്പിച്ച് കൃഷിക്കാരുടെ വരുമാനം ഇരട്ടിയാക്കുകയാണ് ലക്ഷ്യം. പാരിസ്ഥിതിക ഉത്തരവാദിത്വ കൃഷിയിൽ, പ്രത്യേകിച്ച് നാളികേരത്തിന്റെ അതിലോലമായ ദീർഘകാല കൃഷി സംവിധാനത്തിൽ മൃഗങ്ങളുടെയും വൃക്ഷങ്ങളുടെയും പരിസ്ഥിതിയുടെയും തീവ്ര പാരിസ്ഥിതിക പരിചരണപ്രക്രിയ വഴിയുള്ള ആരോഗ്യ പരിചരണം ന്യായീകരിക്കാവുന്നതാണ് എന്നും ഡോ. രാജ്കുമാർ അഭിപ്രായപ്പെട്ടു.

തേങ്ങാവെള്ളത്തിന്റെയും ഇതര ഉപോൽപ്പന്നങ്ങളുടെയും മൂല്യവർധനവ് എന്ന വിഷയത്തെ കുറിച്ച് തുടർന്നു പ്രബന്ധം അവതരിപ്പിച്ചത് സയന്റിഫിക് ആൻഡ് ഇൻഡസ്ട്രിയൽ റിസേർച്ച് കൗൺസിലിനു കീഴിൽ തിരുവനന്തപുരത്തു പ്രവർത്തിക്കുന്ന നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഇന്റർഡിസിപ്ലിനറി സയൻസ് ആൻഡ് ടെക്നോളജിയിലെ അഗ്രോപ്രോസസിംങ് ടെക്നോളജി വിഭാഗം മേധാവി ഡോ.വിവി വേണുഗോപാലനാണ്. അഗ്രോപ്രോസസിംങ് ടെക്നോളജി വിഭാഗത്തിന്റെ പക്കൽ വിവിധ കാർഷികോൽപ്പന്നങ്ങളുടെ വിളവെടുപ്പാനന്തര സാങ്കേതിക വിദ്യകൾ ഉണ്ടെന്നും, അവയിൽ മിക്ക സാങ്കേതിക വിദ്യകളും വാണിജ്യാവശ്യങ്ങൾക്കായി കൈമാറി കഴിഞ്ഞു എന്നും പ്രബന്ധം അവതരിപ്പിച്ച് സംസാരിച്ച ഡോ. വേണുഗോപാലൻ പറഞ്ഞു.

ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രധാന ഗവേഷണ വിഷയങ്ങളിൽ ഒന്നാണ് നാളികേരവും അനുബന്ധ ഉൽപ്പന്നങ്ങളും. പ്രത്യേകിച്ച് വിർജിൻ കോക്കനട്ട് ഓയിൽ. നാളികേര വികസന ബോർഡിന്റെ സാമ്പത്തിക സഹായത്തോടെ തേങ്ങാവെള്ളത്തിന്റെ സൂക്ഷിപ്പിനും മൂല്യ വർധനവിനുമായുള്ള സാങ്കേതിക വിദ്യ ഇൻസ്റ്റിറ്റ്യൂട്ട് വികസിപ്പിച്ചിട്ടുണ്ട്. എല്ലാ നാളികേര വ്യവസായത്തിലെയും ഉപോൽപ്പന്നമാണ് തേങ്ങാവെള്ളം. ഊർജ്ജ സമ്പന്നമായ പാനീയം എന്ന നിലയിൽ ഇത് വൻ വാണിജ്യ സാധ്യതയുള്ളതാണ്. കേരളത്തിൽ കുറെ നാളികേര സംസ്കരണ കമ്പനികൾ ഉണ്ട്. ഇവിടെയെല്ലാം ഉപയോഗിക്കുന്ന തേങ്ങയുടെ വെള്ളം മുഴുവനും വാണിജ്യ സാധ്യത മറന്ന് പാഴാക്കി കളയുകയാണ്. ഈ സാഹചര്യത്തിലാണ് തേങ്ങാവെള്ളം സ്വാഭാവിക അവസ്ഥയിലും മൂല്യ വർധനവ് വരുത്തിയും സൂക്ഷിക്കാനുള്ള സാങ്കേതിക വിദ്യ വികസിപ്പിക്കുന്നതിന് നാളികേര വികസന ബോർഡിന്റെ സാമ്പത്തിക സഹായത്തോടെ ഒരു പദ്ധതി ഇൻസ്റ്റിറ്റ്യൂട്ട് ഏറ്റെടുത്തത്. തേങ്ങാവെള്ളം സംസ്കരണത്തിനു മുമ്പ് കേടാകാതിരിക്കുവാൻ അരിച്ച് സുതാര്യമാക്കി 4 ഡിഗ്രി സെൽഷ്യസിൽ തണുപ്പിച്ച് സൂക്ഷിക്കുന്നതിനുള്ള ത്വരിത ശീതീകരണ സംവിധാനത്തിന്റെ പ്രോട്ടോടൈപ്പ് ഇതിനോടകം വികസിപ്പിച്ചിട്ടുണ്ട്. ഇതുപയോഗിച്ച് വിവിധ തരം മൂല്യ വർധിത ഉൽപ്പന്നങ്ങളും വികസിപ്പിച്ചു കഴിഞ്ഞു. തേങ്ങാവെള്ളം സത്ത്, ഈ സത്ത് പഴച്ചാറുകളുമായി ചേർത്തുള്ള മിശ്രിതം, തേങ്ങാവെള്ള കാപ്പി, തേങ്ങാവെള്ളം പൗഡർ അങ്ങിനെ പലതും.

വിർജിൻ കോക്കനട്ട് ഓയിൽ നിർമ്മിക്കുമ്പോൾ ബാക്കി വരുന്ന അവശിഷ്ടത്തിൽ നിന്ന് പഥ്യാഹാര നാരുകൾ ഉൽപാദിപ്പിക്കുന്ന സാങ്കേതിക വിദ്യയും ഇൻസ്റ്റിറ്റ്യൂട്ട് വികസിപ്പിച്ചു കഴിഞ്ഞു. പോഷകാഹാര അനുബന്ധമായി ഉപയോഗിക്കാവുന്ന ഈ ഉൽപ്പന്നം മാംസ്യത്തിന്റെ സമ്പന്ന സ്രോതസ് കൂടിയാണ്. തേങ്ങാപ്പാൽ പിഴിഞ്ഞ ശേഷം ബാക്കി വരുന്ന പീരയിൽ നിന്ന് മണ്ണിൽ ലയിച്ചു ചേരുന്ന പാത്രങ്ങളും, ഗ്ലാസുകളും, സ്ട്രോകളും, സ്പൂണുകളും വികസിപ്പിച്ചിട്ടുണ്ട് എന്നും ഡോ.വേണുഗോപാലൻ അറിയിച്ചു. ഇവ പ്ലാസ്റ്റിക് ഉൽപന്നങ്ങൾക്കു ബദലായി ഉപയോഗിക്കാവുന്നതാണ്.

പ്രബന്ധാവതരണങ്ങൾക്കു ശേഷം രണ്ടു വിഷയങ്ങളെ സംബന്ധിച്ചും കൃഷിക്കാർ ഉന്നയിച്ച സംശയങ്ങൾക്ക് വിദഗ്ധർ മറുപടി പറഞ്ഞു.

*തയ്യാറാക്കിയത്: ആബെ ജേക്കബ്*



# ലോകനാളികേര ദിനാഘോഷം – വാർത്തകൾ വിവിധ മാധ്യമങ്ങളിൽ

## നാളികേര കൃഷിയുടെ ശുഭപ്രതീക്ഷകൾ

## നാളികേര ഉത്പാദനത്തിൽ ഇന്ത്യ മുന്നിൽ: കേന്ദ്രമന്ത്രി

... 2020-21 ലെ രാജ്യത്തെ നാളികേര ഉത്പാദനം 21,207 മില്യൺ നാളികേരമാണ് ...

## കല്പവൃക്ഷമാണ് ഓർമവേണം

## നാളികേര ദിനാചരണം ഇന്ന്

**കൊച്ചി**

നാളികേര വികസന ബോർഡ്, മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ (എംഐഡിഎച്ച്) വിഭാഗത്തിന്റെ സഹകരണത്തോടെ ലോക നാളികേര ദിനം ആചരിക്കും. പകൽ 11.30ന് നടക്കുന്ന വെബിനാറിൽ കേന്ദ്രമന്ത്രി നരേന്ദ്ര സിങ് തോമർ മുഖ്യപ്രഭാഷണം നടത്തും. വെബിനാർ ലിങ്ക് ttps://cdbkochi.webex.com/cdbkochi/j.php?MTID=m8e0547755497dadbf92ee16909019f14. ഇവന്റ് നമ്പർ: 2517 117 4928, പാസ്‌വേർഡ്: 12345.

## ఆన్‌లైన్‌లో ప్రపంచ కొబ్బరి దినోత్సవం



వార్త, Sat, 04 September 2021 https://epaper.vaartha.com/c/63981819

## കേരള കൗമുദി



## നാളികേര ഉല്പാദനത്തിൽ രാജ്യം ഒന്നാമത്



## നാളികേര ഉല്പാദനത്തിൽ രാജ്യം ഒന്നാമത്

കൊച്ചി: നാളികേരത്തിന്റെ ഉല്പാദനത്തിലും ഉല്പാദനക്ഷമതയിലും ലോകത്ത് ഏറ്റവും മുന്നിലാണ് ഇന്ത്യയെന്ന് കേന്ദ്ര കൃഷി, കർഷക ക്ഷേമ മന്ത്രി നരേന്ദ്ര സിങ് തോമർ പറഞ്ഞു.

ആഗോള നാളികേര ഉല്പാദനത്തിന്റെ 34 ശതമാനവും ഇന്ത്യയുടെ സംഭാവനയാണ്. നാളികേര ദിനാഘോഷത്തിന്റെ ഭാഗമായി മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ വിഭാഗത്തിന്റെയും നാളികേര വികസന ബോർഡിന്റെയും നേതൃത്വത്തിൽ നടത്തിയ വെബിനാർ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. 2020-21 ലെ ഇന്ത്യയുടെ ഉൽപാദനം 21 207 മില്യൺ നാളികേരവും ഉല്പാദനക്ഷമത ഹെക്ടറിന് 9687 നാളികേരവുമാണ്. കേന്ദ്ര കൃഷി കർഷക ക്ഷേമ സഹമന്ത്രി ശോഭ കരന്തലജെ, കൈലാസ് ചൗധരി, കർഷക ക്ഷേമ വകുപ്പ് സെക്രട്ടറി സഞ്ജയ് അഗർവാൾ എന്നിവർ സംസാരിച്ചു.

## केंद्रीय कृषि एवं किसान कल्याण मंत्री तोमर के मुख्य आतिथ्य में मनाया गया विश्व नारियल दिवस



## മാധ്യമം

## കേരം തിങ്ങും കേരള നാട്...

'പച്ചസ്വർണം'

ആദ്യ നീര ഉൽപാദക കമ്പനി നിലനിൽപിന് കേഴുന്നു

ചതിക്കാത്ത തെങ്ങ് പ്രതിസന്ധിയിൽ കർഷകർ

പ്രകൃതിയുടെ ഗ്ലൂക്കോസ് പാനീയം ഇളനീർ

ചന്തിരൂർ സർവീസ് സഹകരണ ബാങ്ക്





కొబ్బరి దినోత్సవం

# നാളികേര ഉൽപാദനത്തിൽ ഇന്ത്യ മുന്നിൽ

Agriculture

## World Coconut Day Celebrated

By NE Reporter on September 2, 2021



**KOCHI:**
To commemorate the foundation day of the International Coconut Community (ICC), an intergovernmental organization of coconut producing countries under the aegis of the United Nations Economic and Social Commission for Asia and the Pacific (UN-ESCAP),World Coconut Day Celebration was addressed by Narendra Singh Tomar, Minister for Agriculture & Farmers Welfare, Government of India. The ICC, formerly known as Asia Pacific Coconut Community was established under the aegis of UNESCAP ... The event aims to create increased ...s on the importance of coconut and ...ional and international attention ...ut sector.

...e announced by ICC in 2021, for its ...ion of celebrations, is "Building a ...usive resilient and sustainable ... amid Covid-19

## ...t Is Having A Strong Influence In The National Economy Of The Country': Narendra Singh Tomar

By Globalgreen  Last updated Sep 2, 2021 7:22 pm  72  0  BUSINESS




"Coconut is having a strong influence in the national economy of the country': N... Tomar

To commemorate the foundation day of the International Coconut Community (I... intergovernmental organization of coconut producing countries under the aegis ... Nations Economic and Social Commission for Asia and the Pacific (UN-ESCAP),W... Coconut Day Celebration was addressed by Shri Narendra Singh Tomar, Hon'ble M... Agriculture & Farmers Welfare, Government of India.

https://www.globalgreenews.com/2021/09/02/17287/



# നാളികേര ദിനാചരണം ഇന്ന്

# ...മുന്നിൽ നടക്കുന്ന ചിരട്ട...



# ఇంటర్నేషనల్ ... కొబ్బరి సాగు దేశ ఆర్థిక అభివృద్ధికి కీలకం

# ഇന്ന് നാളികേര ദിനാചരണം

കൊച്ചി:ഇന്ന് ലോക നാളികേര ദിനം ആഘോഷിക്കും. ഇന്ത്യാ ഗവൺമെന്റിന്റെ കൃഷി കർഷക ക്ഷേമ മന്ത്രാലയത്തിൽ പ്രവർത്തിക്കുന്ന മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡവലപ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ (എംഐഡിഎച്ച്) വിഭാഗവുമായി ചേർന്നാണ് നാളികേര വികസന ബോർഡ് ദിനാഘോഷം നടത്തുക. കോവിഡ് കാലത്തും തുടർന്നും സുരക്ഷിതവും സമഗ്രവും സുസ്ഥിരവും മാറ്റങ്ങൾ ഉൾക്കൊള്ളാൻ സാധിക്കുന്നതുമായ നാളികേര സമൂഹം എന്നതാണ് ഈ വർഷത്തെ നാളികേരദിന പ്രമേയം. ഇന്ത്യൻ സ്വാതന്ത്ര്യത്തിന്റെ 75-ാം വാർഷികാഘോഷമായ ആസാദി കാ അമൃത് മഹോത്സവത്തിൽ ഉൾപ്പെടുത്തിയാണ് 2021 ലെ നാളികേര ദിനാഘോഷം.നയരൂപീകരണ വിദഗ്ധർ, കൃഷിക്കാർ, സംരംഭകർ, കയറ്റുമതി വ്യവസായികൾ, കേന്ദ്ര മന്ത്രാലയത്തിലെ ഉദ്യോഗസ്ഥ പ്രമുഖർ, സംസ്ഥാന കൃഷി ഹോർട്ടികൾച്ചർ വകുപ്പ് പ്രതിനിധികൾ മറ്റ് ഉപഭോക്താക്കൾ എന്നിവർ ഇതിൽ സഹകരിക്കും. ഐക്യരാഷ്ട്ര സഭയുടെ ആഭിമുഖ്യത്തിൽ 1969 സെപ്റ്റംബർ 2 ന് ആരംഭിച്ച അന്താരാഷ്ട്ര നാളികേര സമൂഹത്തിന്റെ സ്ഥാപക ദിനമാണ് നാളികേര ദിനമായി ആചരിച്ചുവരുന്നത്. ഇന്ത്യ ഐസിസിയുടെ സ്ഥാപകാംഗമാണ്. ജീവന്റെ വൃക്ഷമായി വിശേഷിപ്പിക്കപ്പെടുന്ന ഈ വിളയിലേയ്ക്ക് പൊതു സമൂഹത്തിന്റെ ശ്രദ്ധ ക്ഷണിക്കുന്നതിന് ദേശീയ അന്തർദേശീയ തലത്തിൽ അവബോധം സൃഷ്ടിക്കുക എന്നതാണ് ദിനാചരണത്തിന്റെ...

# ലോക നാളികേര ദിനം ഇന്ന്

കൊച്ചി: ലോക നാളികേര ദിനം ഇന്ന്. ഇതോട... നാളികേര വികസന ബോർഡ് ദേശീയ വെബ്ബി... ക്കുന്നു. രാവിലെ 11.30ന് കേന്ദ്ര കൃഷി മ... ് തോമർ മുഖ്യ പ്രഭാഷണം നടത്തും. ... ശോഭ കരന്ദലജെ, കൈലാഷ് ചൗധരി ... അതിഥികൾ. അന്താരാഷ്ട്ര നാളികേര ... ദിനത്തിന്റെ ഓർമ്മയ്ക്കായാണ് ... ലോക നാളികേര ദിനമായി ആചരിക്കു...



# नारियल के उत्पादन में भारत विश्व में अग्रणी : नरेंद्रसिंह तोमर

# തോട്ടവിള ഗവേഷണ സ്ഥാപനത്തിൽ നാളികേര ദിനാഘോഷവും കൃഷിക്കാർക്കായി ശാസ്ത്രീയ പരിശീലനവും നടത്തി

ആഗോള വ്യാപകമായി അന്താരാഷ്ട്ര നാളികേര സമൂഹത്തിലെ (ഐസിസി) അംഗരാജ്യങ്ങൾ എല്ലാ വർഷവും സെപ്റ്റംബർ 2 ലോകനാളികേരദിനമായി ആചരിച്ചു വരുന്നു. ഐസിസിയുടെ സ്ഥാപകാംഗമാണ് ഇന്ത്യ. ഐസിസി, 2021 ലെ ലോകനാളികേര ദിനത്തിന്റെ മുഖ്യ പ്രമേയമായി നിർദ്ദേശിച്ചത് കോവിഡ് 19 കാലത്തും തുടർന്നും സുരക്ഷിതവും, സമഗ്രവും, സുസ്ഥിരവും, മാറ്റങ്ങൾ ഉൾക്കൊള്ളാൻ സാധിക്കുന്നതുമായ നാളികേര സമൂഹ സൃഷ്ടി എന്നതായിരുന്നു. കേന്ദ്ര തോട്ടവിള ഗവേഷണ സ്ഥാപനം ഈ പ്രമേയവുമായി ബന്ധപ്പെട്ട് വ്യത്യസ്തരായ ഗുണഭോക്താക്കളെ ഉൾപ്പെടുത്തി രാജ്യത്തെ വിവിധ കേന്ദ്രങ്ങളിൽ നേരിട്ടും ഓൺലൈനായും ഈ വർഷത്തെ നാളികേര ദിനം വിവിധ പരിപാടികളോടെ ആഘോഷിക്കുകയുണ്ടായി.



കേരളത്തിന്റെ ബഹുമാന്യനായ കൃഷി കർഷക ക്ഷേമ മന്ത്രി ശ്രീ. പി പ്രസാദ് ഓൺലൈനായി ലോക നാളികേര ദിനാഘോഷങ്ങളുടെ ഉദ്ഘാടനം നിർവഹിച്ചു. നാളികേര കൃഷിയിൽ നിന്നുള്ള വരുമാനം വർധിപ്പിക്കുന്നതിന് മൂല്യവർധിത നാളികേര ഉൽപ്പന്നങ്ങളുടെ നിർമ്മാണത്തിനും വിപണനത്തിനും ഊന്നൽ നൽകേണ്ടതിന്റെ ആവശ്യകത ശ്രീ പ്രസാദ് തന്റെ പ്രഭാഷണത്തിൽ അടിവരയിട്ടു പറഞ്ഞു. നാളികേര സംസ്കരണ വിപണന സംരംഭങ്ങൾ ഏറ്റെടുത്ത് നടത്തുന്നതിന് കർഷക ഉൽപാദക സംഘങ്ങളെ സഹായിക്കാൻ കേരള ഗവൺമെന്റ് തീരുമാനിച്ചിതായി മന്ത്രി അറിയിച്ചു. അഗ്രോ പ്രോസസിംങ് പാർക്കുകൾ സ്ഥാപിക്കുക, നാളികേര വികസന കൗൺസിലിന്റെ ആഭിമുഖ്യത്തിൽ മികച്ചയിനം തെങ്ങിൻ തൈകൾ വിതരണം ചെയ്യുക, കേരഗ്രാമം പദ്ധതിയുടെ കീഴിൽ വിവിധ പദ്ധതികൾ നടപ്പാക്കുക തുടങ്ങിയവയെല്ലാം സംസ്ഥാനത്തെ നാളികേര മേഖലയെ ശക്തിപ്പെടുത്തുന്നതിനു വിഭാവനം ചെയ്തിട്ടുള്ളവയാണ്. നമ്മുടെ കേരസമ്പൽസമൃദ്ധിയെ തിരികെ കൊണ്ടുവരുന്നതിന് നാളികേരത്തിന്റെ ഉൽപാദനവും ഉൽപാദന ക്ഷമതയും വർധിപ്പിക്കണം. ഇതിനായി തെങ്ങിൻ തോപ്പുകളിൽ ആധുനിക സാങ്കേതിക വിദ്യകൾ ഫലപ്രദമായി ഏകോപിപ്പിക്കുക എന്നതാണ് അടിയന്തിര ആവശ്യം – മന്ത്രി തുടർന്നു. സിപസിആർഐയുടെ അഗ്രി ബിസിനസ് ഇങ്കുബേഷൻ സെന്ററിൽ നിന്ന് സാങ്കേതിക വിദ്യയും പിന്തുണയും ലഭിച്ച യുവ






സംരംഭകനായ കെ.എസ് അഭിലാഷിനെ മന്ത്രി ഓൺലൈനിൽ അഭിനന്ദിച്ചു.

നാളികേര ദിനാഘോഷ ചടങ്ങിൽ പങ്കെടുത്ത വിശിഷ്ടാതിഥികൾക്കും കൃഷിക്കാർക്കും മറ്റ് ഗുണഭോക്താക്കൾക്കും സിപിസിആർഐ ഡയറക്ടർ ഡോ.അനിത കരുൺ സ്വാഗതം പറഞ്ഞു. ബംഗളൂര് അഗ്രിക്കൾച്ചറൽ ടെക്നോളജി ആപ്ലിക്കേഷൻ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ഡോ.വെങ്കിട സുബ്രഹ്മണ്യം ആശംസകൾ നേർന്നു.

ഈ വർഷത്തെ നാളികേര ദിനാഘോഷങ്ങളുടെ ഭാഗമായി അതിന്റെ പ്രമേയവുമായി ബന്ധപ്പെട്ട് പിന്നോക്ക വിഭാഗങ്ങളെ സഹായിക്കാനുള്ള വിവിധ പരിപാടികളും സിപിസിആർഐയിൽ നടന്നു. ആറളം ഫാമിലെ പിന്നോക്ക വിഭാഗത്തിലെ കൃഷിക്കാർക്ക് സംസ്ഥാന പട്ടിക ജാതി പട്ടികവർഗ ക്ഷേമ, പിന്നോക്ക വിഭാഗ, ദേവസ്വം വകുപ്പ് മന്ത്രി ശ്രീ. കെ രാധാകൃഷ്ണൻ ഓൺലൈനായി തെങ്ങിൻ തൈകൾ വിതരണം ചെയ്തു.

ജനങ്ങളിൽ കൃഷിയോട് അനുകൂലമായ മനോഭാവം വളർത്താനുള്ള നടപടികൾ സ്വീകരിക്കേണ്ടിയിരിക്കുന്നു എന്ന് മന്ത്രി രാധാകൃഷ്ണൻ തന്റെ പ്രസംഗത്തിൽ ചൂണ്ടിക്കാട്ടി. ഇത് ഇപ്പോഴത്തെ സാഹചര്യത്തിൽ വളരെ പ്രസക്തവും പ്രധാനപ്പെട്ടതുമായ വിഷയമാണ്. കോവിഡ് 19 മഹാമാരി കാർഷിക മേഖലയെ വളരെ പ്രതികൂലമായി ബാധിച്ചിരിക്കുന്നു എന്നും താഴ്ന്ന വരുമാനക്കാരായ പിന്നോക്കവിഭാഗങ്ങളാണ് ഇതിന്റെ ദുരിതങ്ങൾ അനുഭവിക്കുന്നത് എന്നും മന്ത്രി തുടർന്നു. നാളികേരത്തിന്റെ നാടായ കേരളത്തിൽ ബഹുവിധ വെല്ലുവിളികളാണ് ഇന്ന് നാളികേര മേഖല നേരിടുന്നത്. നാളികേരത്തിന്റെ പോയകാല പ്രതാപം വീണ്ടെടുക്കുന്നതിന് ബോധപൂർവമായ ശ്രമങ്ങൾ ഉണ്ടാവണം. ഉൽപ്പന്ന വൈവിധ്യവൽ



ക്കരണത്തിലൂടെ മൂല്യ വർധനവ് മാത്രമാണ് ഈ മേഖലയിൽ വരുമാനവും തൊഴിൽ അവസരങ്ങളും വർധിപ്പിക്കാനുള്ള മാർഗ്ഗം. മന്ത്രി തുടർന്നു. പിന്നോക്ക ക്ഷേമ പദ്ധതിയുടെ ഭാഗമായി തിരുവനന്തപുരത്തെ ഓഫീസിൽ നടന്ന ചടങ്ങിൽ പോത്തൻകോട് ബ്ലോക്കിലെ തോന്നക്കൽ വില്ലേജിൽ നിന്നുള്ള പിന്നോക്ക വിഭാഗം വനിതകൾക്ക് മന്ത്രി രാധാകൃഷ്ണൻ പച്ചക്കറി വിത്തുകൾ കൈമാറുകയും ചെയ്തു.

പിന്നോക്ക ക്ഷേമ മന്ത്രി ഓൺലൈനായി നാളികേര തൈകളുടെ വിതരണം നിർവഹിച്ച ഉടനെ തെരഞ്ഞെടുക്കപ്പെട്ട പിന്നോക്ക വിഭാഗം കൃഷിക്കാർക്ക് ആറളം ഫാമിൽ തെങ്ങിൻ തൈകളുടെ നേരിട്ടുള്ള വിതരണവും നടന്നു. പേരാവൂർ എം എൽഎ ശ്രീ. സണ്ണി ജോസഫ്, കണ്ണൂർ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി പിപി ദിവ്യ, കണ്ണൂർ ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ശ്രീ. ബിനോയ് കുര്യൻ, ഇരിട്ടി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. കെ വേലായുധൻ, ആറളം ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. കെപി രാജേഷ്, ആറളം ഗ്രാമ





പഞ്ചായത്ത് അംഗം ശ്രീമതി മിനി ദിനേശൻ തുടങ്ങിയവർ തെങ്ങിൻ തൈകളുടെ വിതരണം നിർവഹിച്ച് സംസാരിച്ചു. ചടങ്ങിൽ സിപിസിആർഐ പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ. സി തമ്പാൻ സ്വാഗതവും, ആറളം ഫാമിംങ് കോർപ്പറേഷൻ മാനേജിംങ് ഡയറക്ടർ ശ്രീ ബിമൽ ഘോഷ് നന്ദിയും പറഞ്ഞു.

നാളികേര ദിനാഘോഷങ്ങളുടെ ഭാഗമായി സെപ്റ്റംബർ 2 ന് ഭുവനേശ്വരിൽ നടന്ന ചടങ്ങിൽ പട്ടിക ജാതി പട്ടിക വർഗ്ഗ വിഭാഗത്തിലെ തെരഞ്ഞെടുക്കപ്പെട്ട കൃഷിക്കാർക്ക് 5500 തെങ്ങിൻ തൈകൾ വിതരണം ചെയ്യുകയുണ്ടായി. കൽപബൃഖ്യ ഫൗണ്ടേഷന്റെ സഹകരണത്തോടെ ഷെഡ്യൂൾഡ് കാസ്റ്റ് സബ്പ്ലാൻ ഷെഡ്യൂൾഡ് ട്രൈബൽ കമ്പോണന്റ് പദ്ധതിയിൽ ഉൾപ്പെടുത്തിയായിരുന്നു ഈ പരിപാടി നടത്തിയത്. ഡോ. സത്യ





തപസ്, ശ്രീമതി ദീപ പ്രജ്വലന, ഡോ.ഗോബിന്ദ ചന്ദ്ര ആചാര്യ എന്നിവർ ചടങ്ങിൽ പ്രസംഗിച്ചു.

ലക്ഷദ്വീപ് കൃഷി വിജ്ഞാൻ കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ കവരത്തിയിൽ ലോക നാളികേര ദിനം ആഘോഷിച്ചു. ഇതോടനുബന്ധിച്ച് നാളികേരാധിഷ്ഠിത സൂക്ഷ്മ സംരംഭങ്ങളെ ആസ്പദമാക്കി ഗുണഭോക്താക്കൾക്കായി സെമിനാർ നടത്തി. ലക്ഷദ്വീപ് വില്ലേജ് പഞ്ചായത്ത് അധ്യക്ഷൻ ശ്രീ.അബ്ദുൾ ഖാദർ സെമിനാർ ഉദ്ഘാടനം ചെയ്തു. കെവികെ തലവൻ ഡോ. ആനന്ദ്, സിപിസിആർഐ കാസറഗോഡ് കേന്ദ്രത്തിലെ ശാസ്ത്രജ്ഞ ഡോ.ഷമീന ബീഗം സൂക്ഷ്മ സംരംഭങ്ങളെയും നാളികേരത്തിന്റെ മൂല്യ വർധിത ഉൽപ്പന്നങ്ങളെയും കുറിച്ച് ക്ലാസ് എടുത്തു.

ഈ വർഷത്തെ നാളികേര ദിനാഘോഷങ്ങളുടെ ഭാഗമായി ആറളം ഫാമിൽ സെപ്റ്റംബർ 2 ന് പട്ടിക ജാതി പട്ടിക വർഗ കൃഷിക്കാർക്കായി കേരകൃഷിയിൽ അവബോധം നൽകുന്നതിന് പരിശീലന പരിപാടി നടത്തി. നാളികേരാധിഷ്ഠിത കൃഷിയും സംരംഭങ്ങളും വഴി വരുമാന- തൊഴിലവസര വർധന എന്നതായിരുന്നു വിഷയം. കണ്ണൂർ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി പിപി ദിവ്യ ചടങ്ങ് ഉദ്ഘാടനം ചെയ്തു. കണ്ണൂർ ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ശ്രീ. ബിനോയ് കുര്യൻ, ആറളം ഗ്രാമ പഞ്ചായത്ത് അംഗം ശ്രീമതി മിനി ദിനേശൻ എന്നിവർ ആശംസകൾ നേർന്നു. സിപിസിആർഐ പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ. സി തമ്പാൻ പരിശീലന പരിപാടിയുടെ രൂപരേഖയും അവതരിപ്പിച്ചുകൊണ്ട് എല്ലാവർക്കും സ്വാഗതം പറഞ്ഞു. ആറളം ഫാമിംങ് കോർപ്പറേഷൻ മാനേജിംങ് ഡയറക്ടർ ശ്രീ ബിമൽ ഘോഷ് നന്ദി പറഞ്ഞു.



20 പട്ടിക ജാതി പട്ടിക വർഗ കൃഷിക്കാർ വീതമുള്ള രണ്ടു ബാച്ചിനാണ് പരിപാടിയുടെ ഭാഗമായി പരിശീലനം നൽകിയത്. നാളികേര വികസന ബോർഡ്, സിപിസിആർഐ കാസറഗോഡ് കേന്ദ്രം, ആറളം ഫാമിംങ് കോർപ്പറേഷൻ എന്നീ സ്ഥാപനങ്ങളുടെ സഹകരണത്തോടെയായിരുന്നു ഈ പരിശീലന പരിപാടി.

നാളികേര നടീൽ വസ്തുക്കളുടെ ഉൽപാദനം, ശാസ്ത്രീയ വിള പരിചരണം, നാളികേരാധിഷ്ഠിത കൃഷി സമ്പ്രദായങ്ങൾ, തൊഴിലും വരുമാനവും വർധിപ്പിക്കുന്നതിന് നാളികേരത്തിന്റെ മൂല്യവർധിത ഉൽപ്പന്നാധിഷ്ഠിത സംരംഭങ്ങൾ, കാർഷിക ഉൽപാദക സംഘങ്ങൾക്ക് നാളികേരാധിഷ്ഠിത കൃഷിയിലൂടെ ഉയർന്ന വരുമാനം നേടുന്നതിനുള്ള കൂട്ടായ സമീപനം തുടങ്ങിയ വിഷയങ്ങളാണ് പരിശീലന പരിപാടിയിൽ ചർച്ച ചെയ്യപ്പെട്ടത്. സിപിസിആർഐയിലെ പ്രിൻസിപ്പൽ സയന്റി





സ്റ്റുമാരായ ഡോ. എസി മാത്യു, ഡോ. പി സുബ്രഹ്മണ്യൻ, ഡോ.സി തമ്പാൻ, ഡോ.കെ സംസുദീൻ എന്നിവർ വിവിധ സെഷനുകൾ നയിച്ചു.

സിപിസിആർഐയുടെ പ്രാദേശിക കേന്ദ്രമായ കഹിക്കുച്ചിയിൽ സെപ്റ്റംബർ 2 ന് നാളികേരദിനം ആഘോഷിച്ചു. ഇതോടനുബന്ധിച്ച് കൃഷിക്കാർക്കായി ശാസ്ത്രീയ നാളികേര കൃഷി എന്ന വിഷയത്തിൽ പരിശീലന പരിപാടിയും സംഘടിപ്പിച്ചിരുന്നു. നാളികേര വികസന ബോർഡിന്റെ വടക്കു പടിഞ്ഞാറൻ മേഖലാ അവാർഡു ജേതാവായ കർഷകൻ ശ്രീ. പങ്കജ് ദാസ് നാളികേര കൃഷിയിലെ തന്റെ അനുഭവങ്ങൾ പരിപാടിയിൽ പങ്കെടുത്ത മറ്റു കൃഷിക്കാരുമായി പങ്കുവച്ചു. ■

*തയാറാക്കിയത്: ഡോ. എ.സി. മാത്യൂ, ഡോ. സി തമ്പാൻ, സിപിസിആർഐ, കാസർഗോഡ്*

# കായംകുളം സിപിസിആർഐയിൽ പ്രഭാഷണ പരമ്പരയും നാളികേര ദിനാഘോഷവും സെമിനാറും

ആസാദി കാ അമൃത് മഹോത്സവത്തിന്റെ ഭാഗമായി തോട്ടവിള സ്ഥാപനത്തിന്റെ കായംകുളം പ്രാദേശിക കേന്ദ്രത്തിൽ 2021 ജൂലൈ 16 മുതൽ സെപ്റ്റംബർ 1 വരെ കൃഷിക്കാർക്കായി നാളികേര സാങ്കേതിക പ്രഭാഷണ പരമ്പരയും തുടർന്ന് സെപ്റ്റംബർ 2 ന് നാളികേര ദിനാഘോഷത്തോടനുബന്ധിച്ച് നാളികേരം ആരോഗ്യജീവിതത്തിന് എന്ന സെമിനാറും നടന്നു. നാളികേരാധിഷ്ഠിത സുസ്ഥിര കൃഷി എന്നതായിരുന്നു പ്രഭാഷണ പരമ്പരയുടെ വിഷയം. കൃഷിയിൽ നിന്നുളള വരുമാനം ഇരട്ടിയാക്കുന്നതിന് കൃഷിക്കാരുടെ ശാക്തീകരണം ലക്ഷ്യമിട്ടു സംഘടിപ്പിച്ച പ്രഭാഷണ പരമ്പര ആഴ്ച്ചയിൽ മൂന്നു ദിവസങ്ങളിലായാണ് നടന്നത്. മൂല്യ വർധനവുമായി ബന്ധപ്പെട്ട സാങ്കേതിക വിദ്യകൾക്കും ശാത്രീയ നാളികേര പരിചരണത്തിലുമായിരുന്നു ഊന്നൽ.

ഐസിഎആറിന്റെ സ്ഥാപക ദിനം കൂടിയായ ജൂലൈ 16 ന് തുടക്കമിട്ട പ്രഭാഷണ പരമ്പരയിൽ ആദ്യദിനം സിപിസിആർഐ കായംകുളം പ്രാദേശിക കേന്ദ്രത്തിന്റെ മേധാവി ഡോ. എസ് കലാവതി സംസാരിച്ചു. കാലാവസ്ഥാ വ്യതിയാനത്തിന്റെ പശ്ചാത്തലത്തിൽ നാളികേര കൃഷി എങ്ങിനെ സുസ്ഥിരമാക്കാം എന്നതായിരുന്നു വിഷയം. നാളികേരത്തിന്റെ സമഗ്ര തലങ്ങളെയും വിശദമായി പരാമർശിച്ച പരമ്പരയിൽ മൊത്തം 20 പ്രഭാഷണങ്ങൾ നടന്നു. നാളികേര ഇനങ്ങൾ, അമ്മതെങ്ങുകൾ തെരഞ്ഞെടുക്കുന്നത് എങ്ങിനെ, നഴ്സറി പരിചരണം, നടീലും തുടർ പരിചരണവും, വളപ്രയോഗം, ജലസേചനം, ഇടവിളകൾ, രോഗ കീടനിയന്ത്രണം, ജൈവ അവശിഷ്ട പുനചംക്രമണം, സൂക്ഷ്മ ജീവികളുടെ ഉപയോഗം, മൂല്യവർധനവ്, നാളികേരേതര മേഖലയിലെ സംരംഭകത്വ അവസരങ്ങൾ തുടങ്ങിയവയായിരുന്നു പ്രധാന വിഷയങ്ങൾ. സൂം പ്ലാറ്റ്ഫോം ഉപയോഗിച്ച് യൂട്യൂബിലൂടെ നടത്തിയ ഓൺലൈൻ പരമ്പരയിൽ കേരളത്തിലെമ്പാടും നിന്നുള്ള കൃഷിക്കാർ പേര് രജിസ്റ്റർ ചെയ്ത് പങ്കെടുത്തു. ഓരോ പ്രഭാഷണത്തിനും യൂ ട്യൂബിൽ 500 ൽ അധികം കാഴ്ച്ചക്കാർ ഉണ്ടായിരുന്നു. ഇത് പരിപാടിയുടെ വിജയത്തെ സൂചിപ്പിക്കുന്നു. ഓരോ സെഷനിലും 45 മിനിറ്റ് ദൈർഘ്യമുള്ള പ്രഭാഷണവും തുടർന്ന് വിഷയത്തെ കുറിച്ച് ഒരു മണിക്കൂർ സമയം ചർച്ചയുമായിരുന്നു ഉൾപ്പെടുത്തിയിരുന്നത്.




ലോക നാളികേര ദിനമായ സെപ്റ്റംബർ 2-ന് സംഘടിപ്പിച്ച സെമിനാറോടു കൂടിയായിരുന്നു സാങ്കേതിക ഉപദേശക പ്രഭാഷണ പരമ്പരയുടെ സമാപനം. നാളികേരം ആരോഗ്യകരമായ ജീവിതത്തിന്, എന്നതായിരുന്നു വിഷയം. മനുഷ്യരാശിയുടെ സൗഖ്യത്തിന് വെളിച്ചെണ്ണയുടെയും മറ്റ് മൂല്യവർധിത നാളികേര ഉൽപ്പന്നങ്ങളുടെയും പോഷക ആരോഗ്യ പ്രയോജനങ്ങൾ എന്തെല്ലാമാണ് എന്ന് കാർഷിക സമൂഹവുമായി സെമിനാർ സംവദിച്ചു. ഓൺലൈൻ പ്രഭാഷണ പരമ്പരയിൽ ആദ്യന്തം പങ്കെടുത്തവരിൽ നിന്നു തെരഞ്ഞെടുത്ത 15 നാളികേര കർഷകരെ അന്ന് സിപിസിആർഐ യുടെ കായങ്കുളം പ്രാദേശിക കേന്ദ്രത്തിൽ ക്ഷണിച്ചു വരുത്തി ആദരിച്ചു. കേന്ദ്രം മേധാവി ഡോ.എസ് കലാവതി ചടങ്ങിന് സ്വാഗതം പറഞ്ഞു. കായങ്കുളം മുനിസിപ്പൽ ചെയർപേഴ്സൺ ശ്രീമതി ശശികല പരിപാടി ഉദ്ഘാടനം ചെയ്തു. മുനിസിപ്പൽ കൗൺസിലർ ശ്രീമതി ബിനു അശോക് അധ്യക്ഷയായിരുന്നു. സിപിസിആർഐ കാസറഗോഡ് കേന്ദ്രം ഡയറക്ടർ ഡോ.അനിത കരുൺ മുഖ്യപ്രഭാഷണം നടത്തി. ആലപ്പുഴ കെവികെ മേധാവി ഡോ.പി മുരളീധരൻ ആശംസകൾ നേർന്നു. കോഴിക്കോട് സുഗന്ധവിള ഗവേഷണകേന്ദ്രം വിള ഉൽപാദന വിഭാഗം മുൻ മേധാവി ഡോ.ബി ചെമ്പകം നാളികേരത്തിന്റെ പോഷക മൂല്യവും ആരോഗ്യവും എന്ന വിഷയത്തെ കുറിച്ച് പ്രത്യേക പ്രഭാഷണം നടത്തി. ഗവേഷണ കേന്ദ്രത്തിലും കൃ

### നാളികേര വികസന ബോർഡിൽ പുതിയ മെംബർമാർ



ശ്രീ. സുരേഷ് ഗോപി എം. പി
(രാജ്യസഭ), ലക്ഷ്മി, ഡി-9, ടെംപിൾ റോഡ്,
ശാസ്തമംഗലം, തിരുവനന്തപുരം-695010,
ഫോൺ: 011-23722177




ശ്രീ. എസ്. വി. മുത്തുരാമലിംഗം,
2/110, ശിരുകലന്തൽ
പിഒ, കോയമ്പത്തൂർ, തമിഴ്നാട്.
ഫോൺ: 9443028441



ശ്രീ.രേണുകുമാർ ബിഎച്ച്,
ഹൽഗെഗൗഡ ബിഎസ്,
ബേനൂർ പിഒ, ഹസൻ, കർണ്ണാടക.
- 573115 ഫോൺ: 9945160661



ശ്രീ. ആർ ഇളങ്കോ.
നോർത്ത് സ്ട്രീറ്റ്, പനവയൽ,
പട്ടുകോട്ടൈ, തഞ്ചാവൂർ ജില്ല,
തമിഴ്നാട് ഫോൺ: 9486154309



ശ്രീ.പി രഘുനാഥ്,
അച്യുതം, മലാപ്പറമ്പ പിഒ,
കോഴിക്കോട്. ജില്ല-673009
ഫോൺ: 9447778755



ശ്രീ.അശ്വത്നാരായണ എച്ച് എൽ,
കതക് നമ്പർ 46 അന്നപുറ, ഹാലപ്പാളയ
പിഒ, തിപ്ത്തൂർ, കർണ്ണാടക - 572202
ഫോൺ: 6363067478


ഷി വിജ്ഞാന കേന്ദ്രത്തിലും വിവിധ പരീക്ഷണങ്ങൾക്കായി സംരക്ഷിച്ചു വരുന്ന വളംനന, പാരിസ്ഥിതിക എൻജിനിയറിംങ്, നാളികേര നഴ്സറി, കുള്ളൻ നാളികേരം മുതലായവയുടെ തോട്ടങ്ങളിൽ കൃഷിക്കാർ സന്ദർശനം നടത്തി.

വംശശുദ്ധി, ഉൽപാദനം, പരിപാലനം, സംസ്കരണ സാങ്കേതിക വിദ്യകൾ തുടങ്ങിയവ ഉൾപ്പെടെ നാളികേര മേഖലയെ കുറിച്ച് 20 പ്രഭാഷണ പരമ്പരയിലൂടെ നൽകിയ വിവരങ്ങൾ ഇപ്പോൾ സിപിസിആർഐയുടെ യൂട്യൂബ് ചാനലിൽ പൊതുജനങ്ങൾക്കു ലഭ്യമാണ്. ■ *തയാറാക്കിയത്: റെജി ജേക്കബ് തോമസ്, സിപിസിആർഐ, കായംകുളം*

## കണ്ണൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ ലോക നാളികേര ദിനം ആഘോഷിച്ചു

കണ്ണൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ സിപിസിആർഐയുടെ സഹകരണത്തോടെ ലോക നാളികേര ദിനം ആഘോഷിച്ചു. ഇതോടനുബന്ധിച്ച് സംയോജിത നാളികേര കൃഷി എന്ന വിഷയത്തെ കുറിച്ച് ഓൺലൈനിൽ കൃഷിപാഠശാലയും നടത്തി. വിവിധ നാളികേര ഉൽപാദക കമ്പനികളുടെ പ്രതിനിധികൾ അവരുടെ അനുഭവങ്ങൾ പാഠശാലയിലൂടെ പങ്കുവയ്ക്കുകയും ചെയ്തു.

ഓൺലൈനായി നടന്ന ചടങ്ങിന്റെ ഉദ്ഘാടനം കാർഷിക സർവകലാശാല വിജ്ഞാന വ്യാപന വിഭാഗം ഡയറക്ടർ ഡോ. ജയശ്രീ കൃഷ്ണമൂർത്തി നിർവഹിച്ചു. സിപിസിആർഐ (കായംകുളം) പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ. റെജി ജേക്കബ് തോമസ് മുഖ്യപ്രഭാഷണം നടത്തി. നാളികേര കൃഷി നേരിടുന്ന വെല്ലുവിളികളെയും ഭാവി പ്രതീക്ഷക



ളെയും കുറിച്ച് അദ്ദേഹം സംസാരിച്ചു. കാർഷിക വിനോദ സഞ്ചാരം ഉൾപ്പെടെ നാളികേര ഉൽപാദക സംഘങ്ങൾക്കു മുന്നിലുള്ള വൈവിധ്യമാർന്ന അവസരങ്ങളെ കുറിച്ചും ഡോ. റെജി വിശദീകരിച്ചു. കൃഷി, കർഷക ക്ഷേമ വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ ശ്രീമതി അജിമോൾ ഇ.കെ ആശംസകൾ നേർന്നു. ഒരു ജില്ലയ്ക്ക് ഒരു ഉൽപ്പന്നം എന്ന കേന്ദ്ര ഗവൺമെന്റിന്റെ നയം അനുസരിച്ച് വെളിച്ചെണ്ണയാണ് കണ്ണൂർ ജില്ലയ്ക്ക് ലഭിച്ചിരിക്കുന്ന ഉൽപ്പന്നം. നിലവിലുള്ള തെങ്ങുകൾക്ക് ആവശ്യമായ ശാസ്ത്രീയ പരിചരണം നൽകിയാൽ ഉൽപാദനക്ഷമതയും കൃഷിക്കാരുടെ വരുമാനവും ഉയരും. ഇതിനുള്ള ഇടപെടലുകൾ കൃഷിയിട പാഠശാലകൾ വഴി നടത്താനാണ് കെവികെ ഉദ്ദേശിക്കുന്നത്.

കോവിഡ് 19 ന്റെ പശ്ചാത്തലത്തിൽ നേരിട്ടുള്ള കൃഷിപാഠശാലകൾ സാധ്യമാകാത്തതിനാൽ തുടർന്ന് മാസത്തിൽ ഒന്നു വീതം ഓൺലൈൻ കൃഷിയിട പാഠശാലകൾ സംഘടിപ്പിക്കും. ചെറുപുഴ, പരിയാരം, ഇരിട്ടി നാളികേര കമ്പനികൾ വഴിയായിരിക്കും ഇവ സംഘടിപ്പിക്കുക. സൂക്ഷ്മ കാലാവസ്ഥവ്യതിയാനം, നഴ്സറി പരിപാലനം , സംയോജിത വളപ്രയോഗം, സംയോജിത കീട നിയന്ത്രണം, സംസ്കരണവും മൂല്യ വർധനവും, നാളികേര സേവനസേന രൂപീകരണം തുടങ്ങിയ വിഷയങ്ങളാവും പാഠശാലയിൽ ചർച്ച ചെയ്യുക.

# ലോകനാളികേരദിന ചിന്തകൾ

**ആർ. ജ്ഞാനദേവൻ**
ഡെ. ഡയറക്ടർ (റിട്ട.) നാളികേര വികസന ബോർഡ്

**ആഗോളതലത്തിൽ 2021 സെപ്റ്റംബർ 2, 23–ാമത് നാളികേര ദിനമായി ആഘോഷിച്ചു. നാളികേരം കൃഷി ചെയ്യുന്ന രാജ്യങ്ങളുടെ രാജ്യാന്തര സംഘടനയായ ഐസിസി (ഇന്റർനാഷണൽ കോക്കനട്ട് കമ്യൂണിറ്റി) യുടെ ആഹ്വാന പ്രകാരമാണ് എല്ലാ വർഷവും കൽപ്പവൃക്ഷമായ നാളികേരത്തിനു വേണ്ടി ഒരു ദിനം ആചരിക്കുന്നത്. നാളികേര ദിനത്തോടനുബന്ധിച്ച് ചർച്ച ചെയ്യുന്നതിന് ഐസിസി ഈ വർഷം നൽകിയ പ്രമേയം കോവിഡ് 19 മഹാമാരിക്കിടയിലും തുടർന്നും സുരക്ഷിതവും സുസ്ഥിരവുമായ നാളികേര സമൂഹം എന്നതായിരുന്നു. .ഈ പ്രമേയത്തിന്റെ ആനുകാലിക പ്രസക്തി അപഗ്രഥിക്കുന്ന ലേഖനം.**

കഴിഞ്ഞ 23 വർഷമായി ഇന്റർ നാഷണൽ കോക്കനട്ട് കമ്യൂണിറ്റിയുടെ (ഐ.സി.സി.)ആഹ്വാനപ്രകാരം സെപ്റ്റംബർ 2 ലോക നാളികേര ദിനമായി ആചരിക്കുകയും പ്രസ്തുത ദിനത്തിൽ നാളികേരവുമായി ബന്ധപ്പെട്ട ഒരു കാലിക വിഷയം തെരഞ്ഞെടുത്ത് അതിന്റെ വിവിധ വശങ്ങൾ ലോകമെമ്പാടുമുള്ള നാളികേര സമൂഹം ചർച്ച ചെയ്യുകയും ചെയ്യുന്നു. മനുഷ്യന് ഏറ്റവും ഉപയോഗപ്രദമായ ഈ വൃക്ഷ വിളയുടെ അനന്ത സാദ്ധ്യതകളെക്കുറിച്ചും പ്രാധാന്യത്തെക്കുറിച്ചും ലോക ജനതയെ ഓർമ്മിപ്പിക്കുക എന്ന ഉദ്ദേശ്യത്തോടെയാണ് ഈ വിളയ്ക്കു വേണ്ടി ഒരു ദിവസം മാറ്റി വച്ചിരിക്കുന്നത്. അതായത് മനുഷ്യന് ആരോഗ്യത്തോടെ ജീവിക്കാൻ നാളികേരം എത്രത്തോളം ഉപകരിക്കുന്നു എന്ന് പുതിയ തലമുറയ്ക്ക് അവബോധം നൽകുക, അതു വഴി ഈ വിളയെ ഇഷ്ടപ്പെടുവാനും സ്നേഹിക്കുവാനും അവരെ പ്രേരിപ്പിക്കുക. അങ്ങനെ നാളികേര മേഖലയുടെ സമഗ്രമായ വികസനം സാദ്ധ്യമാക്കുക എന്നതാണ് നാളികേരദിനത്തിന്റെ ആത്യന്തിക ലക്ഷ്യം.

ഈ വർഷം 23-ാം ലോക നാളികേര ദിനത്തിൽ ചർച്ച ചെയ്യാൻ ഐ.സി.സി. നൽകിയ വിഷയം കോവിഡ് 19 മഹാമാരിക്കിടയിലും തുടർന്നും സുരക്ഷിതവും സുസ്ഥിരവുമായ നാളികേര സമൂഹം എന്നതാണ്. കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ നാളികേരത്തിൽ നിന്നുള്ള പ്രാഥമിക ഉൽപ്പന്നമായ വെളിച്ചെണ്ണയുടെ, പ്രത്യേകിച്ച് വെർജിൻ വെളിച്ചെണ്ണയുടെ വൈറസ് നീർവീര്യശേഷിയെ കുറിച്ച് ലോകമെമ്പാടും ആരോഗ്യ മേഖലയിൽ ചർച്ചയായിരിക്കുകയാണ്. വെളിച്ചെണ്ണയിൽ വലിയ അളവിൽ അടങ്ങിയിരിക്കുന്ന ലോറിക് ആസിഡിനും, കാപ്രിക് ആസിഡിനും അതിൽ നിന്നുള്ള ഉൽപന്നങ്ങളായ മോണോ ലോറിൻ, സോഡിയം ലോറയിൻ സൾഫേറ്റ്, മോണോ കാപ്രിൻ എന്നിവയ്ക്കും മികച്ച വൈറസ് നശീകരണശേഷി ഉള്ളതായി ഗവേഷകർ ചൂണ്ടിക്കാണിക്കുന്നു.

വെളിച്ചെണ്ണയിൽ 50 ശതമാനത്തോളം ലോറിക് ആസിഡും, 7 ശതമാനം കാപ്രിക് ആസിഡും അടങ്ങിയിട്ടുണ്ട്. ഇവയ്ക്ക് മൃഗങ്ങളിലും മനുഷ്യരിലും രോഗങ്ങൾ വരുത്തുന്ന പല വൈറസുകളെയും നശിപ്പിക്കാനുള്ള ശേഷിയുണ്ടെന്ന് പല പഠനങ്ങളും കണ്ടെത്തിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ കോവിഡ് 19 വൈറസിനെതിരെ പ്രവർത്തിക്കാൻ വെർജിൻ വെളിച്ചെണ്ണയ്ക്ക് കഴിവുണ്ടോ എന്ന് പഠനങ്ങൾ തുടങ്ങിയിട്ടുണ്ട്.

ഇന്തോനേഷ്യയിലെ തെരഞ്ഞെടുത്ത നാല് ആശുപത്രികളിൽ കോവിഡ് 19 രോഗികളിൽ പരീക്ഷണാടിസ്ഥാനത്തിൽ നടത്തിയ പഠനത്തിൽ രോഗം മൂർഛിക്കുന്നത് നടയാൻ വെർജിൻ വെളിച്ചെണ്ണയ്ക്ക് കഴിയുമെന്ന് സൂചന ലഭിച്ചിട്ടുണ്ട്. നളികേര മേഖലയിൽ ഇതു വലിയ പ്രതീക്ഷയുണർത്തുന്നു. കൂടുതൽ പഠനങ്ങൾ ഈ ദിശയിൽ നടത്തേണ്ടിയിരിക്കുന്നു. ഏതായാലും വെളിച്ചെണ്ണയും നാളികേരവും ഭക്ഷ്യാവശ്യങ്ങൾക്കായി ഏറ്റവും കൂടുതൽ ഉപയോഗിക്കുന്ന കേരളത്തിലും ശ്രീലങ്കയിലും ഇന്തോനേഷ്യയിലുമെല്ലാം കോവിഡ് മൂലമുള്ള മരണ നിരക്കിനെക്കുറിച്ചും രോഗപ്രതിരോധ ശേഷിയെക്കുറിച്ചും വിശദമായ ഗവേഷണ പഠനങ്ങൾ നടത്തേണ്ടിയിരിക്കുന്നു.

ഈ അവസരത്തിൽ നമുക്ക് ഗുണകരമായ മറ്റൊരു കാര്യം വെളിച്ചെണ്ണയെ ഭക്ഷ്യ എണ്ണയായി മാത്രം കാണാതെ വ്യവസായിക എണ്ണയായി കൂടി പരിഗണിച്ച് അതിന്റെ മൂല്യവർദ്ധന സാദ്ധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുക എന്നതാണ്. അതായത് വെളിച്ചെണ്ണയിൽ നിന്ന് മൂല്യ വർദ്ധിത ഉൽപന്നങ്ങളായ പ്രകൃതിദത്ത ഒലിയോ കെമിക്കൽസ് വ്യാവസായിക അടിസ്ഥാനത്തിൽ ഉൽപാദിപ്പിക്കുവാനുള്ള സാദ്ധ്യതകൾ ഏറെയാണ്. നാം ഇതുവരെ വേണ്ടത്ര ഇതു പ്രയോജനപ്പെടുത്തിയിട്ടില്ല. ഇപ്രകാരം വെളിച്ചെണ്ണയുടെ മൂല്യം ഇരട്ടിപ്പിക്കാവുന്നതാണ്. ലോകത്തിൽ തെങ്ങു കൃഷി ചെയ്യുന്ന മറ്റു പ്രധാന രാജ്യങ്ങളായ ഫിലിപ്പൈൻസും, ഇന്തോനേഷ്യയും മലേഷ്യയുമൊക്കെ ഇതിനകം വെളിച്ചെണ്ണ അധിഷ്ഠിത ഒലിയോ കെമിക്കൽ പ്ലാന്റുകൾ സ്ഥാപിച്ച് വിവിധ തരം കൊക്കോ കെമിക്കൽസ് അഥവാ മൂല്യവർദ്ധിത ഉൽപന്നങ്ങൾ നിർമ്മിച്ച് വിപണനം നടത്തിവരുന്നു. ഇന്ത്യയിൽ ഇതു വരെ വ്യാവസായികാടിസ്ഥാനത്തിൽ കൊക്കോ കെമിക്കൽസ് നിർമ്മിക്കുന്നതിനുള്ള വലിയ പ്ലാന്റുകളൊന്നും സ്ഥാപിക്കപ്പെട്ടിട്ടില്ല. ഇതിന് പ്രധാന കാരണം മിതമായ വിലയ്ക്ക് വൻ തോതിൽ സ്ഥിരമായി വെളിച്ചെണ്ണ ലഭിക്കുന്നില്ല എന്നതാണ്.

അന്താരാഷ്ട്ര വിപണിയിലേക്കാൾ വില വളരെ ഉയർന്നു നിൽക്കുന്നതിനാലും, ആഭ്യന്തര വിപണിയിൽ ആവശ്യകത കൂടുതലുള്ളതിനാലും പ്രസ്തുത മൂല്യ വർദ്ധനവിനെക്കുറിച്ച് ഇതുവരെ നാം കൂടുതൽ ചിന്തിച്ചിട്ടില്ല. എന്നാൽ ക്രൂഡ് വെളിച്ചെണ്ണ കുറഞ്ഞ വിലയ്ക്ക് ഇറക്കുമതി ചെയ്ത് വിവിധ ഒലിയോകെമിക്കൽസ് ഉൽപന്നങ്ങൾ നിർമ്മിച്ച് അന്താരാഷ്ട്ര വിപണികളിലും ആഭ്യന്തര വിപണിയിലും വിറ്റഴിക്കുന്ന പല രാജ്യങ്ങളുമുണ്ട്. ഈ മൂല്യ വർദ്ധനയുടെ പ്രയോജനം ഇറക്കുമതി രാജ്യങ്ങൾക്കും ലഭിക്കുന്നു. ഈ രീതിയിലും

ഭാവിയിൽ ഈ മേഖലയിൽ വലിയ സാദ്ധ്യതകളാണ് ഉള്ളത്. വെളിച്ചെണ്ണയിൽ കൂടിയ തോതിൽ അടങ്ങി ഇരിക്കുന്ന ലോറിക് ആസിഡും, അതിന്റെ ഡെറിവേറ്റിവ്സായ മോണോ ലോറിനും, സോഡിയം ലോറയിൽ സൾഫേറ്റും, അതുപോലെ തന്നെ കാപ്രിക് ആസിഡും, മോണോ കാപ്രിൻ തുടങ്ങിയ മോണോ ഗ്ളിസറൈഡും ഫാറ്റി ആൽക്കഹോളും, ട്രൈ ഗ്ളിസറൈഡുകളും മറ്റും 99 ശതമാനം ശുദ്ധിയിൽ വേർതിരിച്ചെടുത്താൽ ഫാർമസ്യൂട്ടിക്കൽ മേഖലയിലും, ഡിറ്റർജന്റ് നിർമ്മാണ മേഖലയിലും ഇവയ്ക്ക് ആവശ്യകത ഏറെയാണ്. വരും കാലങ്ങളിൽ ഇന്ത്യയിൽ ഈ മേഖലയിൽ വൻ നിക്ഷേപ സാദ്ധ്യതയാണുള്ളത്.

ഇരുപത്തിമൂന്നാം ലോക നാളികേര ദിനാഘോഷം കഴിഞ്ഞിരിക്കുന്ന ഈ അവസരത്തിൽ നമ്മുടെ കൽപവൃക്ഷത്തിന്റെ പ്രാധാന്യം ഉൾക്കൊണ്ട് ഈ വിളയെ നട്ടു വളർത്തുവാനും പരിപാലിക്കുവാനും കൂടുതൽ ശ്രദ്ധിക്കണം. കൂടാതെ നമ്മുടെ നാടിന്റെ നന്മയുടെ പ്രതീകമായ തെങ്ങിനെ സ്നേഹിക്കുവാനും നാളികേര ഉൽപന്നങ്ങൾ ഭക്ഷണ ശീലമാക്കി കോവിഡ് മഹാമാരിക്കിടയിലും തുടർന്നും സുസ്ഥിരവും സുരക്ഷിതവുമായ ഒരു നാളികേര സമൂഹം കെട്ടിപ്പടുക്കാനും ഈ 23-ാം ലോക നാളികേര ദിനാചരണം പ്രചോദനമാകട്ടെ.

*ഫോൺ: 9446054597*

## ഏജന്റുമാരെ ആവശ്യമുണ്ട്

| | *വാർഷിക വരിസംഖ്യ* | *ആയുഷ്കാല വരിസംഖ്യ (30 വർഷത്തേക്ക്)* |
|---|---|---|
| 1. **ഇൻഡ്യൻ കോക്കനട്ട് ജേണൽ** (മാസിക - ഇംഗ്ലീഷ്) | 60 ക. | 1600 ക. |
| സ്ഥാപനങ്ങൾക്കും ലൈബ്രറികൾക്കും | 200 ക. | 5000 ക. |
| 2. **ഇൻഡ്യൻ നാളികേര ജേണൽ** (മാസിക - മലയാളം) | 40 ക. | 1000 ക. |
| 3. **ഭാരതീയ നാരിയൽ പത്രിക** (ത്രൈമാസികം - ഹിന്ദി) | 40 ക. | 1000 ക. |
| 4. **ഭാരതീയ തെങ്ങു പത്രിക** (ത്രൈമാസികം - കന്നഡ) | 40 ക. | 1000 ക. |
| 5. **ഇന്തിയ തെന്നൈ ഇതൾ** (ത്രൈമാസികം - തമിഴ്) | 40 ക. | 1000 ക. |

*ശാസ്ത്രീയ തെങ്ങുകൃഷി, നാളികേര സംസ്കരണ-വിപണന രീതികൾ, വിവിധ കേരോല്പന്നങ്ങളുടെ ഉപയോഗങ്ങൾ മുതലായവയെപ്പറ്റി പ്രതിപാദിക്കുന്ന മേൽപറഞ്ഞ ജേണലുകൾക്ക് വാർഷിക വരിക്കാരെ ചേർക്കുന്നതിന് കമ്മീഷൻ വ്യവസ്ഥയിൽ ഏജന്റുമാരെ ആവശ്യമുണ്ട്. 10 വരിക്കാരെ ചേർത്ത് ഏജന്റാകാം. ഏജന്റിന് 25 ശതമാനം കമ്മീഷൻ ലഭിക്കും.*

**ഏജൻസി തുടരുന്നതിന് ഓരോ സാമ്പത്തിക വർഷവും കുറഞ്ഞത് 10 പേരെയെങ്കിലും ഒറ്റത്തവണയായി ചേർക്കേണ്ടതുണ്ട്.**

**വരിക്കാരുടെ മേൽവിലാസത്തിൽ പിൻകോഡ് എഴുതിയിരിക്കണം**

*കൂടുതൽ വിവരങ്ങൾക്കും ഏജൻസി വ്യവസ്ഥകൾക്കും*
*താഴെ കാണുന്ന വിലാസത്തിൽ അപേക്ഷിക്കുക.*

**ചെയർമാൻ, നാളികേര വികസന ബോർഡ്, കേരഭവൻ, കൊച്ചി - 682 011.**

**ഇന്ത്യൻ നാളികേര ജേണൽ- ഏജൻസി അപേക്ഷാ ഫാറം**

| | | | |
|---|---|---|---|
| 1. പേര് | | | |
| 2. മേൽവിലാസം | | | |
| 3. തൊഴിൽ | | മൊബൈൽ നമ്പർ: | |
| 4. വരിക്കാരുടെ എണ്ണം | | 5. അയക്കുന്ന തുക | |
| 6. പണം അയക്കുന്ന രീതി | മണി ഓർഡർ | ഡ്രാഫ്റ്റ് | |

ബോർഡ് നിശ്ചയിക്കുന്ന കാലാനുസൃതമായ വ്യവസ്ഥകൾ പാലിച്ചുകൊള്ളാം എന്ന് ഞാൻ സമ്മതിക്കുന്നു.
തിയതി : ഒപ്പ്:

*വരിക്കാരുടെ വിലാസം പ്രത്യേകം ഷീറ്റിൽ അപേക്ഷയോടൊപ്പം അയക്കണം. *വിലാസങ്ങൾ വ്യക്തമായി എഴുതിയിരിക്കണം. അതിൽ വരിക്കാരന്റെ പേര്, വീട്ടുപേര്, പോസ്റ്റ്, പിൻകോഡ്, ജില്ല, മൊബൈൽ നമ്പർ എന്നിവ നിർബന്ധമായും ഉണ്ടായിരിക്കണം. *ഇന്ത്യൻ നാളികേര ജേണൽ (മലയാളം) മാസികയുടെ വാർഷിക വരിസംഖ്യ 40 രൂപയും ആയുഷ്കാല വരിസംഖ്യ 1000 രൂപയുമാണ്. *പത്തോ, അതിലധികമോ വരിക്കാരെ ചേർക്കുന്നവർ 25 ശതമാനം കമ്മീഷൻ കിഴിച്ച ശേഷം ബാക്കി തുക മണി ഓർഡർ/ ഡ്രാഫ്റ്റ് എന്നീ മാർഗ്ഗങ്ങളിൽ അയക്കാവുന്നതാണ്. ഏജൻസി തുടരുന്നതിന് ഓരോ സാമ്പത്തിക വർഷവും കുറഞ്ഞത് 10 പേരെയെങ്കിലും ഒറ്റത്തവണയായി ചേർക്കേണ്ടതുണ്ട്. ***മണിഓർഡർ/ഡ്രാഫ്റ്റ് അയക്കേണ്ട വിലാസം: ചെയർമാൻ, നാളികേര വികസന ബോർഡ്, കേരഭവൻ, എസ്ആർവി റോഡ്, കൊച്ചി - 682 011.**

# സി.പി.സി.ആർ.ഐ.യുടെ സാങ്കേതികവിദ്യ; കർഷകരുടെ പരിശോധന ശാല

**അനിത കുമാരി.പി., അൽക്ക ഗുപ്ത*, ഇന്ദുജ.എസ്, മെറിൻ ബാബു, സ്റ്റെഫിൻ സ്രാമ്പിക്കൽ**
സി.പി.സി.ആർ.ഐ. കായംകുളം (*സി.പി.സി.ആർ.ഐ. കാസറഗോഡ്)

കേരളത്തെ സംബന്ധിച്ചിടത്തോളം വീട്ടുവളപ്പിലെ ആദായ വിള തെങ്ങും, അടുക്കളയിലെ രുചി രാജാവു തേങ്ങയും തന്നെ! തെങ്ങ് കൃഷിയിൽ നിന്നുള്ള ആദായവും ഗുണമേന്മയുള്ള വിളവും സുസ്ഥിരമാക്കാൻ നിരവധി സാങ്കേതിക വിദ്യകൾ ഗവേഷകർ രൂപപ്പെടുത്തുന്നുണ്ട്. ഇവ കർഷക സമൂഹത്തിൽ കാലതാമസമില്ലാതെ എത്തുന്നതിനും സുഗമമായി അനുവർത്തിക്കുന്നതിനും തടസ്സമില്ലാതെ സാധിക്കുന്നുണ്ടോ എന്ന് വിശകലനം ചെയ്താൽ അത്ര തൃപ്തികരമാകില്ല വിലയിരുത്തൽ. ഗുണമേന്മ ഉറപ്പാക്കിയ നിർണ്ണായക നിവേശങ്ങളും അവയെ കുറിച്ചുള്ള ശാസ്ത്രീയ വിവരങ്ങളും സമയത്തിന് ലഭ്യമാകാത്തതും ഇതിനു പ്രധാന കാരണങ്ങളാണെന്ന് കാണാം. കാർഷിക ഗവേഷണം അർത്ഥപൂർണമാകുന്നത് അവ കൃഷിയിടങ്ങളിൽ യഥാവിധി അനുവർത്തിച്ച് സമൂഹത്തിന് ഭക്ഷ്യ സുരക്ഷയും കർഷകന് ജീവനവും കൈവരുമ്പോഴാണല്ലോ! തെങ്ങും തെങ്ങധിഷ്ഠിത കൃഷി സമ്പ്രദായങ്ങളും ഈ ലക്ഷ്യം കൈവരിക്കുന്നതിൽ വലിയ പങ്കാണ് വഹിക്കുന്നത്. നാളികേര ഗവേഷണം സപര്യയാക്കി, നൂറ്റാണ്ട് താണ്ടിയ, ദേശീയ കാർഷിക ഗവേഷണ കൗൺസിൽ കേന്ദ്ര സ്ഥാപനമാണ് സി.പി. സി.ആർ.ഐ അഥവാ കേന്ദ്ര തോട്ടവിള ഗവേഷണ സ്ഥാപനം. 'കേര പ്രോബയോ' എന്ന സൂക്ഷ്മ ജീവാണു മിശ്രിതം സി.പി. സി.ആർ.ഐ തെങ്ങുകൾക്കു വേണ്ടി രൂപപ്പെടുത്തിയ ലളിതമായ സാങ്കേതിക വിദ്യയാണ്. സങ്കേതിക വിദ്യ വ്യാപനത്തിന് കർഷക സമൂഹവും ഗവേഷണ സ്ഥാപനവും കൈകോർത്ത മികവുറ്റ ഉദാഹരണമാണ് ഭാരതീയ കാർഷിക ഗവേഷണ കൗൺസിലിന്റെ വേറിട്ട പദ്ധതിയായ 'ഫാർമാർ ഫസ്റ്റ് പ്രോഗ്രാ'മിലൂടെ സി.പി. സി.ആർ.ഐ മുന്നോട്ട് വയ്ക്കുന്നത്.

## എന്താണ് കേരപ്രോബയോ ?

- ഭാരതീയ കാർഷിക ഗവേഷണ കൗൺസിൽ – കേന്ദ്ര തോട്ടവിള ഗവേഷണ സ്ഥാപനം വികസിപ്പിച്ചെടുത്ത ടാൽക്കമധിഷ്ഠിത ജൈവ സൂക്ഷ്മ ജീവി മിശ്രിതം ആണ് കല്പകം കേര പ്രോബയോ എന്ന നാമധേയത്തിൽ കർഷകരിലെത്തുന്നത്.
- ബാസില്ലസ് മേഗറ്റീരിയം ആണ് കേര പ്രോബയോ. തെങ്ങിൻ തടങ്ങളിൽ നിന്നും വേർതിരിച്ചെടുത്തതും സസ്യ വളർച്ചയെ ത്വരിതപ്പെടുത്താൻ ശേഷിയുള്ളതുമാണ് ഇവ.
- സസ്യവളർച്ചയെ നേരിട്ട് ത്വരിതപ്പെടുത്തുന്ന ഓക്സിനുകൾ, ജിബ്ബർല്ലിനുകൾ എന്നിവ ഉത്പാദിക്കുന്നത് കൂടാതെ മണ്ണിലെ രോഗകാരികളെ അമർച്ച ചെയ്യാനും ശേഷിയുണ്ട് ഈ സൂക്ഷ്മ ജീവികൾക്ക്.
- തെങ്ങിൻ തൈകളുടെ കരുത്തുറ്റ വളർച്ചയ്ക്കും, തക്കാളി, വഴുതന, മുളക്, മറ്റ് പച്ചക്കറികൾ എന്നിവയുടെ വളർച്ചയ്ക്കും വിളവിനും കേരപ്രോബയോയുടെ ഉപയോഗം സഹായകമാണെന്ന് ഗവേഷണത്തീലൂടെ തെളിയിക്കപ്പെട്ടിട്ടുണ്ട്.

## കേരപ്രോബയോയുടെ ഉപയോഗക്രമം

ലളിതവും മികച്ചതുമാണ് കേരപ്രോബയോയുടെ ഉപയോഗ രീതി. ആദ്യം തെങ്ങിൻ തൈകൾക്ക് എങ്ങിനെ ഉപയോഗിക്കണം എന്ന് നോക്കാം.



● രീതി 1 : 100 ഗ്രാം കേര പ്രോബയോ 3 മുതൽ 5 കിലോ മണ്ണിര കമ്പോസ്റ്റ് അല്ലെങ്കിൽ ചാണകപ്പൊടിയോടൊപ്പം ചേർത്ത് തൈ നടുക.

● രീതി 2 : 500 ഗ്രാം കേരപ്രോബയോ 5 ലിറ്റർ വെള്ളത്തിൽ കലക്കുക. ഈ ലായനിയിൽ നടാനായി ഉപയോഗിക്കുന്ന തെങ്ങിൻ തൈകൾ 8 മുതൽ 10 മണിക്കൂർ മുക്കി വയ്ക്കണം. പിന്നീട് മണ്ണിരകമ്പോസ്റ്റോ ചാണകപ്പൊടിയോ, ചേർത്ത് നടാവുന്നതാണ്.

## ബൂസ്റ്റർ ഡോസ് മറക്കണ്ട

തെങ്ങിൻ തൈകൾ നട്ട് മൂന്ന് മാസത്തിന് ശേഷം കേര പ്രോബയോയുടെ ഒരു ബൂസ്റ്റർ ഡോസ് കൂടി നൽകണം. ഇതിനായി 500 ഗ്രാം കേര പ്രോബയോ 5 ലിറ്റർ വെള്ളത്തിൽ കലക്കി അര ലിറ്റർ വീതം ഓരോ തൈകൾക്കും നൽകുക. ഒപ്പം മണ്ണിര കമ്പോസ്റ്റോ ചാണകപ്പൊടിയോ നൽകാനും ശ്രദ്ധിക്കണം.

## കേര പ്രോബയോ പച്ചക്കറികൾക്കും

രണ്ട് കിലോ കേരപ്രോബയോ ടാൽക്ക് മിശ്രിതം 50 കിലോഗ്രാം മണ്ണിര കമ്പോസ്റ്റോ ചാണകപ്പൊടിയിലോ കലർത്തി ഒരേക്കറിലെ പച്ചക്കറി കൃഷിയ്ക്ക് ഉപയോഗിക്കാം. തെങ്ങിൻ തൈകൾ നട്ട് ആദ്യ 8 വർഷം വരെ ഇടവിളയായി കൃഷി ചെയ്യാവുന്ന പച്ചക്കറി വിളകൾക്ക് കേരപ്രോബയോ പ്രയോജനപ്പെടുത്താം, ജൈവ കർഷകർക്ക് തങ്ങളുടെ കൃഷിയിൽ ട്രൈക്കോഡെർമയോടൊപ്പം പൊരുത്തപ്പെടുന്ന കേരപ്രോബയോ ഒന്നിച്ചുപയോഗിക്കാമെന്ന മെച്ചവുമുണ്ട്.

## ശ്രദ്ധിക്കാൻ ചില കൊച്ചു കാര്യങ്ങൾ

● കേരപ്രോബയോയുടെ പായ്ക്കറ്റ് ഇളം തണുപ്പുള്ള ഉണങ്ങിയതും സൂര്യപ്രകാശം നേരിട്ടേൽക്കാത്തതുമായ സ്ഥലങ്ങളിൽ സൂക്ഷിക്കുക

● ഈ ടാൽക്കമധിഷ്ഠിത സൂക്ഷ്മ ജീവി മിശ്രിതം മണ്ണിരകമ്പോസ്റ്റോ ചാണകപ്പൊടിയോ ചേർത്തു മാത്രം ഉപയോഗിക്കുക. വെറുതെ മണ്ണിലേക്കിട്ട് അശ്രദ്ധയോടെ ഉപയോഗിക്കരുത്.

● സൂക്ഷ്മ ജീവികൾക്കും ഭക്ഷണവും വായുവും ജലാംശവും ഒക്കെ ആവശ്യമുണ്ടെന്ന് നമുക്കറിയാം. അതിനാൽ ജൈവാംശം ചേർക്കുന്നതിനൊപ്പം ശ്രദ്ധിക്കേണ്ടത് നനവാണ്. അതായത് മണ്ണിൽ ചേർക്കുന്നതിന് മുൻപോ ചേർത്തതിന് ശേഷമോ നനച്ചു കൊടുക്കണം. തുടർന്നു പുതയിട്ട് കൊടുത്തു നനവ് നിലനിർത്തുന്നതിന് കരുതലുണ്ടാകണം.

● കേരപ്രോബയോ ഉപയോഗിച്ച് ഒരാഴ്ചയ്ക്ക് ശേഷം മാത്രം രാസവസ്തുക്കൾ ഏതും പ്രയോഗിക്കാവൂ. ഉദാഹരണത്തിന് രാസവളങ്ങൾ, കീടനാശിനികൾ മുതലായവ.

● കാലാവധി അഥവാ എക്സ്പയറി ഡേറ്റ് നാമെല്ലാം വിപണിയിലെ പായ്ക്കറ്റുകളിൽ നോക്കാറുണ്ടല്ലോ. കേര പ്രോബയോയും കാലാവധി തീരുന്നതിന് മുൻപ് ഉപയോഗിച്ചിരിക്കണം.

## വ്യാപനത്തിനും അനുവർത്തനത്തിനും കർഷക പിന്തുണ

കാർഷിക സാങ്കേതിക വിദ്യകളുടെ വ്യാപനം,സമൂഹത്തിന്റെ പിന്തുണയോടെ ആകുമ്പോൾ കൂടുതൽ ഉത്തരവാദിത്വത്തോടെയും പരസ്പര പൂരണത്തിലൂടെയും അനുഗുണമാകുന്നു. 'ഫാർമാർ ഫസ്റ്റ് പ്രോഗ്രാ'മിന്റെ ഭാഗമായി പത്തിയൂർ പഞ്ചായത്തിലെ കർഷകരുടെ കൂട്ടായ്മയായി 'ഓടനാട് ഫാർമാർ പ്രൊഡ്യൂസർ കമ്പനി ലി. 'നബാർഡിന്റെ സഹായത്തോടെ രൂപീകരിച്ചിട്ടുണ്ട്. കമ്പനി സി.പി.സി.ആർ.ഐ. യുമായി കരാറിൽ ഒപ്പിട്ട് കൊണ്ട് കേരപ്രോബയോയുടെ ഉത്പാദന സാങ്കേതിക വിദ്യ, നിശ്ചിത ഫീസ് നൽകി, ഫാർമാർ ഫസ്റ്റ് പ്രോഗ്രാമിൽ നിന്നും ഏറ്റെടുത്തു. ഇതിനായി അവർക്ക് കാസറഗോഡ് സി.പി.സി.ആർ.ഐ.യിൽ പ്രായോഗികവും ശാസ്ത്രീയവുമായ പരിശീലനം നൽകുകയുണ്ടായി. പരിശീലനം ലഭിച്ച യുവകർഷകർ വളരെ ആത്മവിശ്വാസത്തോടെ കേര പ്രോബയോ ഉത്പാദനം ശാസ്ത്രാധിഷ്ഠിത സംരംഭമാക്കുന്നതിന്റെ ഭാഗമായി. തുടക്കത്തിൽ കേര പ്രോബയോ പത്തിയൂർ 19 -ാം വാർഡിൽ ആരംഭിച്ചെങ്കിലും പിന്നീട് ലബോറട്ടറി ഓടനാട് കർഷക ഉത്പാദക കമ്പനിയുടെ ഓഫീസിനോടനുബന്ധിച്ചുള്ള കെട്ടിടത്തിലേക്ക് മാറ്റുകയും 'കല്പകം കേര പ്രോബയോ' എന്ന ബ്രാൻഡിൽ ഉത്പാദനം ആരംഭിക്കുകയും ചെയ്തു. ശാസ്ത്രീയ ഉത്പാദനത്തിന്റെ പ്രക്രിയകളിൽ കായകുളം സി.പി.സി.ആർ.ഐ.യിലെ ശാസ്ത്രജ്ഞരുടെ മേൽനോട്ടവും ഗുണനിലവാര വിലയിരുത്തലും നടക്കുന്നുണ്ട്. ലബോറട്ടറിയിൽ പാലിക്കേണ്ട ശുചിത്വ ഗുണനിലവാരങ്ങൾ പൂർണമായും പാലിച്ചുചെയ്യുന്നതിനുള്ള വിവിധ ഉപകരണങ്ങളും ഇവിടെ സജ്ജമാക്കിട്ടുണ്ട്. ലാമിനാർ എയർ ഫ്ളോ സജ്ജീകരണം, ഫ്ളാസ്കുകൾ, പ്രഷർ കുക്കറുകൾ, ടെസ്റ്റ് ട്യൂബുകൾ, സ്പിരിറ്റ് ലാംപ് സ്റ്റൗകൾ തുടങ്ങി വിവിധ ലബോറട്ടറി സൗകര്യങ്ങൾ കൂടാതെ സുരക്ഷയ്ക്കുള്ള ,സംവിധാനങ്ങളും ഈ കൊച്ചു ലാബിന്റെ ഭാഗമായിട്ടുണ്ട്.





## കല്പകം കേര പ്രോബയോ : വിലയും ലഭ്യതയും

കേര പ്രോബയോ കിലോഗ്രാമിന് ഇപ്പോൾ 100 രൂപയാണ് വില. ഈ ടാൽക്കമധിഷ്ഠിത സൂക്ഷ്മജീവി മിശ്രിതത്തിന് ആറുമാസം വരെ സൂക്ഷിപ്പ് കാലാവധിയുണ്ട്. വിവിധ ജില്ലകളിൽ നിന്നും കർഷകർ 'കല്പകം കേര പ്രോബയോ' ആവശ്യപ്പെടുകയും പ്രയോജനം വിശദമാക്കുകയും ചെയ്തിട്ടുണ്ട്. കർഷകർക്ക് അവരുടെ സ്ഥലങ്ങളിൽ ആവശ്യാനുസാരണം കേര പ്രോബയോ പാർസലായി അയച്ചു കൊടുക്കുന്നതാണ്. ഇതിനായി 9037527242 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെട്ടാൽ മതിയാകും. വിലയും പാർസൽ ചാർജും ഓൺലൈനായോ ബാങ്ക് ട്രാൻസ്ഫർ വഴിയോ ഓടനാട് കർഷക ഉത്പാദക കമ്പനി സ്വീകരിക്കുന്നതാണ്. ഈ സൗകര്യം വ്യക്തിപരമായോ ഗ്രൂപ്പടിസ്ഥാനത്തിലോ പ്രയോജനപ്പെടുത്താവുന്നതും, സി.പി. സി.ആർ.ഐ.യുടെ ഈ ജൈവ ഉത്പന്നം കൃഷിയിടങ്ങളിൽ പ്രയോഗിച്ച് തെങ്ങിൻ തൈകൾ പൂർവ്വാധികം നന്നായി പരിപാലിക്കുകയും ഗുണഫലങ്ങൾ മണ്ണിലും സസ്യങ്ങളിലും തിരിച്ചറിയുകയും ചെയ്യുക. കല്പകം കേര പ്രോബയോ കർഷകരുടെയും ഉത്പന്നമാണ്, ഗവേഷകരും കർഷകരും കൈകോർക്കുമ്പോഴുള്ള വിജയ മികവും വിശ്വാസ്യതയും ഈ ജൈവ ഉത്പന്നത്തിനുണ്ട്. *ഫോൺ: 9387160570* ■

# കേര കൃഷിയിൽ പോഷക മൂലകങ്ങളുടെ അപര്യാപ്തതയും പരിഹാര മാർഗ്ഗങ്ങളും

**ജീനാ മാത്യു, അബ്ദുൾ ഹാരിസ്,**
സി.പി.സി.ആർ.ഐ പ്രാദേശിക കേന്ദ്രം, കായംകുളം

കൽപ വൃക്ഷമായ നാളികേരം നമ്മുടെ ദൈനംദിന ജീവിതത്തിലെ അവിഭാജ്യ ഘടകമാണ്. ദീർഘ കാല വൃക്ഷ വിളയായതിനാൽ അത് മണ്ണിൽ നിന്നും, ധാരാളം പോഷകമൂലകങ്ങൾ വലിച്ചെടുക്കുന്നു. മാത്രമല്ല, തെങ്ങിന്റെ ഓരോ ഭാഗങ്ങളും മനുഷ്യോപയോഗ യോഗ്യമായതിനാൽ, ആ ഭാഗങ്ങളിൽ സംഭരിച്ചു വച്ചിരിക്കുന്ന പോഷകങ്ങൾ ഒന്നും മണ്ണിലേക്ക് തിരികെയെത്തുന്നുമില്ല. ഈ കാരണത്താൽ ചിട്ടയായ പോഷക പരിപാലന മാർഗ്ഗങ്ങൾ കേര കൃഷിയിൽ അവലംബിക്കേണ്ടതാണ്. അല്ലാത്ത പക്ഷം വിവിധ പോഷക മൂലകങ്ങളുടെ അഭാവം തെങ്ങിലുണ്ടാകുവാൻ ഇടയുണ്ട്.

പ്രപഞ്ചത്തിലെ എല്ലാ സസ്യങ്ങളുടെ വളർച്ചയ്ക്കും ഉത്പാദനത്തിനും 17 അവശ്യ മൂലകങ്ങളാണ് വേണ്ടത്. (ആർനേൺ സ്റ്റോട്ട്, 1939 , കാർബൺ, ഹൈഡ്രജൻ, ഓക്സിജൻ (അന്തരീക്ഷത്തിൽ നിന്നും എടുക്കുന്നവ) നൈട്രജൻ, ഫോസ്ഫറസ്, പൊട്ടാസ്യം, കാൽസ്യം, മഗ്നീഷ്യം, സൾഫർ, ഇരുമ്പ്, ചെമ്പ്, നാകം, മാൻഗനീസ്, ബോറോൺ, മോളിബ്ഡിനം, ക്ലോറിൻ, നിക്കൽ എന്നിവ.

വിവിധയിനം പ്രോട്ടീനുകൾ, അമിനോ അമ്ലങ്ങൾ, ന്യൂക്ലിക് അമ്ലങ്ങൾ എന്നിവയുടെ ഭാഗമാണ് നൈട്രജൻ. മണ്ണിലടങ്ങിയിരിക്കുന്ന ജൈവാംശമാണ് നൈട്രജന്റെ പ്രധാന സ്രോതസ്സ്. തന്മൂലം താരതമ്യേന ജൈവാംശം കുറഞ്ഞ, ചൊരി മണൽ പ്രദേശത്ത് നൈട്രജന്റെ അഭാവം കണ്ടു വരുന്നു. കൂടാതെ വെള്ളക്കെട്ടുള്ള സ്ഥലങ്ങളിലും നൈട്രജന്റെ അഭാവം ദൃശ്യമാണ്. നൈട്രജന്റെ അളവ്, മണ്ണിൽ 1 ഹെക്ടറിൽ 280 കിലോ ഗ്രാമിൽ കുറവാണെങ്കിൽ, അഭാവം ഉണ്ടെന്ന് പറയാം. എന്നാൽ മണ്ണിൽ ഭാവഹത്തിന്റെ അളവ് 1 ഹെക്ടറിൽ 15-25 കിലോ ഗ്രാം ആണെങ്കിൽ, ഭാവഹം ആവശ്യത്തിനുള്ളതായി കണക്കാക്കാം. കേരളത്തിലെ മണ്ണിൽ പൊതുവെ ഭാവഹത്തിന്റെ അളവ് ആവശ്യത്തിൽ അധികമാണ്. എന്നാൽ അമ്ലതയേറിയതോ അല്ലെങ്കിൽ കൂടുതൽ ക്ഷാരതയോ ഉള്ള മണ്ണിൽ ഭാവഹത്തിന്റെ അഭാവം കണ്ടു വരുന്നുമുണ്ട്.

തെങ്ങിൽ നിന്നും ഏറ്റവുമധികം നീക്കം ചെയ്യപ്പെടുന്ന മൂലകമാണ് പൊട്ടാസ്യം. കീടരോഗ പ്രതിരോധ ശേഷി നൽകുന്നതിനും, വരൾച്ചയെ ചെറുക്കുന്നതിനുമുള്ള കഴിവ് നൽകുന്നതിൽ പൊട്ടാസ്യത്തിനു പ്രധാന പങ്കാണുള്ളത്. കൂടുതൽ മച്ചിങ്ങയുണ്ടാകുന്നതിനും അവ മൂപ്പെത്തിയ തേങ്ങയാകുന്നതിനും പൊട്ടാസ്യം വളരെ പ്രധാനമാണ്. തേങ്ങ വെട്ടുന്നതിൽ കൂടി തന്നെ ഏകദേശം 78 % പൊട്ടാസ്യം തെങ്ങിൽ നിന്നും നഷ്ടപ്പെടുന്നു. മണ്ണിൽ 1 ഹെക്ടറിൽ 110 കിലോ ഗ്രാമിൽ കുറവുള്ളപ്പോൾ പൊട്ടാസ്യത്തിന്റെ അഭാവം ഉള്ളതായി കണക്കാക്കുന്നു.

ഹരിതകണത്തിന്റെ കേന്ദ്ര മൂലകമായ മഗ്നീഷ്യത്തിനു പ്രകാശ സംശ്ലേഷണത്തിനും, മച്ചിങ്ങ ഉൽപാദനത്തിനും എൻസൈമുകളുടെ പ്രവർത്തനം ത്വരിതപ്പെടുക്കുന്നതിനും മികച്ച പങ്കാണുള്ളത്.

കോശങ്ങളിലെ വിവിധ ചയാപചയ പ്രവർത്തനങ്ങൾക്കും, കാൽസ്യത്തിനു പങ്കുണ്ട്. എണ്ണയുൽപാദനത്തിനും കൊപ്രയുടെ മികവിനും വേണ്ടുന്ന മൂലകമാണ് സൾഫർ. പരാഗണത്തിനും പൂമ്പൊടിയുണ്ടാക്കുന്നതിനും, പരാഗണ നാളി വികസിക്കുന്നതിനും മൂപ്പെത്തിയ തേങ്ങയുണ്ടാകുന്നതിനും കോശ വിഭജനത്തിനും വേണ്ടുന്ന സൂക്ഷ്മ മൂലകമാണ് ബോറോൺ. എന്നാൽ കേരളത്തിൽ പ്രത്യേകിച്ചും ചൊരി മണൽ പ്രദേശങ്ങളിൽ ബോറോണിന്റെ അഭാവം വ്യാപകമായി നിരീക്ഷിക്കപ്പെടുന്നു. ഹരിതക ഉൽപാദനത്തിനും മറ്റു കോശ പ്രവർത്തനങ്ങൾക്കും, എൻസൈമുകളുടെ പ്രവർത്തനത്തിനും, മണ്ണിൽ ഇരുമ്പിന്റെ ലഭ്യത ഉറപ്പാക്കണം. എന്നാൽ അമ്ല സ്വഭാവ ഗുണമുള്ള മണ്ണിൽ ഇരുമ്പിന്റെ അംശം കൂടുതലായിരിക്കും.

മൂന്നു വർഷത്തിൽ കൂടുതൽ പ്രായമുള്ളതും, കായ്ഫലമുള്ളതുമായ തെങ്ങിനു വേണ്ടുന്ന പോഷകങ്ങളുടെ അളവ്

500 ഗ്രാം നൈട്രജൻ, 320 ഗ്രാം ഫോസ്ഫറസ്, 1200 ഗ്രാം പൊട്ടാഷ് എന്നിവയാണ്. അതു കൂടാതെ, 1/2 കിഗ്രാം മഗ്നീ



ഷ്യം സൾഫേറ്റ് ചേർക്കുന്നത് മഗ്നീഷ്യത്തിന്റേയും സൾഫറിന്റേയും ലഭ്യത ഉറപ്പാക്കും. പോഷക മൂലകങ്ങളുടെ കാര്യക്ഷമതയ്ക്കായി രാസവളങ്ങളിടുന്നതിനു രണ്ടാഴ്ച മുൻപ് 1 കിലോ ഗ്രാം ഡോളോ മൈറ്റ് ചേർത്താൽ, മണ്ണിലെ അമ്ലത്വം കുറയ്ക്കാനാകും. തെങ്ങിൽ കാണുന്ന പ്രധാനപ്പെട്ട പോഷക മൂലകങ്ങളുടെ അഭാവ ലക്ഷണവും അതിന്റെ പരിഹാര മാർഗ്ഗങ്ങളും ചുവടെ ചേർക്കുന്നു.

## നൈട്രജൻ

● ഹരിതകത്തിന്റെ അംശം കുറഞ്ഞ് ഓലകളിൽ മഞ്ഞനിറം കാണുന്നു. പുറം മടലുകളിലെ ഓല കാലുകളിൽ അറ്റത്തുനിന്നും തുടങ്ങുന്ന മഞ്ഞളിപ്പ് ഉള്ളിലേക്ക് പടരുകയും, ഈർക്കിൽ ഭാഗമുൾപ്പെടെ മഞ്ഞ നിറത്തിലാവുകയും ചെയ്യുന്നു.

= ശിപാർശ ചെയ്ത അളവിൽ നൈട്രജൻ വളങ്ങൾ നൽകണം. പയർ വർഗ്ഗത്തിലുള്ള പച്ചില വളങ്ങൾ ചേർക്കാം.

## ഭാവഹം

● ഓലകളിലെ പർപ്പിൾ നിറമാണ് പ്രധാന ലക്ഷണം, ഒപ്പം, വേരിന്റെ വളർച്ചയും കുറയുന്നു.

= ശിപാർശക്കനുസരിച്ച് ഫോസ്ഫേറ്റ് വളങ്ങൾ നൽകാം

## ക്ഷാരം/ പൊട്ടാസ്യം

● ചൊരി മണൽ പ്രദേശങ്ങളിലും വെട്ടുകൽ മണ്ണിലുമാണ് പൊട്ടാസ്യത്തിന്റെ അഭാവ ലക്ഷണം കണ്ടു വരുന്നത്. മണ്ണിൽ കാൽസ്യത്തിന്റേയും മഗ്നീഷ്യത്തിന്റേയും ആധിക്യം പൊട്ടാസ്യത്തിന്റെ ലഭ്യത കുറയ്ക്കുന്നു. മാത്രമല്ല ഇടവിളകളായ മരച്ചീനി, പൈനാപ്പിൾ, തീറ്റപ്പുൽ എന്നിവ കൃഷി ചെയ്യുമ്പോൾ ശരിയായ രീതിയിൽ ശിപാർശയനുസരിച്ചുള്ള വളപ്രയോഗം നടത്തണം. പുറം മടലിലെ ഓലക്കാലുകളിൽ ഓറഞ്ച് നിറത്തിലുള്ള പുള്ളിക്കുത്തുകൾ ഉണ്ടാവുകയും ക്രമേണ ഇവ വികസിക്കുകയും അവ പിന്നീട് കരിച്ചിലായി മാറുകയും ചെയ്യുന്നു. എന്നാൽ ഈർക്കിൽ ഭാഗം പച്ചനിറത്തിൽ തന്നെ കാണപ്പെടുന്നു, ഓലക്കാലിന്റെ അറ്റം ദ്രവിച്ച് കരിയുകയും ചെയ്യുന്നു.



= മണ്ണു പരിശോധനയുടെ അടിസ്ഥാനത്തിൽ രാസവള പ്രയോഗം നടത്തണം. മണ്ണിന്റെ മൂലക വിനിമയ ശേഷി വർദ്ധിപ്പിക്കുന്നതിനായി മണ്ണിലെ ജൈവാംശം മെച്ചപ്പെടുത്തണം.


## മഗ്നീഷ്യം



● പുറം മടലുകളിൽ ഓലകളിലെ ഇളം മഞ്ഞനിറമാണ് മഗ്നീഷ്യത്തിന്റെ പ്രധാന അഭാവ ലക്ഷണം. സൂര്യ പ്രകാശം നേരിട്ടു പതിക്കുന്ന ഓലകളിൽ മഞ്ഞ നിറവും എതിർ വശത്തു പച്ച നിറവും കാണുന്നു. ഡോളോമൈറ്റ് നൽകുന്നതിലൂടെ മണ്ണിലെ അമ്ലത കുറയുന്നതോടൊപ്പം മഗ്നീഷ്യത്തിന്റെ ലഭ്യതയും ഉറപ്പാക്കുന്നു.

= രണ്ടാം തവണ രാസവള പ്രയോഗ സമയത്ത് 1/2 കിലോ ഗ്രാം മഗ്നീഷ്യം സൾഫേറ്റ് നൽകാം.

## കാൽസ്യം



● സസ്യ ഭാഗങ്ങൾക്കുള്ളിൽ ചലനം കുറഞ്ഞ ഒരു പോഷക മൂലകമാണ് കാൽസ്യം. നാമ്പോലയുടെ വളർച്ച കുറയുകയും നേരിയ വെളുത്ത വരകളും അഭാവ ലക്ഷണങ്ങളാണ്.

= അമ്ലത കുറയ്ക്കുന്നതിനായി മണ്ണിൽ 1 കിലോ ഗ്രാം ഡോളോ മൈറ്റോ/ കുമ്മായമോ രാസവളമിടുന്നതിനു രണ്ടാഴ്ച മുമ്പ് നൽകാം.

## ബോറോൺ

● ഓലകൾ വിരിയാതിരിക്കുക, വെള്ളയ്ക്ക കൊഴിച്ചിൽ, മണ്ടയടപ്പ്, ചിരട്ടയിലെ വിള്ളലുകൾ, തേങ്ങയിലെ വിള്ളലുകൾ തുടങ്ങിയവയാണ് പ്രധാന ലക്ഷണങ്ങൾ

= മണ്ണിന്റെ അമ്ലത്വം ലഘൂകരിക്കുക. 40 ഗ്രാം വീതം ബോറാക്സ് 4 തവണകളിലായി

## സൾഫർ

● അകം മടലുകളിൽ, ഓലക്കാലുകളിൽ ഉണ്ടാകുന്ന മഞ്ഞളിപ്പും, ക്രമേണ ഓലകൾ ഒടിഞ്ഞു തൂങ്ങുകയും, തടി ദുർബലമാകുകയും വെള്ളയ്ക്കാ കൊഴിച്ചിൽ ഉണ്ടാവുകയും ചെയ്യുന്നു. കൊപ്രയുടെ ഗുണമേന്മ കുറയുകയും, റബറു പോലെയുള്ള രീതിയിൽ മാറുകയും ചെയ്യുന്നു.

= മഗ്നീഷ്യം സൾഫേറ്റ് 500 ഗ്രാം വീതം രണ്ടാം തവണ രാസവള പ്രയോഗ സമയത്തു നൽകാവുന്നതാണ്. ജൈവ വളത്തോടൊപ്പം നൽകാം. വരണ്ട മണ്ണിൽ ഈർപ്പം നില നിർത്തണം.

## ഇരുമ്പ്

● അകം മടലുകളിൽ തുടങ്ങുന്ന മഞ്ഞളിപ്പ് ക്രമേണ ഉള്ളിലേക്ക് വ്യാപിക്കുകയും, പൂർണ്ണമായും മഞ്ഞളിപ്പുള്ള ഓലകളായി മാറുകയും ചെയ്യുന്നു. എന്നാൽ, മറ്റു മൂലകങ്ങളുടെ അഭാവത്തിൽ കണ്ടു വരുന്ന കരിച്ചിൽ ഉണ്ടാകുന്നതല്ല. സാധാരണയായി, ക്ഷാരഗുണം കൂടിയ മണ്ണിലാണ്, ഇരുമ്പിന്റെ അഭാവം കണ്ടു വരുന്നത്.

= 0.2 % വീര്യത്തിൽ ഫെറസ് സൾഫേറ്റ് സ്പ്രേ ഓലകളിൽ നൽകാവുന്നതാണ്.

## മാംഗനീസ്

● അകം മടലുകളിൽ കരിച്ചിലും ഇലകൾ ചുരുളുന്നതും, മഞ്ഞളിക്കുന്നതും അഭാവ ലക്ഷണമാണ്. ക്ഷാര ഗുണമേറിയ മണ്ണിലാണ് മാംഗനീസിന്റെ അഭാവ ലക്ഷണം കണ്ടു വരുന്നത്.

= 0.5 % വീര്യത്തിൽ മാംഗനീസ് സൾഫേറ്റ് സ്പ്രേ ചെയ്യാവുന്നതാണ്.

## ചെമ്പ്

● ജൈവാംശം ഏറിയ ചൊരിമണലിലും ക്ഷാരത്വം കൂടിയതുമായ അവസ്ഥകളിലാണ് ചെമ്പിന്റെ അഭാവം കണ്ടു വരുന്നത്. ഓലകളിലെ മുഞ്ഞളിപ്പും കരിച്ചിലും കൂടാതെ, മദ്ധ്യ ഭാഗത്തു വളവും മഞ്ഞയും പച്ചയും ഇടകലർന്ന രീതിയിൽ കണ്ടു വരാറുണ്ട്.

= ഓലയുടെയും മണ്ണിന്റെയും പരിശോധനയിൽ അഭാവം സ്ഥിരീകരിച്ചാൽ, 25 ഗ്രാം കോപ്പർ സൾഫേറ്റ് നൽകാം.

| പോഷക ന്യൂനതകൾ പരിഹരിക്കുന്നതിനും തെങ്ങിന്റെ സുസ്ഥിര വളർച്ചയ്ക്കും ഉത്പാദനത്തിനും അവലംബിക്കേണ്ടുന്ന പരിപാലന മാർഗ്ഗങ്ങൾ ചുവടെ | | | | | | |
|---|---|---|---|---|---|---|
| പ്രായം | 1/3 മെയ് - ജൂൺ | | | 2/3 സെപ്റ്റംബർ - ഒക്ടോബർ ഗ്രാം/ തെങ്ങ് | | |
| | യൂറിയ | മസൂറി ഫോസ് | മ്യൂറിയേറ്റ് ഓഫ് പൊട്ടാഷ് | യൂറിയ (ഗ്രാം) / തെങ്ങ് | മസൂറി ഫോസ് | മ്യൂറിയേറ്റ് ഓഫ് പൊട്ടാഷ് |
| മൂന്നു മാസങ്ങൾക്കു ശേഷം | - | - | - | 110 | 150 | 170 |
| ഒരു വർഷത്തിനു ശേഷം | 120 | 170 | 190 | 240 | 340 | 375 |
| രണ്ടു വർഷത്തിനു ശേഷം | 240 | 340 | 380 | 480 | 680 | 750 |
| മൂന്നാം വർഷം മുതൽ | 365 | 500 | 565 | 730 | 1000 | 1125 |

## നാകം

• ഓലകളുടെ വലിപ്പം കുറയുകയും, മഞ്ഞളിപ്പും, പൂക്കുവാനുള്ള കാലതാമസവും നാകത്തിന്റെ അഭാവത്തിൽ കണ്ടു വരുന്നു. മാത്രമല്ല വെള്ളയ്ക്ക കൊഴിച്ചിലും വർദ്ധിക്കുന്നുണ്ട്.

= അഭാവ ലക്ഷണങ്ങൾ കണ്ടു വരുന്ന തെങ്ങിൽ 100 ഗ്രാം സിങ്ക് സൾഫേറ്റ് ചേർത്തു നൽകാവുന്നതാണ്.

മഴയെ ആശ്രയിച്ചുള്ള കൃഷി രീതിയിൽ, വർഷത്തിൽ രണ്ടു തവണ വളപ്രയോഗം നടത്താവുന്നതാണ്. മൊത്തം ശിപാർശ ചെയ്ത വളത്തിന്റെ മൂന്നിലൊരു ഭാഗം (1/3) മെയ് - ജൂൺ മാസത്തിലും മൂന്നിൽ രണ്ടു ഭാഗം (2/3) സെപ്റ്റംബർ - ഒക്ടോബറിലും നൽകാവുന്നതാണ്.

ആദ്യ തവണ വളപ്രയോഗ സമയത്ത് 100 ഗ്രാം വൻ പയർ വിത്ത് തടത്തിൽ വിതയ്ക്കുക. ഒന്നോ രണ്ടോ ചെടികൾ പൂക്കുവാൻ ആരംഭിക്കുമ്പോൾ പിഴുത് ചേർത്താൽ ഏകദേശം 175 ഗ്രാം നൈട്രജനും, 25 കിലോ ഗ്രാം ജൈവവളവും ലഭിക്കുന്നു.



മണ്ണിന്റെ അമ്ലത്വം ക്രമീകരിക്കുന്നതിനും, പോഷക മൂലകങ്ങളുടെ അഭാവ ലക്ഷണങ്ങൾ പരിഹരിക്കുകയും മണ്ണിന്റെ ജൈവാംശം വർദ്ധിപ്പിച്ച് അതിന്റെ ആരോഗ്യം പരിപാലിക്കുകയും ചെയ്താൽ തെങ്ങിൽ നിന്നും സുസ്ഥിര ഉത്പാദനം കൈവരിക്കാം.

മണ്ണിലെയും, ഓലകളിലെയും പോഷകങ്ങളുടെ നിലവാരമനുസരിച്ച്, തെങ്ങിനു വേണ്ടി രണ്ടു തരം പോഷക മൂലക മിശ്രിതം കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രം പുറത്തിറക്കിയിട്ടുണ്ട്. 1. കൽപ പോഷക് (തൈ തെങ്ങിന്) 2. കൽപ വർദ്ധിനി (മൂന്നു വർഷത്തിനു മുകളിൽ പ്രായമായ തെങ്ങിന്)

| പോഷക മൂലക മിശ്രിതം നൽകേണ്ടുന്ന അളവും സമയവും രീതിയും | | |
|---|---|---|
| പോഷക മിശ്രിതം | നൽകേണ്ടുന്ന സമയം | അളവ് |
| കല്പ പോഷക് | നട്ട് മൂന്നു മാസങ്ങൾക്കു ശേഷം | 40 ഗ്രാം |
| | ഒരു വർഷത്തിനു ശേഷം | 100 ഗ്രാം (രണ്ടു തവണയായി) |
| | രണ്ടു വർഷത്തിനു ശേഷം | 100 ഗ്രാം (രണ്ടു തവണയായി) |
| കൽപ വർദ്ധിനി | മൂന്നു വർഷത്തിനു മുകളിൽ പ്രായമുള്ളതും, കായ്ക്കുന്നതുമായ തെങ്ങിന് | 500 ഗ്രാം രണ്ടു തവണ 250 ഗ്രാം വീതം |

| പോഷക മൂലകങ്ങളുടെ അഭാവം ഒഴിവാക്കാനായി മണ്ണിൽ വേണ്ടുന്ന അവയുടെ അളവ് ചുവടെ | | | |
|---|---|---|---|
| പ്രാഥമിക മൂലകങ്ങൾ | | | |
| മൂലകങ്ങൾ കിലോ ഗ്രാം/ ഹെക്ടർ | കുറവ് | മദ്ധ്യമം | കൂടുതൽ |
| നൈട്രജൻ | <280 | 280-560 | >560 |
| ഫോസ്ഫറസ് | <10 | 1025 | >25 |
| പൊട്ടാസ്യം | <110 | 110- 280 | >280 |

| ദ്വിതീയ മൂലകങ്ങളും സൂക്ഷ്മ മൂലകങ്ങളും | | |
|---|---|---|
| പോഷക മൂലകം | അഭാവം | ആവശ്യത്തിന് |
| കാൽസ്യം | <300 പിപിഎം | >300 പിപിഎം |
| മഗ്നീഷ്യം | <120 പിപിഎം | >120 പിപിഎം |
| സൾഫർ | <5 പിപിഎം | 510 പിപിഎം |
| സിങ്ക് | < 1 പിപിഎം | 1 പിപിഎം |
| ചെമ്പ് | < 1 പിപിഎം | 1 പിപിഎം |
| ബോറോൺ | < 0.5 പിപിഎം | 0.5 2പിപിഎം |
| ഇരുമ്പ് | < 5 പിപിഎം | > 5പിപിഎം |
| മാൻഗനീസ് | < 1 പിപിഎം | >1 പിപിഎം |

ശിപാർശ ചെയ്ത മറ്റു വളങ്ങൾ ചേർത്ത് 10 ദിവസങ്ങൾക്കു ശേഷം പോഷക മൂലക മിശ്രിതം നൽകാവുന്നതാണ്.

പോഷക മൂലകങ്ങളുടെ അഭാവം പരിഹരിച്ച് മണ്ണിന്റെ ആരോഗ്യം സംരക്ഷിക്കുകയും ശിപാർശ ചെയ്ത വിള പരിപാലന മുറകൾ അവലംബിക്കുകയും ചെയ്താൽ തെങ്ങു കൃഷി ലാഭകരമാക്കാം.


*ഫോൺ : 9447587903*

# തെങ്ങിനു ജിയോടാഗിങ്

**ജി. രാജീവ്, ഭരത് മോഹൻ, അനന്ത നാരായണൻ, എം. ഷെരീഫ, റെജി ജേക്കബ് തോമസ്**
കേന്ദ്ര തോട്ട വിള ഗവേഷണ സ്ഥാപനം, പ്രാദേശിക കേന്ദ്രം, കായംകുളം

**കേര കർഷകർ കായംകുളം തോട്ടവിള ഗവേഷണ കേന്ദ്രത്തിന്റെ ഹെൽപ്പ് ഡെസ്ക് നമ്പറിൽ ഉന്നയിക്കാറുള്ള പൊതു സ്വഭാവമുള്ള ചോദ്യങ്ങളും അവയ്ക്ക് ശാസ്ത്രീയ അടിത്തറയോടുകൂടിയുള്ള ഉത്തരങ്ങളും ഉൾപ്പെടുത്തിയുള്ള ചോദ്യോത്തര പംക്തി തുടരുന്നു.**

*മാതൃവൃക്ഷത്തിന്റെ ലൊക്കേഷൻ മാപ്പ് - ജിയോടാഗിംഗ് പ്രകാരം*




**ചോദ്യം 1 :** *സി.പി.സി.ആർ.ഐയിൽ നിന്ന് വിതരണം ചെയ്യുന്ന മേൽത്തരം തെങ്ങിൻ തൈയുടെ ഗുണനിലവാരം നിർണ്ണയിക്കുവാൻ എന്തെങ്കിലും മാർഗ്ഗമുണ്ടോ?*


**ഉത്തരം :** മികച്ച തെങ്ങിൻ തൈകളുടെ ലഭ്യത തെങ്ങു കൃഷിയിൽ പരമപ്രാധാന്യം അർഹിക്കുന്നു. തെങ്ങിൻ തൈകളുടെ സ്വഭാവ ഗുണങ്ങൾ പ്രധാനമായും മാതൃവൃക്ഷത്തെ ആശ്രയിച്ചിരിക്കുന്നതിനാൽ, ഗുണനിലവാരമുള്ള മാതൃ വൃക്ഷങ്ങൾ തെരഞ്ഞെടുക്കുക, കർഷകരെ സംബന്ധിച്ചിടത്തോളം വളരെ വെല്ലുവിളി ഉയർത്തുന്ന പ്രക്രിയയാണ്. ഇവിടെയാണ് ജിയോ ടാഗിങ് എന്ന സാങ്കേതിക വിദ്യയുടെ പ്രയോജനം. മാതൃവൃക്ഷത്തിന്റെ ജി.പി.എസ് വിവരങ്ങളടങ്ങിയ ലേബലോടു കൂടിയ തൈകകൾക്ക് ഗുണനിലവാരം പൂർണ്ണമായും ഉറപ്പാക്കുവാന്ഡ സാധിക്കും. സി.പി.സി.ആർ.ഐ വിത്തുൽപ്പാദനത്തിനായി ഉപയോഗിക്കുന്ന എല്ലാ മാതൃവൃക്ഷങ്ങളും ജിയോ ടാഗ് ചെയ്തിട്ടുള്ളവയാണ്. ഈ സാങ്കേതിക വിദ്യയിലൂടെ തെങ്ങിൻ തൈകളുടെ ഗുണനിലവാരം ഉറപ്പു വരുത്താം.

**ചോദ്യം 2 :** *എന്താണ് ജിയോ ടാഗിങ് ?*

**ഉത്തരം :** ഒരു വസ്തുവിന്റെ ചിത്രത്തോടൊപ്പം അതിന്റെ സ്ഥാന കോർഡിനേറ്റുകൾ പോലുള്ള ഭൂമി ശാസ്ത്രപരമായ തിരിച്ചറിയൽ രേഖകൾ ചേർക്കുന്ന പ്രക്രിയയാണ് ജിയോ - ടാഗിങ്. അതിൽ സ്ഥലത്തിന്റെ ഉയരം, കൃത്യത, സ്ഥല നാമങ്ങൾ ചിത്രം എടുത്ത സമയം തുടങ്ങിയ വിവരങ്ങൾ ഉൾക്കൊള്ളിക്കാനും സാധിക്കും. ജിയോ ടാഗിങ്ങിലൂടെ മൊബൈൽ/ജി.പി.എസ്. തുടങ്ങിയ ഉപകരണങ്ങളിൽ നിന്ന് ടാഗ് ചെയ്യുന്ന വസ്തുവിനെക്കുറിച്ചുള്ള വൈവിദ്ധ്യമാർന്ന ലൊക്കേഷൻ നിർദ്ദിഷ്ട വിവരങ്ങൾ കണ്ടെത്താൻ ഉപഭോക്താക്കളെ സഹായിക്കും. ഇപ്രകാരം ജിയോ ടാഗിങ് ചെയ്ത വസ്തുക്കൾ ഒരു പ്രദേശത്തിന്റെ ഭൂപടങ്ങളിലോ ഉപഗ്രഹ ചിത്രങ്ങളിലോ സംയോജിപ്പിച്ച് ദൃശ്യവൽക്കരിക്കുന്ന പ്രക്രിയയെ ജിയോ മാപ്പിംഗ് എന്നും വിശേഷിപ്പിക്കുന്നു.

**ചോദ്യം 3 :** *ഈ സാങ്കേതിക വിദ്യ കാർഷിക മേഖലയിൽ ഏതെല്ലാം രീതിയിൽ ആണ് സ്വാധീനം ചെലുത്തുന്നത്?*

ഉത്തരം : കാർഷിക മേഖലയിൽ ജിയോ ടാഗിങ് സമീപ കാലത്ത് വളരെയധികം പ്രാധാന്യം നേടിയിട്ടുണ്ട്. നിലവിൽ ഈ സാങ്കേതിക വിദ്യ, നാഷണൽ റിമോട്ട് സെൻസിങ് സെന്ററിന്റെ സഹായത്തോടെ (NRSC) കേന്ദ്ര സർക്കാർ രാഷ്ട്രീയ കൃഷി വിജ്ഞാൻ യോജനയുടെ (RKUY) ഭാഗമായി കാർഷിക ആസ്തികൾ ടാഗു ചെയ്യുന്നതിനു വേണ്ടി ഉപയോഗിച്ചു വരുന്നു. കാർഷിക നിലങ്ങളുടെ വിസ്തൃതി, ഭൂമി ശാസ്ത്രപരമായ സ്ഥാനം, അവയുടെ ഘടന, അതിനനുസരിച്ച് തിരഞ്ഞെടുക്കാനുള്ള വിളകളുടെ വിശദാംശങ്ങൾ എന്നിവ ലഭിക്കുക വഴി വിവിധ കാർഷിക പദ്ധതികൾക്കായുള്ള കൂടുതൽ ശാസ്ത്രീയ






ജി.പി.എസ് ഉപയോഗിച്ച് മാതൃവൃക്ഷത്തിന്റെ ലൊക്കേഷൻ മാപ്പിംഗ്



ആസൂത്രണങ്ങൾ നടത്താൻ സർക്കാരിന് സഹായകമാകും. ഏതെങ്കിലും തരത്തിലുള്ള വിളനാശം ഉണ്ടായാൽ ജിയോ-ടാഗിങ്ങിലൂടെ തെളിവുകൾ വിശകലനത്തിനായി ഉദ്യോഗസ്ഥർക്ക് ലഭ്യമാക്കുകയും ചെയ്യുന്നു. ഇപ്രകാരം കാർഷിക മേഖലയിൽ വിവിധ രീതിയിൽ ജിയോ - ടാഗിങ്ങിന് സ്വാധീനം ചെലുത്താൻ സാധിക്കും.

**ചോദ്യം 4 :** *കേര കർഷകർക്ക് ജിയോ ടാഗിങ് എങ്ങനെ പ്രയോജനപ്പെടുത്താം ?*

ഉത്തരം : വിത്തുതേങ്ങ ശേഖരണത്തിനായി തിരഞ്ഞെടുത്ത മാതൃ വൃക്ഷങ്ങൾ കീടരോഗ പ്രതിരോധ ശേഷിയുള്ളവയാണെന്ന് ഉറപ്പു വരുത്തിയ ശേഷം ജിയോ ടാഗിങ് ചെയ്യുന്നതിലൂടെ അവയുടെ ഗുണനിലവാരം ഉറപ്പു വരുത്തുന്നു. ചുവടെ പറയുന്ന രീതികളിലൂടെ അവ എങ്ങിനെ ഉപകാരപ്രദമാകുന്നു എന്നു നോക്കാം:

- ജിയോ ടാഗിങ് മാതൃവൃക്ഷങ്ങളുടെ കൃത്യമായ സ്ഥാനം കണ്ടെത്താൻ ഉപയോക്താവിനെ സഹായിക്കുന്നു.
- പ്രദേശത്തെ മുഴുവൻ മാതൃവൃക്ഷങ്ങളുടേയും വൈവിദ്ധ്യത്തെക്കുറിച്ചുള്ള വിവരങ്ങൾ ശേഖരിക്കാൻ ജിയോ - ടാഗിങ് സഹായിക്കുന്നു.
- വിത്തു ശേഖരണം ഇപ്രകാരം ജിയോ ടാഗിങ്ങിലൂടെ കൂടുതൽ അനായാസമാക്കാം.
- ജിയോ ടാഗിങ്ങിലൂടെ, വിത്തുശേഖരണത്തിനായി ലഭ്യമായ മാതൃവൃക്ഷങ്ങളുടെ ഓൺ ലൈൻ ഡാറ്റാ ബേസ് സാധ്യമാക്കാം.
- വിവിധ പ്രദേശങ്ങളിലെ ബ്ലോക്ക് / പഞ്ചായത്ത് തലത്തിൽ ഒരു തെങ്ങിനത്തിന്റെ എത്ര മാതൃവൃക്ഷങ്ങൾ തിരഞ്ഞെടുത്തിട്ടുണ്ട്, എന്നതിന്റെ വിശദാംശങ്ങൾ ശേഖരിക്കാനും അവ തമ്മിൽ സംയോജിപ്പിക്കാനും ഇതിന് സാധിക്കും.
- വിത്ത് ശേഖരണത്തിനു വേണ്ടിയുള്ള കേരളത്തിലെ മുഴുവൻ മാതൃ വൃക്ഷങ്ങളെക്കുറിച്ചുള്ള വിവരങ്ങളും ക്രോഡീകരിച്ച് നൽകാൻ ജിയോ ടാഗിങ്ങിലൂടെ സാധിക്കുന്നു.
- നടീൽ വസ്തുവായ ഓരോ തെങ്ങിൻ തൈകളുടേയും വംശ പരമ്പര (Pedigree) നിർണ്ണയിക്കുവാനും അവയുടെ മാതൃ- പിതൃ തെങ്ങിനങ്ങളെ കണ്ടെത്തുവാനും (Traceability) അതു വഴി ഗുണനിലവാരം ഉറപ്പു വരുത്താനും ജിയോ ടാഗിങ് ഒരു കർഷകനെ സഹായിക്കുന്നു.

**ചോദ്യം 5 :** *ജിയോ ടാഗിങ് ചെയ്യുന്നതിനായി ജി.പി.എസ്. ഉപകരണം തന്നെ വേണമെന്ന് നിർബന്ധമുണ്ടോ? അങ്ങനെയെങ്കിൽ വിത്തു ശേഖരണത്തിനായി തിരഞ്ഞെടുത്ത മാതൃവൃക്ഷങ്ങളിൽ ജിയോ ടാഗിങ് ചെയ്യുന്ന രീതി വിശദീകരിക്കാമോ?*


ഉത്തരം : ജിയോ ടാഗിംങ് ചെയ്യാനായി ജി.പി.എസ്. ഉപകരണം തന്നെ വേണമെന്ന് നിർബന്ധമില്ല. അവയുടെ ഉപയോഗം സാധിക്കുന്ന മൊബൈൽ ആപ്ലിക്കേഷനുകൾ ഇന്ന് സ്മാർട്ട് ഫോണുകളിൽ ലഭ്യമാണ്. അവ ഉപയോഗിച്ച് ജിയോ ടാഗിങ് ചെയ്യാവുന്നതാണ്. ആരോഗ്യമുള്ള മാതൃവൃക്ഷം തെരഞ്ഞെടുത്ത് കഴിഞ്ഞാൽ അത് ജിയോ - ടാഗ് ചെയ്യുന്നതിനായി വൃക്ഷത്തിന് ആ പ്രദേശത്തെ സൂചിപ്പിക്കുന്ന രീതിയിൽ പ്രത്യേക കോഡ് അഥവാ ക്രമനമ്പർ നൽകുക. ഈ കോഡ് / ക്രമനമ്പർ മാതൃവൃക്ഷത്തിൽ അടയാളപ്പെടുത്തിയ ശേഷം ജിപി.എസ്. ഉപകരണം ഉപയോഗിച്ചോ മൊബൈൽ ആപ്ലിക്കേഷൻ വഴി കൈയ്യിലുള്ള സ്മാർട്ട് ഫോൺ ഉപയോഗിച്ചോ മാതൃവൃക്ഷങ്ങളിൽ ഇപ്രകാരം ടാഗിങ് നടത്താവുന്നതാണ്.

### *1. ജി.പി.എസ്. ഉപകരണം വഴി*

- ജിയോ ടാഗിങ് ചെയ്യേണ്ട തെങ്ങിന് സമീപം നിൽക്കുക.
- ജിപി.എസ്. ഉപകരണം ഓൺ ചെയ്ത് സാറ്റലൈറ്റ് സേവനം പ്രവർത്തനക്ഷമം ആണെന്ന് ഉറപ്പു വരുത്തുക.
- ജി.പി.എസ്. ഉപകരണത്തിന്റെ കൃത്യത പരിശോധിക്കുക. അത് 10 മീറ്ററിനുള്ളിൽ വരുന്ന രീതിയിൽ ഇളക്കാതെ മാതൃവൃക്ഷത്തിനു നേരെ പിടിക്കുക.
- തുടർന്ന് ടാഗ് ചെയ്യേണ്ട തെങ്ങിന്റ ചിത്രം ഉപകരണത്തിൽ എടുക്കുക.
- ജി.പി.എസ്. വിവരങ്ങൾ ഉപകരണത്തിലേക്ക് സൂക്ഷിക്കപ്പെടുകയും അത് പിന്നീട് ഡാറ്റാ എൻട്രിക്ക് വേണ്ടി ഉപയോഗിക്കാനും സാധിക്കും.

### *2. സ്മാർട്ട് ഫോണുകളിൽ ഉള്ള മൊബൈൽ ആപ്ലിക്കേഷനുകൾ വഴി*

- സ്മാർട്ട് ഫോണുകളിൽ ഉള്ള പ്ലേസ്റ്റോർ (ആൺഡ്രോയ്ഡ് - ഫോണുകൾക്ക്) അല്ലെങ്കിൽ ആപ്പ് സ്റ്റോർ (ഐ ഫോൺ - ഒ.എസ്. (ios) ഫോണുകൾക്ക്) എന്നിവയിൽ ധാരാളം മൊ






ബൈൽ ജി.പി. എസ്. കം ക്യാമറ ആപ്ലിക്കേഷനുകൾ ലഭ്യമാണ്. അവയിൽ ഏതേലും ഒന്ന് ഡൗൺലോഡ് ചെയ്ത് ഇൻസ്റ്റാൾ ചെയ്യുക.

- മൊബൈൽ ഫോണിലെ ലൊക്കേഷൻ സേവനങ്ങൾ പ്രവർത്തനക്ഷമമാക്കുക.
- ജിയോ ടാഗ് ചെയ്യേണ്ട തെങ്ങിന് സമീപം നിൽക്കുക.
- ജി.പി.എസ്. കൃത്യതാ മൂല്യം 10 മീറ്ററിനുള്ളിൽ വരുന്നതു വരെ മൊബൈൽ ഫോൺ മാതൃവൃക്ഷത്തിനു നേരെ ഏകാഗ്രതയോടുകൂടി ഇളകാതെ പിടിക്കുക.
- ശേഷം ഉടൻ തന്നെ തെങ്ങിന്റെ ചിത്രം എടുക്കുക.
- ജി.പി.എസ്. വിവരങ്ങൾ ഫോൺ ഗ്യാലറിയിൽ സൂക്ഷിക്കാനും അവ പിന്നീട് ഡാറ്റാ എൻട്രിക്ക് വേണ്ടി ഉപയോഗിക്കാനും സാധിക്കും.

**ചോദ്യം 6 :** *തെങ്ങു കൃഷിയിൽ ജിയോ ടാഗിങ് സാങ്കേതിക വിദ്യ ഉപയോഗിക്കുന്നതു പോലെ മറ്റു വിളകളിൽ ഇവ ഉപകാരപ്പെടുമോ?*

ഉത്തരം : അടിസ്ഥാനപരമായി ജിയോ ടാഗിങ് സാങ്കേതിക വിദ്യ ഒരു കൃഷിയിടത്തിന്റെ ഭൂമി ശാസ്ത്ര പരമായ വിവരങ്ങൾ സൂക്ഷിച്ചു വയ്ക്കാൻ ഉപകരിക്കുന്നു. ഇതിലൂടെ കാർഷിക വിളകളുടെ ഒരു ഡാറ്റാബേസ് ശേഖരിക്കാനും, വിവിധ ഭൂപ്രകൃതികളിൽ ഉള്ള വിളകളുടെ താരതമ്യ പഠനങ്ങൾ നടത്തുവാനും ഒരു നിശ്ചിത കാലയളവിലുള്ള, വിളകളുടെ പൂർവ്വ വിവരങ്ങൾ സൃഷ്ടിക്കാനും ഈ ഡാറ്റാ ബേസ് ഉപയോഗിക്കാം.

തീർച്ചയായും, കേര വൃക്ഷത്തിൽ മാത്രമല്ല, ഭാവിയിൽ എല്ലാവിധ കാർഷിക വിളകളിലും ഈ സാങ്കേതിക വിദ്യ വിവിധ സന്ദർഭങ്ങൾക്കനുസരിച്ച് നിരവധി രീതികളിൽ ഉപയോഗപ്രദമാക്കാം. *ഫോൺ: 9446091409* ■


## ബോർഡ് ജേണലുകളുടെ പരസ്യനിരക്കുകൾ

*നാളികേര വികസന ബോർഡിന്റെ പ്രസിദ്ധീകരണങ്ങളാണ് ഇന്ത്യൻ കോക്കനട്ട് ജേണൽ (ഇംഗ്ലീഷ്), ഇൻഡ്യൻ നാളികേര ജേണൽ (മലയാളം), ഭാരതീയ നാരിയൽ പത്രിക (ഹിന്ദി), ഭാരതീയ തെങ്ങുപത്രിക (കന്നട), ഇന്ത്യ തെന്നൈ ഇദഴ് (തമിഴ്), ഭാരതീയ കൊബ്ബാരി പത്രിക (തെലുങ്ക്), ഭാരതീയ നാരൾ പത്രിക (മറാഠി) എന്നിവ. ശാസ്ത്രീയ തെങ്ങുകൃഷിയേയും കേരവ്യവസായത്തേയും സംബന്ധിച്ച ലേഖനങ്ങൾ ഈ ജേണലുകളിൽ പതിവായി പ്രസിദ്ധീകരിച്ചുവരുന്നു. ഈ ജേണലുകളുടെ വരിക്കാരിലേറിയപങ്കും കർഷകർ, ഗവേഷകർ, വ്യവസായികൾ, വ്യാപാരികൾ, ലൈബ്രറികൾ തുടങ്ങിയവരാണ്.*

| പരസ്യ വലിപ്പം | ഇന്ത്യൻ കോക്കനട്ട് ജേണൽ (ഇംഗ്ലീഷ് മാസിക) | ഇന്ത്യൻ നാളികേര ജേണൽ (മലയാളം മാസിക) | ഇന്ത്യ തെന്നൈ ഇദഴ് (തമിഴ് ത്രൈമാസികം) | ഭാരതീയ തെങ്ങ് പത്രിക (കന്നട ത്രൈമാസികം) | ഭാരതീയ നാരിയൽ പത്രിക (ഹിന്ദി ത്രൈമാസികം) | ഭാരതീയ കൊബ്ബാരി പത്രിക (തെലുങ്ക് അർദ്ധവാർഷികം) | ഭാരതീയ നാരൾ പത്രിക (മറാഠി അർദ്ധവാർഷികം) |
|---|---|---|---|---|---|---|---|
| ഫുൾ പേജ് - ബ്ലാക്ക് & വൈറ്റ് | Nil | Nil | 5000 | 5000 | Nil | 5000 | 5000 |
| ഫുൾ പേജ് - കളർ | 20000 | 20000 | 10000 | 10000 | 5000 | 10000 | 10000 |
| ഹാഫ് പേജ് - ബ്ലാക്ക് & വൈറ്റ് | Nil | Nil | 3000 | 3000 | Nil | 3000 | 3000 |
| ക്വാർട്ടർ പേജ് - ബ്ലാക്ക് & വൈറ്റ് | Nil | Nil | 1500 | 1500 | Nil | 1500 | 1500 |
| പുറംകവർ ഉൾവശം - കളർ | 25000 | 25000 | 10000 | 10000 | 8000 | 10000 | 10000 |
| പുറംകവർ - കളർ | 30000 | 30000 | 15000 | 15000 | 10000 | 15000 | 15000 |

** ഒരു ജേണലിൽ ഒരു തവണ പരസ്യം പ്രസിദ്ധീകരിക്കുന്നതിനുള്ള നിരക്ക്.*

** * ഏതെങ്കിലും 2 പതിപ്പുകളിൽ ഒരേസമയം പരസ്യം നൽകിയാൽ 10 ശതമാനവും മൂന്നോ അതിൽ കൂടുതലോ പതിപ്പുകളിൽ ഒരേ സമയം നൽകിയാൽ 12ശതമാനവും കിഴിവ് നൽകുന്നതാണ്. നിയമാനുസൃത പരസ്യ ഏജൻസികൾക്ക് 15 ശതമാനം കിഴിവ് നൽകുന്നതാണ്.*

# കരുത്തനായ കയ്യുണ്യം

**ബേബി ജോസഫ്,** നാഗാർജ്ജുന, തൊടുപുഴ

നല്ല സൂര്യപ്രകാശം ലഭിക്കുന്നതും ഈർപ്പമുള്ളതും വളക്കൂറുള്ള സ്ഥലങ്ങളിലും പടർന്നു വളരുന്ന സസ്യമാണ് കയ്യുണ്യം. Eclipla alba എന്ന് ശാസ്ത്രീയ നാമമുള്ള ഇതിന് ഒരുപാട് പ്രാദേശിക പേരുകളുണ്ട്. കഞ്ഞുണ്ണി, കയ്യാന്തകര, കയ്യോന്നി, കരിയലാങ്കണ്ണി, കയ്യുണ്യം തുടങ്ങിയവ ചിലതുമാത്രം. ആയുർവ്വേദത്തിൽ കേശ വർദ്ധിനി എണ്ണകളിലും മുടിക്ക് നല്ല കറുപ്പ് നിറം നൽകി കരുത്തോടെ വളരുന്നതിനും ഇത് ആവശ്യമാണ്.

കമലിന്റെ ആകൃതിയിലുള്ള പൂക്കൾ വെള്ള നിറത്തിൽ കാണുന്നു. നിലത്തിഴഞ്ഞ് ഓരോ പർവ്വ സന്ധികളിൽ നിന്നും പുതിയ ശാഖകൾ ഉണ്ടാകുന്നു. ഇലകൾ രണ്ടറ്റം കൂർത്തതും വീതി കുറവും സാമാന്യം നല്ല നീളവുമുണ്ട്. തണ്ടിന് ചിലപ്പോൾ ഉരുണ്ട ചുവപ്പുനിറം കാണാറുണ്ട്. നനവുള്ള തെങ്ങിൻ തോപ്പുകളിൽ കൃഷി ചെയ്യാം.

കയ്യുണ്യത്തിന് ഭൃംഗരാജൻ എന്നും കൂടി പേരുള്ളതിനാൽ നീലഭൃംഗാദി എണ്ണ, ചെമ്പരത്യാദി തൈലം തുടങ്ങി ഒരുപാട് എണ്ണകളിലെ മുഖ്യ ചേരുവയാണ്. കരൾ, പ്ലീഹാരോഗങ്ങൾ, ഹൃദ്രോഗം, പല്ലുവേദന തുടങ്ങിയവയ്ക്കുള്ള ഔഷധങ്ങളിലും ഉപയോഗിക്കുന്നു.

മഞ്ഞപ്പിത്തം മാറുവാൻ കയ്യോന്ന്യം, കീഴാർനെല്ലി, തുമ്പ ഇവയുടെ ഇല സമം ഇടിച്ചു നെല്ലിക്ക വലുപ്പത്തിൽ ദിവസം രണ്ടു നേരം വച്ച് മോരിൽ ചേർത്ത് 5 ദിവസം സേവിച്ചാൽ പ്രയോജനം ലഭിക്കും.

സ്ത്രീകൾക്ക് അമിത രക്തസ്രാവത്തിന് കയ്യുണ്ണി പറിച്ച് സമൂലം കഷായം വച്ചുപയോഗിക്കണം.

കരൾ രോഗത്തിനും, കരൾ വീക്കത്തിനും കയ്യുണ്ണി നീരിനൊപ്പം കുരുമുളകു പൊടി പഞ്ചസാര ചേർത്തുപയോഗിക്കണം.

തലവേദനയുള്ള സമയത്ത് ഇല നീരിൽ കുറച്ച് എള്ളെണ്ണ ചേർത്തു നിറുകയിൽ പല തവണ പുരട്ടിയിൽ മികച്ച ആശ്വാസം ലഭിക്കും.

കയ്യൂണ്യം കുട്ടികളിൽ ബുദ്ധി വർദ്ധനയ്ക്കും രോഗ പ്രതിരോധ ശേഷിയ്ക്കും നല്ലതാണ്.

കഠിനമായ പണികൾ മൂലം തോളിനുണ്ടാകുന്ന വേദന മാറ്റുവാൻ കയ്യുണ്ണി നീര് പല തവണ ലേപിച്ചാൽ മതി.

അർശ്ശസ്സ് രോഗികളുടെ ആയാസങ്ങൾ മാറ്റുവാൻ കയ്യുണ്ണിയും, എള്ളും സമം അരച്ച് വെണ്ണ ചേർത്തു സേവിക്കണം.

സ്ത്രീകൾ കയ്യുണ്യം താളിയാക്കി മുടിയിലുപയോഗിച്ചാൽ കറുത്തിരുണ്ടു മുടി സമൃദ്ധമായി വളരും.

ഇല നീര് വ്രണങ്ങളിൽ തുടർച്ചയായി പുരട്ടിയാൽ വേഗം കരിയും.

മൂത്രം ചുടീലുള്ളവർ വേര് അരച്ച് കറിയിപ്പു ചേർത്തു സേവിക്കണം.

കയ്യുണ്ണി ഇല തണലത്തുണക്കി പൊടിച്ച് എണ്ണ കാച്ചി ഉപയോഗിച്ചാൽ കറുത്തിരുണ്ട മുടി ധാരാളം ഉണ്ടാകും.

ഇങ്ങനെ ഒട്ടേറെ ഔഷധ ഗുണമുള്ള ദശ പുഷ്പങ്ങളിൽപ്പെടുന്ന കയ്യുണ്ണി തെങ്ങിൻ തോപ്പിൽ കൃഷി ചെയ്യാം. കാലവർഷാരംഭത്തോടു കൂടി നഴ്സറി തവാരണകളിൽ കറുത്തിരുണ്ട പാകമായ അരികൾ പാകി കൃത്യമായി നനച്ചു കൊടുത്താൽ ആവശ്യത്തിനു തൈകൾ ലഭിക്കും. കൂടാതെ തണ്ടുകൾ വേരുപിടിപ്പിച്ചും തൈകളുണ്ടാക്കാം. സ്ഥലം നന്നായി ഒരുക്കി ജൈവവളങ്ങൾ ചേർത്തു വാരണകളെടുക്കണം.

മഴയുള്ള സമയത്ത് അരയടി അകലത്തിൽ തൈകൾ നടാം. കൃത്യമായി കളകളെടുക്കണം. മൂന്നു മാസം കഴിയുമ്പോൾ ധാരാളം പൂക്കളുണ്ടാകുന്നതോടുകൂടി സമൂലം പറിച്ചെടുത്ത് പച്ചയായോ ഉണക്കിയോ വിപണനം ചെയ്യാം. നനയ്ക്കുവാൻ സൗകര്യമുള്ള തോട്ടങ്ങളിൽ ആണ്ടിൽ പല തവണ വിളവെടുക്കാം. ഒരേക്കറിൽ നിന്നും ചുരുങ്ങിയത് 3000 കിലോഗ്രാം കിട്ടും. അങ്ങനെ ഈ അമൂല്യ ഔഷധിയെ സംരക്ഷിക്കാം.

*ഫോൺ 9495508344*



# തെങ്ങു കയറ്റ തൊഴിലാളികൾക്ക് 5 ലക്ഷത്തിന്റെ ഇൻഷുറൻസ്

**വിഷ്ണുപ്രിയ കെ. ടി**
സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർ, നാളികേര വികസന ബോർഡ്, കൊച്ചി -11

**പരമ്പരാഗത, പാരമ്പര്യേതര തെങ്ങുകയറ്റ തൊഴിലാളികൾക്കും നീര ടെക്നീഷ്യന്മാർക്കും ഈ തൊഴിൽ മേഖലയിൽ സംഭവിക്കാവുന്ന അത്യാഹിതങ്ങളും അപകട സാധ്യതകളും കണക്കിലെടുത്ത് നാളികേര വികസന ബോർഡ് 2011 – ൽ ആവിഷ്കരിച്ച കേര സുരക്ഷ ഇൻഷുറൻസ് പദ്ധതി കൂടുതൽ ആനുകൂല്യങ്ങളോടെ പരിഷ്കരിച്ചിരിക്കുന്നു. പരിഷ്കരിച്ച ഈ കേര സുരക്ഷാ പദ്ധതിയിൽ അംഗങ്ങളാകുന്നപക്ഷം, നാളികേര മേഖലയിൽ പ്രവർത്തിക്കുന്ന തൊഴിലാളികൾക്ക് ഇപ്പോഴത്തെ പ്രത്യേക സാമൂഹിക സാമ്പത്തിക സാഹചര്യത്തിൽ സുരക്ഷയും സംരക്ഷണവും ഉറപ്പു നൽകുന്നു.**



അറബിക്കടലിന്റെ തീരം തൊട്ട് കിടക്കുന്ന, ജൈവ വൈവിധ്യ സമ്പന്നമായ കേരളം, പണ്ടുമുതലെ നാളികേരത്തിന്റെ നാട് എന്നാണ് അറിയപ്പെടുന്നത്. ഐശ്വര്യത്തിന്റെ പ്രതീകമായി വീട്ടുമുറ്റത്തൊരു തെങ്ങു നടുന്ന പാരമ്പര്യം നാട്ടിൻപുറങ്ങളിൽ ഇന്നും ഉണ്ട്. അത്രയ്ക്ക് അഭേദ്യമാണ് മലയാളിയും തെങ്ങും തമ്മിലുള്ള ബന്ധം. ഇന്ന് വിപണിയിൽ വിവിധയിനം ഭക്ഷ്യ എണ്ണകൾ സുലഭമാണ് എന്നാലും, മലയാളികളുടെ അടുക്കളയിൽ വെളിച്ചെണ്ണയോടുള്ള പ്രിയം ഒട്ടും കുറഞ്ഞിട്ടില്ല. ഉപഭോഗ സംസ്കാരത്തിന്റെ കടന്നു കയറ്റത്തിലും നമ്മുടെ പാചകവിധികളിൽ നാളികേരത്തിന്റെ രുചിക്കു പകരം വയ്ക്കാൻ മറ്റൊന്നിനുമാകില്ല എന്ന ബോധ്യമാണ് തേങ്ങയുടെ നിത്യേനയുള്ള ഉപയോഗം കൂടുന്നതിന് കാരണം. കേരളത്തിൽ 14 ജില്ലകളിലായി ഏകദേശം 7.6 ലക്ഷത്തിലധികം ഹെക്ടറിലാണ് തെങ്ങ് കൃഷി ചെയ്യുന്നത്.

തെങ്ങ് കൃഷിയിൽ ഏറ്റവും പ്രധാനപ്പെട്ടതും അപകട സാധ്യത നിറഞ്ഞതുമായ പ്രവർത്തനമാണ് തെങ്ങിന്റെ വിളവെടുപ്പ്. ഇതിനായി ഏകദേശം 10,000 ലധികം തൊഴിലാളികളാണ് ഇന്ന് സജീവമായി കേരളത്തിലുള്ളത്. നാട്ടിടവഴിയിലൂടെ മുളയും തളപ്പുമായി നടന്നു നീങ്ങിയിരുന്ന തെങ്ങു കയറ്റത്തൊഴിലാളികൾ, കേരളത്തിന്റെ ചരിത്രത്താളുകളിലേക്ക് മറഞ്ഞു തുടങ്ങിയതിനു ഒരു കാരണം, ആ ജോലി ഉയർത്തുന്ന വലിയ അപകട സാധ്യതയാണ്. ചില്ലി തെങ്ങുകൾ എന്ന് നാട്ടുഭാഷയിൽ അറിയപ്പെടുന്ന നെടിയ ഇനം തെങ്ങുകൾ കൂടുതലായി വളരുന്ന കേരളത്തിൽ, വിളവെടുപ്പിനായി വളരെ ഉയരത്തിൽ കയറേണ്ട തൊഴിലാളികൾക്ക് തെങ്ങുകയറ്റ യന്ത്രങ്ങളുടെ കടന്നുവരവ് നൽകിയ ആശ്വാസം ചെറുതൊന്നുമല്ല. എന്നിരുന്നാലും, യന്ത്രമുപയോഗിച്ചുള്ള തെങ്ങു കയറ്റത്തിലും അപൂർവമായി അപകട ഭീഷണി ഉള്ളതിനാലാണ്, അവരുടെ ആത്മവിശ്വാസം വർദ്ധിപ്പിക്കുന്നതിനും, വിഷമഘട്ടത്തിൽ കുടുംബങ്ങൾക്ക് കൈത്താങ്ങാകുന്നതിനും നാളികേര വികസന ബോർഡ് തെങ്ങു കയറ്റത്തൊഴിലാളികൾക്ക് അപകട ഇൻഷ്യുറൻസ് എന്ന സഹായസംവിധാനം കേര സുരക്ഷ ഇൻഷുറൻസ് പദ്ധതിയിലൂടെ മുന്നോട്ടു വച്ചത്.

2011-ൽ യൂണൈറ്റഡ് ഇന്ത്യ ഇൻഷ്യുറൻസ് കമ്പനിയുമായി സഹകരിച്ചാണ് ഈ പദ്ധതി ആരംഭിച്ചത്. പക്ഷെ, എന്തുകൊണ്ടോ വളരെ വിരളം തൊഴിലാളികളേ ഈ പദ്ധതിയോട് ആഭിമുഖ്യം കാണിക്കുന്നുള്ളൂ. പരപ്രേരണയാൽ ഇൻഷുറൻസ് പരിരക്ഷയിൽ അംഗങ്ങളായവർ പോലും കാലാവധിയ്ക്കു ശേഷം അതു പുതുക്കുന്നതിനു പലപ്പോഴും താല്പര്യപ്പെടുന്നുമില്ല.

ഇൻഷുറൻസ് പരിരക്ഷ നൽകുന്ന സുരക്ഷിതത്വം പലരും മനസ്സിലാക്കുന്നത്, സാമ്പത്തിക ഭദ്രതയ്ക്ക് കോട്ടം തട്ടുമ്പോഴാണ്. അപകടം സംഭവിച്ചതിനുശേഷം, സാമ്പത്തിക സഹായം ആവശ്യപ്പെട്ടുള്ള പലരുടേയും ഫോൺ വിളികൾ അവസാനിക്കുന്നത് തേങ്ങലോടുകൂടിയോ, കുറ്റബോധത്തോടുകൂടിയോ ആണ്. മഴക്കാലത്തുള്ള തെങ്ങുകയറ്റം പോലെ അപകടം നിറഞ്ഞതാണ് കടന്നലുകളും തേനീച്ചയും കൂടുകൂട്ടിയ തെങ്ങുകളിലെ വിളവെടുപ്പും, കൊടിയ വേനലിൽ വളരെ ഉയരത്തിലുള്ള തെങ്ങുകളിൽ നിന്നുള്ള നീരശേഖരണവും മറ്റും. ഈ പദ്ധതിയുടെ പരിരക്ഷയിൽ മുകളിൽ നിന്നുള്ള വീഴ്ചയോ, കത്തികൊണ്ടുള്ള മുറിവോ മാത്രമല്ല, റോഡപകടങ്ങളും, മൃഗങ്ങളുടെ ആക്രമണവുമെല്ലാം

ഉൾപ്പെടും. ഈ പദ്ധതിയുടെ ഏറ്റവും വലിയ ഗുണം എന്തെന്നാൽ, ചെറിയ തുക മാത്രമേ ഗുണഭോക്താവിന് ചെലവ് വരുന്നുള്ളൂ എന്നതാണ്. മൊത്തം പ്രീമിയത്തിന്റെ 25 ശതമാനം മാത്രമേ ഗുണഭോക്ത്യ വിഹിതമായി അടയ്ക്കേണ്ടതുള്ളൂ. ബാക്കി 75 ശതമാനവും നാളികേര വികസന ബോർഡ് വഹിക്കും.

കഴിഞ്ഞ നാളുകളിൽ സംഭവിച്ച മരണങ്ങളും, അവ ബാക്കിവച്ച ജീവിതങ്ങളുമാണ്, ഈ പദ്ധതിയുടെ കീഴിലെ ആനുകൂല്യങ്ങൾ കൂടുതൽ ആകർഷകമാക്കുന്നതിനു ബോർഡിനെ പ്രേരിപ്പിച്ചത്. 2020 നവംബറിൽ ഓറിയന്റൽ ഇൻഷ്യുറൻസ് കമ്പനിയുമായി ചേർന്ന് ഈ പദ്ധതിയെ കുടുതൽ ആളുകൾക്ക് പ്രയോജകീഭവിക്കത്തക്ക രീതിയിൽ പരിരക്ഷ അഞ്ചു ലക്ഷം രൂപയിലേയ്ക്ക് ഉയർത്തി. ഭാഗികമായ അംഗവൈകല്യം സംഭവിക്കുന്നവർക്ക് 2.5 ലക്ഷം രൂപയും, 24 മണിക്കൂർ എങ്കിലും ആശുപ്രതിയിൽ പ്രവേശിപ്പിക്കേണ്ടി വരുന്നവർക്ക് ചികിത്സാ സഹായം ഒരുലക്ഷം രൂപയായും പുതുക്കി നിശ്ചയിച്ചു. തുടർ ചികിത്സയുടെ ഭാഗമായി വരുന്ന വിശ്രമ കാലയളവിൽ 6 ആഴ്ചത്തേക്ക് പരമാവധി 18,000 രൂപവരെ ഈ പദ്ധതിയുടെ കീഴിൽ സഹായം നൽകുന്നു. കൂടാതെ, ആശുപത്രിയിലെ കൂട്ടിരുപ്പുകാർക്ക് ദിവസം 200 രൂപ നിരക്കിൽ പരമാവധി 15 ദിവസത്തേക്ക് 3000 രൂപയും ലഭിക്കും.

മാറിവരുന്ന സാമൂഹിക സാഹചര്യങ്ങളെ മുൻനിർത്തി, ഈ പദ്ധതിയിൽ ഗുണഭോക്താവായി ചേരുന്നതിന് വേണ്ട നടപടിക്രമം കൂടുതൽ ലളിതമാക്കിയിരിക്കുന്നു. പദ്ധതിയുടെ അപേക്ഷഫോറം ബോർഡിന്റെ ഔദ്യോഗിക വെബ്സൈറ്റായ www.coconutboard.gov.in -ൽ ഡൗൺലോഡ് ചെയ്ത് ഉപയോഗിക്കാവുന്നതാണ്. ഗുണഭോക്താവിന്റെ പദ്ധതി വിഹിതമായ 99 രൂപ അടയ്ക്കുവാൻ രണ്ടു മാർഗ്ഗങ്ങളാണു നിർദ്ദേശിക്കുന്നത്.

1)അപേക്ഷയുടെ രണ്ടാമത്തെ പേജിൽ കാണുന്ന അക്കൗണ്ട് നമ്പറിലേക്ക് ഓൺലൈനായി പണമടയ്ക്കാം. അല്ലെങ്കിൽ

2)നാളികേര വികസന ബോർഡിന്റെ പേരിൽ എറണാകുളത്ത് മാറാവുന്ന ഡിഡി ആയോ അടയ്ക്കാം.

ഓൺലൈനായി പണമടച്ചതിന്റെ രേഖയോ, ഡിഡിയോ അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്. ഈ പദ്ധതിയിൽ അംഗങ്ങളാകുന്നതിന് 18-നും 65-നും മധ്യേ പ്രായ പരിധി നിശ്ചയിച്ചിരിക്കുന്നതിനാൽ ജനന തീയതി തെളിയിക്കുന്ന രേഖയും, അപേക്ഷകൻ തെങ്ങുകയറ്റ തൊഴിലാളിയാണെന്ന് കൃഷി ഓഫീസർ / പഞ്ചായത്ത് പ്രസിഡന്റ് / വാർഡ് മെമ്പർ എന്നിവരിൽ ആരെങ്കിലുമോ നാളികേര സൊസൈറ്റി /ഫെഡറേഷൻ പ്രസിഡന്റ് / ഉത്പാദക കമ്പനി ചെയർമാൻ ഇവരിൽ ആരെങ്കിലുമൊ, സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. നാളികേര വികസന ബോർഡോ മറ്റു സർക്കാർ ഏജൻസികളോ നടത്തിയിട്ടുള്ള തെങ്ങുകയറ്റ പരിശീലന പരിപാടിയിൽ പങ്കെടുത്തിട്ടുള്ളവർ സർട്ടിഫിക്കറ്റിന്റെ പകർപ്പ് അപേക്ഷയോടൊപ്പം സമർപ്പിക്കാവുന്നതാണ്. ഇവർക്ക് വേറെ സാക്ഷ്യപത്രം ആവശ്യമില്ല.

## ക്ലെയിം ചെയ്യുന്നതിനുള്ള നടപടി ക്രമങ്ങൾ

പോളിസി കാലാവധിയുടെ സമയ പരിധിക്കുള്ളിൽ എന്തെങ്കിലും അപകടം സംഭവിച്ചാൽ ആ വിവരം മൂന്ന് ദിവസത്തിനുള്ളിൽ നാളികേര വികസന ബോർഡിലേക്ക് വിളിച്ചറിയിക്കേണ്ടതാണ്. ഇൻഷുറൻസിനായുള്ള അപേക്ഷാ ഫോറം ഓഫീസിൽ ലഭിച്ചു കഴിഞ്ഞാൽ ഒരാഴ്ച്ചയ്ക്കുള്ളിൽ തന്നെ പോളിസിയുടെ പരിരക്ഷ ലഭ്യമായി തുടങ്ങും. അലോപ്പതി ചികിത്സയ്ക്കുള്ള ധനസഹായം എല്ലാ സർക്കാർ -സ്വകാര്യ



ആശുപത്രികളിലും, ആയുർവ്വേദ ചികിത്സാ സഹായം, സർക്കാർ ആയുർവ്വേദ ആശുപത്രികളിലും ലഭ്യമാണ്. സ്വകാര്യ ആയുർവ്വേദ ആശുപത്രികളെ പരിരക്ഷയുടെ പരിധിയിൽ ഉൾപ്പെടുത്തിയിട്ടില്ല.

ചികിത്സ പൂർത്തിയായതിനു ശേഷമാണ് ക്ലെയിമിനായുള്ള അപേക്ഷ സമർപ്പിക്കേണ്ടത്. ക്ലെയിം ഫോം ബോർഡിന്റെ വെബ് സൈറ്റിൽ ലഭ്യമാണ്. ക്ലെയിം ഫോമിന് രണ്ട് ഭാഗങ്ങളാണുള്ളത്. ക്ലെയിം ഫോമിന്റെ ഒരു ഭാഗം ചികിത്സിക്കുന്ന ഡോക്ടർ പൂരിപ്പിക്കേണ്ടതാണ്. അപകടം നടന്ന ദിവസം, സമയം, അപകടത്തിന്റെ സ്വഭാവം, വിശ്രമ കാലയളവ് എന്നിവ കൃത്യമായി പൂരിപ്പിക്കേണ്ടതാണ്. വിശ്രമ കാലാവധി പൂർത്തിയാകുന്ന ദിവസം, ഡോക്ടറിൽ നിന്നും ശാരീരിക ക്ഷമത വീണ്ടെടുത്തു എന്ന സാക്ഷ്യപത്രം കൂടി ക്ലെയിം ഫോമിനോടൊപ്പം സമർപ്പിക്കണം.

### *ചികിത്സാ സഹായത്തിനായി ക്ലെയിം ഫോമിന്റെ കൂടെ സമർപ്പിക്കേണ്ട മറ്റു രേഖകൾ:*

1) ആശുപത്രിയിൽ നിന്നും ലഭ്യമാകുന്ന ഒറിജിനൽ ഡിസ്ചാർജ് സമ്മറി.

2) ആശുപ്രതിയിൽ നിന്നുള്ള മരുന്നിന്റെ ബില്ലുകൾ (എല്ലാ ബില്ലിന്റെയും മറുപുറത്ത് ഡോക്ടറുടെ ഒപ്പും സീലും നിർബന്ധമാണ്)

3) മെഡിക്കൽ ഷോപ്പിൽ നിന്നുള്ള ബില്ലുകൾക്കൊപ്പം ഡോക്ടറുടെ മരുന്ന് കുറിപ്പടിയും സമർപ്പിക്കണം.

4) എക്സറേ / സ്കാൻ റിപ്പോർട്ടുകൾ

5) ശാരീരിക ക്ഷമത തെളിയിക്കുന്നതിനുള്ള ഡോക്ടറുടെ സാക്ഷ്യപത്രം.

6) ബാങ്ക് പാസ്ബുക്കിന്റെ കോപ്പി

* റോഡപകടങ്ങൾക്ക് പോലീസിന്റെ പ്രഥമ വിവര റിപ്പോർട്ടിന്റെ (FIR) പകർപ്പ് കൂടി സമർപ്പിക്കണം.

### *മരണാനന്തര സഹായത്തിനായി ക്ലെയിം ഫോമിന്റെ കൂടെ സമർപ്പിക്കേണ്ട രേഖകൾ*

1) മരണ സർട്ടിഫിക്കറ്റിന്റെ അസൽ

2) പോലീസിന്റെ പ്രഥമ വിവര റിപ്പോർട്ടിന്റെ പകർപ്പ്

3) പോസ്റ്റ് മോർട്ടം റിപ്പോർട്ടിന്റെ പകർപ്പ്

4) ആംബുലൻസ് ബിൽ

5) മരണാനന്തര ചടങ്ങിൽ പങ്കെടുത്ത ഒരാളുടെ (വാർഡ് മെംബർ) സാക്ഷ്യപത്രം.

* അനന്തരാവാകാശ സർട്ടിഫിക്കറ്റ്, അനന്തരാവകാശിയുടെ ആധാർ, ബാങ്ക് പാസ്ബുക്ക് പകർപ്പ് എന്നിവ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതുണ്ട്.

പദ്ധതിയിൽ അംഗമാകുന്നതിനും വിശദ വിവര അന്വേഷണങ്ങൾക്കും നാളികേര വികസന ബോർഡിന്റെ 0484 -2377266 (എക്സ്റ്റൻഷൻ - 255) എന്ന നമ്പറിലേക്ക് വിളിക്കാവുന്നതാണ്. ■

# Coconut Development Board

(Ministry of Agriculture & Farmers Welfare, Government of India)
Kera Bhavan, SRVHS Road, Kochi – 682 011, India

## THE ORIENTAL INSURANCE COMPANY LTD.

(A Government of India Company)
Divisional Office, Tripunithura, Kerala

### കേര സുരക്ഷ ഇൻഷുറൻസിനു വേണ്ടിയുള്ള അപേക്ഷ

| | |
|---|---|
| തെങ്ങുകയറ്റത്തൊഴിലാളിയുടെ/FoCTയുടെ/ നീര ടെക്നീഷ്യന്റെ പേര് : | |
| ആധാർ നമ്പർ | |
| അച്ഛൻ/ ഭർത്താവിന്റെ പേര് : | |

| | | | | | |
|---|---|---|---|---|---|
| വീട്ടു പേര് | | വഴി | | സ്ഥലം | |
| പോസ്റ്റ് ഓഫീസ് | | ജില്ല | | പിൻ കോഡ്* | |

| | |
|---|---|
| മൊബൈൽ: | ലാന്റ്ഫോൺ (with STD code): |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| ജനന തിയ്യതി (DD/MM/YYYY) | DD | MM | YYYY | സ്ത്രീ/ പുരുഷൻ/ മറ്റുള്ളവർ | പട്ടിക ജാതി | പട്ടിക വിഭാഗം | മറ്റു പിന്നോക്ക വിഭാഗം | മറ്റുള്ളവർ |

| | | | |
|---|---|---|---|
| നോമിനിയുടെ പേര്: | | | |
| നോമിനിയുടെ വയസ്സ്: | | അപേക്ഷകനുമായുള്ള ബന്ധം: | |
| നോമിനിയുടെ വിലാസം : | | | |
| തുക അടച്ച രീതി | ഡിഡി ☐ നെഫ്ട് ☐ ഭീം ☐ ഫോൺപേ ☐ ഗൂഗിൾപേ ☐ പേടിഎം ☐ | | |
| ഡിഡി നമ്പർ / യു ടി ആർ നമ്പർ / ട്രാൻസാക്ഷൻ ഐഡി/ യു.പി.ഐ റെഫറൻസ് നമ്പർ: | | അടച്ച തുക (രൂ) | |
| | | തിയ്യതി | |
| പഞ്ചായത്ത്/ കൃഷി ഭവന്റെ പേര് : | | | |

**സാക്ഷ്യപത്രം:** മുകളിൽ പറഞ്ഞിരിക്കുന്ന വിവരങ്ങൾ ശരിയാണെന്ന് സാക്ഷ്യപ്പെടുത്തുന്നു.

തിയതി ___/___/_______ അപേക്ഷകന്റെ ഒപ്പ്

മുകളിൽ പറഞ്ഞിരിക്കുന്ന വ്യക്തി എന്റെ അറിവിലും വിശ്വാസത്തിലും തെങ്ങുകയറ്റ തൊഴിലാളി/ നീര ടെക്നീഷ്യൻ ആണെന്ന് സാക്ഷ്യപ്പെടുത്തുന്നു.

പേരും ഒപ്പും
പഞ്ചായത്ത് പ്രസിഡന്റ്/
കൃഷി ഓഫീസർ/ CPS/CPF പ്രസിഡന്റ് / CPC ചെയർമാൻ

തിയതി ___/___/_____ ഓഫീസ് സീൽ

***ഓഫീസ് ഉപയോഗത്തിനു മാത്രം***

മുകളിൽ പറഞ്ഞിരിക്കുന്ന തെങ്ങുകയറ്റ തൊഴിലാളി/ നീര ടെക്നീഷനെ കേര സുരക്ഷ ഇൻഷുറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

ഓഫീസർ
നാളികേര വികസന ബോർഡ്

തിയതി ___/___/_______ ഓഫീസ് സീൽ

** വയസ്സ് തെളിയിക്കുന്ന രേഖയുടെ പകർപ്പ് അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്. അപേക്ഷകന്റെ പ്രായം 18നും 65നും ഇടയിൽ ആയിരിക്കണം*


| കേരസുരക്ഷ ഇൻഷുറൻസ് പദ്ധതിയുടെ ആനുകൂല്യങ്ങൾ | | |
|---|---|---|
| നമ്പർ | അപകടങ്ങൾക്കു മാത്രം ലഭിക്കുന്ന ആനുകൂല്യങ്ങൾ | ഇൻഷുറൻസ് തുക |
| 1. | മരണം അല്ലെങ്കിൽ പൂർണമായ സ്ഥിര അംഗവൈകല്യം | 5,00,000.00 (ഇൻഷ്വർ തുക) |
| 2. | പൂർണമായ ഭാഗിക അംഗവൈകല്യം | 2,50,000.00 |
| 3. | ആശുപത്രി ചെലവുകളുടെ തിരിച്ചടവ് | 1,00,000.00 |
| 4. | ആംബുലൻസ് ചാർജുകൾ | 3,000.00 |
| 5. | താൽക്കാലിക അംഗവൈകല്യത്തിനുള്ള പ്രതിവാര നഷ്ടപരിഹാരം | 18,000.00 |
| 6. | ആശുപത്രിയിൽ കുറഞ്ഞത് 24 മണിക്കൂർ ചികിത്സ വേണ്ടിവന്നാൽ കൂട്ടിരിപ്പുകാർക്കുള്ള ചെലവ് ദിവസം 200 രൂപ നിരക്കിൽ പരമാവധി 15 ദിവസത്തേയ്ക്ക് | 3,000.00 |
| 7. | അപകടത്തെ തുടർന്ന് മരണം സംഭവിച്ചാൽ സംസ്കാര ചടങ്ങുകളുടെ (ബില്ലുകൾ ഹാജരാക്കിയാൽ) ചെലവ് തുക | 5,000.00 |

**അടയ്ക്കേണ്ട പ്രീമിയം ( നികുതി ഉൾപ്പെടെ)**

| വിഭാഗം | തെങ്ങുകയറ്റ തൊഴിലാളി/ ട്രെയിനി അടയ്ക്കേണ്ട തുക | സിഡിബി നൽകുന്ന സബ്സിഡി | മൊത്തം പ്രീമിയം (രൂപ നികുതി ഉൾപ്പെടെ) |
|---|---|---|---|
| തെങ്ങു കയറ്റ തൊഴിലാളി* | 99.00 | 299.65 | 398.65 |
| ട്രെയിനി | 0 | 398.65 | 398.65 |

* തെങ്ങുകയറ്റ തൊഴിലാളി അടയ്ക്കേണ്ട തുക 99.00 ( തൊണ്ണൂറ്റി ഒൻപതു രൂപ മാത്രം) ഇത് കൊച്ചിയിൽ നാളികേര വികസന ബോർഡിന്റെ പേരിൽ മാറാവുന്ന ഡിമാന്റ് ഡ്രാഫ്റ്റ് വഴിയോ അല്ലെങ്കിൽ നെഫ്റ്റ്/ ഭീം/ ഫോൺപേ/ ഗൂഗിൾപേ/ പേടിഎം വഴി **സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, ഇയാട്ടിൽ ജംങ്ഷൻ** എറണാകുളം ശാഖ **(Account No. 61124170321, IFSC: SBIN0031449)**


*വിവിധ തരം പെയ്മെന്റ് ആപ്പുകളുടെ സ്കീൻ ഷോട്ടുകൾ*





പേടിഎം




ഗൂഗിൾപേ




ഫോൺപേ




ഭീം

---

ഇൻഷുറൻസ് ക്ലെയിമുമായി ബന്ധപ്പെട്ട എല്ലാ രേഖകളും കത്തുകളും സമർപ്പിക്കേണ്ടത് പോളിസി നൽകിയ ഒറിയന്റൽ ഇൻഷുറൻസ് കമ്പനിയുടെ ഓഫീസ് അല്ലെങ്കിൽ നാളികേര വികസന ബോർഡ് എന്നിവയുടെ താഴെ കൊടുത്തിരിക്കുന്ന വിലാസത്തിലാണ്.

**കേരസുരക്ഷാ ഇൻഷുറൻസ് വിഭാഗം**
നാളികേര വികസന ബോർഡ് ആസ്ഥാനം
പോസ്റ്റ് ബോക്സ് നമ്പർ 1021, കേരഭവൻ, എസ്ആർവി എച്ച് എസ് റോഡ്, കൊച്ചി, 682 011
ഫോൺ 0484 2376265, ഫാക്സ് 0484 2377902, ബന്ധപ്പെടേണ്ട വ്യക്തി: സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസർ
Email:ho-stats@coconutboard.gov.in
**കേരസുരക്ഷാ ഇൻഷുറൻസ് വിഭാഗം**
ഒറിയന്റൽ ഇൻഷുറൻസ് കമ്പനി ലിമിറ്റഡ്, ഡിവിഷണൽ ഓഫീസ്, തൃപ്പൂണിത്തുറ, പാലക്കാട്ട് ബിൽഡിങ്, മാർക്കറ്റ് ജംങ്ഷൻ, തൃപ്പൂണിത്തുറ - എറണാകുളം 682 301. ഫോൺ: 0484 2778261, ഫാക്സ് 0484 2778235.
Email: 441800@orientalinsurance.co.in




## മുഖമൊഴി

ഒരു കാലത്ത് വീട്ടു മുറ്റത്തെ ബാങ്കായിരുന്നു മലയാളിക്ക് തെങ്ങ്. അങ്ങിനെയും ഒരു ഭൂതകാലം ഉണ്ടായിരുന്നു. കുട്ടികളുടെ ഫീസ്, പലചരക്കു കടയിലെ പറ്റ്, വീട്ടിലേയ്ക്ക് പുതിയ ജൗളികൾ, മകൾക്ക് ഒരു ജോഡി കമ്മൽ ,മകന് സൈക്കിൾ, പുര കെട്ടി മേയൽ... അങ്ങിനെ ഓരോരോ ആവശ്യങ്ങൾ നിവർത്തിച്ചിരുന്നത് 50 ദിവസം കൂടുമ്പോൾ കച്ചവടക്കാരൻ നൽകുന്ന നാളികേര വിലയുടെ പിൻബലത്തിലായിരുന്നു.

ഓരോ നാട്ടിൻപുറങ്ങളിലും തേങ്ങ കൊപ്രയും വെളിച്ചെണ്ണയുമാക്കി കച്ചവടം നടത്തിയിരുന്ന വ്യാപാരികളുണ്ടായിരുന്നു. ഇവരാണ് വീടുകളിൽ നിന്നും സ്ഥിരമായി നാളികേരം വാങ്ങിയിരുന്നത്. അതിനാൽ വീട്ടിൽ എന്തെങ്കിലും അത്യാവശ്യം നേരിട്ടാൽ ഈ വ്യാപാരിയുടെ പക്കൽ നിന്നാണ് ഗൃഹനാഥൻ മുൻകൂറായി പണം വാങ്ങുക. അടുത്ത തേങ്ങയിടീലി (നാളികേര വിളവെടുപ്പ്)ന് കണക്കു തീർക്കാം എന്നാകും വാക്ക്. ഈ കരാർ കൃത്യമായി പാലിക്കപ്പെടുകയും ചെയ്യും. അതായിരുന്നു കർഷകനും കച്ചവടക്കാരനും തമ്മിലുള്ള ആത്മാർത്ഥത. അന്നൊക്കെ, അക്ഷരാർത്ഥത്തിൽ നാട്ടിൻ പുറത്തെ ധനകാര്യ സ്ഥാപനമായിരുന്നു തേങ്ങക്കച്ചവടക്കാരന്റെ വീട്.

എഡിറ്റർ



*(കടപ്പാട്: കൃഷിയുടെ നന്മപാഠങ്ങൾ - മുരളീധരൻ തഴക്കര)*



## ലോക നാളികേര ദിനം

**കെ വി രാധാകൃഷ്ണൻ,** രാമമംഗലം

നാളികേര ദിനം സെപ്റ്റംബർ രണ്ടതു
നാട്ടിലൊരുത്സവം പോലെ കൊണ്ടാടണം
തെങ്ങിനെ സ്നേഹിക്കുമേവരും കൃത്യമായ്
തെങ്ങിനെയോർക്കും സുദിനമിതു തന്നെ.

നാളികേരത്തിന്റെ നന്മകൾ ഉൾക്കൊള്ളും
നേട്ടങ്ങളെണ്ണി പറയുന്ന സന്ദേശം
ഗ്രാമങ്ങൾ തോറും അതെത്തിക്കഴിഞ്ഞാലെ
നാമേറ്റ ദൗത്യം ഫലസിദ്ധിയിൽ വരൂ.

കേരസംരക്ഷണം മുൻനിർത്തിയാവണം
കർമങ്ങളെല്ലാം പുരോഗമിക്കേണ്ടതും
നാടിന്റെ സമ്പദ് ഘടനയിൽ തെങ്ങിന്റെ
സംഭാവനകൾ ചെറുതല്ല വാസ്തവം.

നട്ടുനനച്ചു വളർത്താമനായാസം
ഇടവിള വേറെ വരുമാന മാർഗ്ഗവും
മുറ്റിത്തഴച്ചു വളരട്ടെ, ഉയരത്തിൽ
ഒറ്റത്തടിയിലെ വിസ്മയം മോഹനം

# തെങ്ങു കയറും തെയ്യങ്ങൾ

പി. ഐ ശങ്കര നാരായണൻ
നവമന, കൊച്ചി - 682017

തെങ്ങുകൾ നിറയുന്ന കേര നാട്ടിൽ, തേങ്ങയിടാൻ ഒരാളെ കിട്ടാത്ത അവസ്ഥയുണ്ടിപ്പോൾ. നാം മടിയന്മാരായിരിക്കുന്നുവോ? തെങ്ങു കേറാനും യന്ത്രം വേണം. അതിനു ധനസഹായം വേണം. പരിശീലനം വേണം, എന്നൊക്കെയായിരിക്കുന്നു. പണ്ടു അങ്ങനെ ആയിരുന്നില്ല. ദൈവങ്ങൾ പോലും തെങ്ങിൽ കയറി തേങ്ങയിട്ടിരുന്നു. അതു കൊണ്ടു കൂടിയാകുമോ കേരളം ദൈവങ്ങളുടെ സ്വന്തം നാട് എന്ന് പറയാറുള്ളത് ആവോ!

ദൈവങ്ങൾ എന്ന വാക്കിന്റെ നാടൻ പ്രയോഗമാണ് തെയ്യങ്ങൾ. അവർക്കായി അനേകം സ്ഥാനങ്ങളും



കാവുകളുമുണ്ട്. കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ വർണ്ണപ്പൊലിമയുള്ള വേഷങ്ങൾ കെട്ടി വിചിത്രമായ ആചാരാനുഷ്ഠാനങ്ങളോടെ ആ തെയ്യങ്ങൾ ജനങ്ങൾക്കിടയിൽ ഉത്സവം ആഘോഷിക്കാറുണ്ട്. അക്കൂട്ടത്തിൽ ഒരു തെയ്യമാണ് കണ്ണൂരിനടുത്തുള്ള അഴീക്കോട്ടെ മുച്ചിരിയൻ തറവാട്ടിൽ കെട്ടിയാടിക്കപ്പെടുന്ന ബപ്പിരിയൻ.

പറമ്പിലെവിടെയും ഓടി നടക്കുന്ന തെയ്യത്തിന്റെ പിന്നാലെ വാദ്യമേളവും, കത്തിച്ച ചൂട്ടുകളുമായി ആൾക്കൂട്ടമുണ്ടാകും. പെട്ടെന്നാവും തെയ്യത്തിന്റെ വക തെങ്ങിൽ കയറ്റം! കാലിൽതളപ്പു പോലുമില്ലാതെയാവും കയറുന്നത്. തെങ്ങിന്റെ മണ്ടയിലെത്തിയ തെയ്യം കുരങ്ങനെപ്പോലെ ഇളിച്ചു കാട്ടുകയും മടലും തേങ്ങയുമൊക്കെ പറിച്ചു താഴേയ്ക്ക് എറിയുകയും ചെയ്യും.

വികൃതികൾ കാട്ടുന്ന ഈ ബപ്പിരിയൻ തെയ്യം ചില്ലറക്കാരനല്ല. ബപ്പിരിയൻ സാക്ഷാൽ ഹനുമാനാണ് എന്നത്രെ സങ്കൽപം. സീതയെഅന്വേഷിച്ചു പോയ ഹനുമാൻ ലങ്കാപുരിയിലെ ഉദ്യാനം നശിപ്പിക്കുന്നതാണ് ഇതിനു പിന്നിലെ ഐതിഹ്യം. ഹനുമാന്റെ ലങ്കാപ്രവേശമാണ് തെങ്ങു കയറ്റം.

മരത്തിൽ കയറുകയോ സാഹസികമായി വികൃതികൾ കാട്ടുകയോ ചെയ്യുന്ന കുട്ടികളെ പണ്ടത്തെ വടക്കൻ മുത്തശ്ശിമാർ ശകാരിച്ച രീതിയും ഓർമ്മവരുന്നു. ഇതെന്തൊരു ബപ്പിരിയനാണപ്പാ! പൊറുതി മുട്ടലോടെ അവർ പറയും.

ബപ്പിരിയൻ തെയ്യത്തിന്റെ വേഷവിധാനങ്ങളിൽ പ്രാദേശികമായി ചില വ്യത്യാസങ്ങൾ കണ്ടേക്കാം. അധികം ആർഭാടമില്ലാത്ത ലളിതമായ വേഷമാണ് ഒന്ന്. ഉടുത്തു കെട്ടും കിരീടവും വർണ്ണാഭമാക്കിയുള്ളത് മറ്റൊന്ന്.

കാസർഗോഡ് ജില്ലയിലെ നീലേശ്വരത്തുള്ള പാടാർകുളങ്ങര ക്ഷേത്രത്തിലുമുണ്ട് തെങ്ങു കയറ്റക്കാരായ രണ്ടു തെയ്യങ്ങൾ. പാടാർകുളങ്ങര ഭഗവതിയുടെ ദ്വാരപാലകരായ, അംഗരക്ഷ



കരായ ചങ്ങനും പൊങ്ങനും. കളിയാട്ടത്തിന്റെ അഞ്ചാം ദിവസം ഇവർ ക്ഷേത്രത്തിന്റെ വക പറമ്പുകളിലെ തെങ്ങുകൾ കയറി തേങ്ങയിടാറുണ്ട്. ആർത്തു വിളിച്ചു പിന്നാലെ എത്തുന്ന കുട്ടികളുടേയും ആൾക്കൂട്ടത്തിന്റേയും പ്രോത്സാഹനമാണ് തളപ്പു പോലും ഇല്ലാതെ തെങ്ങിൽ കയറുന്ന തെയ്യങ്ങളുടെ ഊർജ്ജം.

ബപ്പിരിയിൻ തെയ്യത്തിന്റെ വർണ്ണപകിട്ടൊന്നും ചങ്ങൻ - പൊങ്ങൻ തെയ്യങ്ങൾക്കില്ല. സാധാരണക്കാരുടെ വേഷം. പാളകൊണ്ട് ഒരു മുഖം മൂടിയോ തൊപ്പിയോ കണ്ടേക്കാം. ഒരു വാളും, പേടിക്കാനൊന്നുമില്ല. കാരണം വാൾ തെങ്ങിൻ മടൽ കൊണ്ട് ഉണ്ടാക്കിയതാണ്.

ഒരു കാര്യം കൂടി പറയട്ടെ. കേരളത്തിനകത്തും പുറത്തും പ്രശസ്തമായ പറശ്ശിനിക്കടവ് മുത്തപ്പന്റെ ഐതിഹ്യത്തിലും കാണാം തെങ്ങുകയറ്റത്തിന്റെ രസികൻ കഥ.

*ഫോൺ 9388414034*

## നാളികേര വികസന ബോർഡിൽ ഹിന്ദി വാരാഘോഷം 2021 ഉദ്ഘാടനം ചെയ്തു



നാളികേര വികസന ബോർഡിൽ ഈ വർഷത്തെ ഹിന്ദി വാരാഘോഷങ്ങളുടെ ഉദ്ഘാടനം ഹിന്ദി ദിനമായ സെപ്റ്റംബർ 14 ന് നടന്നു. ബോർഡ് സെക്രട്ടറി ശ്രീ.ആർ മധു, നിലവിളക്കു തെളിച്ച് വാരാഘോഷം ഉദ്ഘാടനം ചെയ്തു. തുടർന്ന് അദ്ദേഹം അധ്യക്ഷ പ്രസംഗം നടത്തി. ബോർഡിന്റെ മാർക്കറ്റിംങ് വിഭാഗം ഡെപ്യൂട്ടി ഡയറക്ടർ ശ്രീമതി ദീപ്തി നായർ. എസ്. ചടങ്ങിന് ആശംസകൾ നേർന്നു. ഔദ്യോഗിക ഭാഷാവിഭാഗം അസിസ്റ്റന്റ് ഡയറക്ടർ ശ്രീമതി എസ് ബീന സ്വാഗതം ആശംസിച്ചു. ചടങ്ങിൽ പങ്കെടുത്ത ഉദ്യോഗസ്ഥർ എല്ലാവരും, കേന്ദ്ര ഗവൺമെന്റിന്റെ ആഭ്യന്തര മന്ത്രാലയത്തിനു കീഴിലുള്ള ഔദ്യോഗിക ഭാഷാ വകുപ്പ് പുറത്തിറക്കിയ ഔദ്യോഗികഭാഷാപ്രതിജ്ഞ എടുത്തു. ബോർഡ് ചെയർമാന്റെ ഇതു സംബന്ധിച്ച സന്ദേശവും തദവസരത്തിൽ വായിച്ചു

## ലോക നാളികേര ദിനം ആഘോഷിച്ചു

കൈപ്പുഴ നാളികേര ഉൽപാദക കമ്പനിയുടെയും മൈനാഗപ്പിള്ളി കടപ്പ വാർഡ് കോക്കനട്ട് ഉൽപാദക സംഘത്തിന്റെയും ആഭിമുഖ്യത്തിൽ ലോക നാളികേര ദിനം ആഘോഷിച്ചു. കമ്പനി അങ്കണത്തിൽ ചേർന്ന യോഗം പഞ്ചായത്ത് പ്രസിഡന്റ് പിഎം സെയ്ദ് ഉദ്ഘാടനം ചെയ്തു. നാളികേര വികസന ബോർഡിന്റെ എഇപി പദ്ധതിയുടെ കൈപ്പുഴ മേഖലയിലെ ഉദ്ഘാടനവും അദ്ദേഹം നിർവഹിച്ചു. പഞ്ചായത്ത് അംഗം ശ്രീമതി ഷീബ സിജു അധ്യക്ഷയായിരുന്നു. കമ്പനി ചെയർമാൻ ശ്രീ ഷാജഹാൻ കാഞ്ഞിരവിളയിൽ മുഖ്യപ്രഭാഷണം നടത്തി. മികച്ച പ്രവർത്തനത്തിന് മൈനാഗപ്പിള്ളി കൃഷി ഓഫീസർ ശ്രീമതി സ്മിതയെ ചടങ്ങിൽ കടപ്പ നാളികേര ഉൽപാദക സംഘം പ്രസിഡന്റ് ശ്രീ സിജു വൈദ്യൻ കോശി ആദരിച്ചു. മികച്ച കർഷകനായി തെരഞ്ഞെടുക്കപ്പെട്ട ശ്രീ രമേശനെ ശ്രീമതി ഷീബ സിജുവും ആദരിച്ചു.



അഡ്വ.സുധീർ ജേക്കബ്, ജോൺസൺ വൈദ്യൻ, യേശുദാസ്, പഞ്ചായത്ത് വൈസ് പ്രസിഡന്റ് ശ്രീമതി ലാലി ബാബു, എബി പാപ്പച്ചൻ തുടങ്ങിയവർ പ്രസംഗിച്ചു.. ശ്രീ.മാത്യു വൈദ്യൻ നന്ദി പറഞ്ഞു.



*നാളികേര വികസന ബോർഡ് മെംബർ ശ്രീ. സുരേഷ് ഗോപി എം.പി എറണാകുളം ജില്ലയിൽ ചേരാനല്ലൂരിൽ പണ്ഡിറ്റ് കറുപ്പൻ സമൃതി മണ്ഡപത്തിനു സമീപം തെങ്ങിൻ തൈ നടുന്നു*

## സിഡിബി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിൽ ഓൺലൈൻ പരിശീലനം



നാളികേര വികസന ബോർഡിന്റെ കീഴിൽ സൗത്ത് വാഴക്കുളത്തു പ്രവർത്തിക്കുന്ന സിഡിബി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിൽ കൃഷിക്കാർക്കും സംരംഭകർക്കുമായി ഏകദിന പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നു. ഓൺലൈനായാണ് ക്ലാസുകൾ. ഫീസ് 300 രൂപ. നാളികേരാധിഷ്ഠിത ഉൽപ്പന്നങ്ങളുടെ നിർമ്മാണ പരിശീലനമാണ് നൽകുക. അഞ്ച് ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്ന വിധം വിഡിയോയിൽ കാണിക്കും. താൽപ്പര്യമുള്ളവർക്ക് 0484 2679680 എന്ന നമ്പരിൽ ബന്ധപ്പെട്ട് പേരുകൾ രജിസ്റ്റർ ചെയ്യാവുന്നതാണ്.

# തെങ്ങിൻ തോപ്പിൽ ഒക്ടോബറിലെ കൃഷിപ്പണികൾ

സംസ്ഥാനത്തുടനീളം കഴിഞ്ഞ വർഷത്തെ പോലെ സെപതംബർ മാസത്തിലും പൊതുവെ മഴ ലഭിക്കുകയുണ്ടായി. ചില പ്രദേശങ്ങളിൽ ശക്തമായ മഴ തന്നെ കിട്ടി. സെപ്റ്റംബറിൽ അത്ര പതിവില്ലാത്ത ഈ മഴ കേരമേഖലയ്ക്ക് ഒരേ സമയം ഗുണവും ദോഷവും ആണ്. നനയെ ആശ്രയിച്ച് കൃഷി ചെയ്യുന്ന പ്രദേശങ്ങളിൽ ഈ മാസം തെങ്ങിന് ജലസേചനം നല്കേണ്ടതില്ല എന്നതാണ് പ്രയോജനം. പക്ഷെ അനവസരത്തിലെ മഴയും മൂടിക്കെട്ടിയ ദിനാന്തരീക്ഷവും തെങ്ങുകളിൽ രോഗകീട ആക്രമണ സാധ്യത വർധിപ്പിക്കുന്നു. അതിനാൽ കൃഷിക്കാർ ജാഗ്രത പുലർത്തുകയും രോഗ കീടങ്ങളുടെ നിയന്ത്രണത്തിനാവശ്യമായ പ്രതിരോധ നടപടികൾ അടിയന്തിരമായി സ്വീകരിക്കുകയും ചെയ്യണം.

### തൈ നടീൽ


നീർ വാർച്ച കുറഞ്ഞ താഴ്ന്ന പ്രദേശങ്ങളിൽ ഇപ്പോൾ തെങ്ങിൻ തൈകൾ നടാം. തെങ്ങിൻ തൈകൾ നട്ട കുഴികളിൽ വെള്ളം കെട്ടി നിൽക്കാതിരിക്കാൻ ആവശ്യത്തിന് നീർവാർച്ചാ സൗകര്യം ഏർപ്പെടുത്തണം.

### ജലസേചനം

മഴ ലഭിക്കാത്ത മേഖലകളിൽ തൈകൾ നനച്ചു കൊടുക്കണം. കാലവർഷത്തിനു ശേഷം തോട്ടത്തിൽ ആവശ്യത്തിന് ഈർപ്പം ലഭിക്കത്തക്ക വിധം മഴ കിട്ടുന്നില്ലെങ്കിൽ ഒക്ടോബറിൽ കായ്ക്കുന്ന തെങ്ങുകൾക്ക് ജലസേചനം നൽകാം. തടം നനയ്ക്കുന്ന രീതിയാണ് അനുവർത്തിക്കുന്നതെങ്കിൽ തെങ്ങൊന്നിന് നാലു ദിവസത്തിലൊരിക്കൽ 200–250 ലിറ്റർ വെള്ളം ലഭ്യമാക്കണം. തെങ്ങിന് അനുയോജ്യമായ ജലസേചന രീതി കണിക ജലസേചനമാണ്. (തുള്ളി നന) തെങ്ങിന്റെ ചുവട്ടിൽ നിന്നും ഒരു മീറ്റർ അകലത്തിൽ നാലിടത്തായി തടത്തിനകത്ത് ഒരടി നീളവും വീതിയും ആഴവുമുള്ള കുഴികൾ തുല്യ അകലത്തിലായി കുഴിക്കണം. മണൽ മണ്ണാണെങ്കിൽ ആറ് കുഴികൾ വേണം. കുഴികൾ ചകിരിചോറ് ഉപയോഗിച്ച് നിറയ്ക്കുക. കണിക ജലസേചനത്തിനുപയോഗിക്കുന്ന ഡ്രിപ്പറുകൾ/ മൈക്രോട്യൂബുകൾ ഈ കുഴികളുടെ അടിഭാഗത്തെത്തുന്ന വിധം പോളിത്തീൻ കുഴലുകൾ വഴി ഇറക്കി വയ്ക്കണം. ഇങ്ങനെ ഡ്രിപ്പറുകൾ ക്രമീകരിച്ചു വയ്ക്കുന്നതുവഴി ജലസേചനത്തിനുപയോഗിക്കുന്ന വെള്ളം നഷ്ടപ്പെടുന്നത് പരമാവധി ഒഴിവാക്കാം. തെങ്ങൊന്നിന് പ്രതിദിനം 30 – 45 ലിറ്റർ വെള്ളം കണിക ജലസേചനം വഴി ലഭ്യമാക്കണം.

### വളപ്രയോഗം

ജലസേചന സൗകര്യമുള്ള തോട്ടങ്ങളിൽ രണ്ടാം ഗഡുവായി രാസവളങ്ങളുടെ നാലിലൊരു ഭാഗം സെപ്റ്റംബറിൽ നൽകിയിട്ടില്ലെങ്കിൽ ഒക്ടോബറിൽ അവ ചേർത്തു കൊടുക്കണം. നല്ല മഴയുള്ള ദിവസങ്ങളിൽ വളപ്രയോഗം ഒഴിവാക്കാവുന്നതാണ്.




ജൂൺ മാസത്തിൽ നട്ട തെങ്ങിൻ തൈകൾക്ക് ആദ്യത്തെ രാസവള പ്രയോഗം ഒക്ടോബറിൽ നടത്താം. തൈ ഒന്നിന് 100 ഗ്രാം യൂറിയ, 200 ഗ്രാം മ്യൂറിയേറ്റ് ഓഫ് പൊട്ടാഷ്, 150 ഗ്രാം റോക്ക് ഫോസ്ഫേറ്റ് എന്ന തോതിൽ ചേർത്തു കൊടുക്കണം.

പൊതുവായി നിർദ്ദേശിച്ച അളവിനു പകരം തെങ്ങിൻ തോട്ടത്തിലെ മണ്ണു പരിശോധനാ ഫലത്തിന്റെ അടിസ്ഥാനത്തിൽ നിർദ്ദേശിക്കുന്ന അളവിൽ നൽകാവുന്നതാണ്. ഇതാണ് അഭികാമ്യം

### ഇടയിളക്കൽ

സെപ്റ്റംബറിൽ തെങ്ങിൻ തോട്ടത്തിൽ കളനിയന്ത്രണത്തിനും ഈർപ്പം സംരക്ഷിക്കുന്നതിനുമായി ഇടയിളക്കിയിട്ടില്ലെങ്കിൽ ഒക്ടോബറിൽ ഉഴുതോ കിളച്ചോ ഇടയിളക്കൽ നടത്താം.

തെങ്ങിൻ തോട്ടത്തിൽ ഉഴവ് നടത്തുകയോ കിളക്കുകയോ ചെയ്യുമ്പോൾ തെങ്ങിൻ തടിക്ക് ക്ഷതം പറ്റാതെ സൂക്ഷിക്കണം.

### നഴ്സറി പരിപാലനം

ആവശ്യമെങ്കിൽ നഴ്സറിയിൽ നിന്നും കളകൾ നീക്കം ചെയ്യണം.

അഞ്ചു മാസം കഴിഞ്ഞിട്ടും മുളയ്ക്കാത്ത വിത്തു തേങ്ങകളുണ്ടെങ്കിൽ അവ നഴ്സറിയിൽ നിന്നും നീക്കണം.

ഉണങ്ങിയ പുല്ലോ തെങ്ങോലകളോ ഉപയോഗിച്ച് നഴ്സറിയിൽ പുതയിടണം. അതല്ലെങ്കിൽ പയറു വർഗ്ഗത്തിൽപ്പെട്ട പച്ചിലവളച്ചെടികൾ നഴ്സറിയിൽ വളർത്തിയും പുത നൽകാം.

കഴിഞ്ഞ മാസം നല്ല മഴ ലഭിക്കാത്ത മേഖലകളിലെ നഴ്സറികളിൽ തൈകൾക്ക് ജലസേചനം നൽകണം.

### പുതയിടൽ

തെങ്ങിൻ തടത്തിൽ സെപ്റ്റംബറിൽ പുതയിട്ടിട്ടില്ലെങ്കിൽ ഒക്ടോബറിൽ പുതയിടൽ നടത്തണം. തെങ്ങിൻ തോട്ടത്തിൽ



തന്നെ ലഭ്യമായ ഉണങ്ങിയ തെങ്ങോലകൾ പുതയിടാനായി ഉപയോഗിക്കാം.

## സസ്യ സംരക്ഷണം

തെങ്ങിൻ തോട്ടത്തിൽ ഏതെങ്കിലും കീടമോ രോഗമോ കാണപ്പെട്ടാൽ ഉചിതമായ സസ്യ സംരക്ഷണ നടപടികൾ അനുവർത്തിക്കണം.

## കീട നിയന്ത്രണം

***കൊമ്പൻ ചെല്ലി***

തെങ്ങിന്റെ മണ്ട വൃത്തിയാക്കുമ്പോൾ ചെല്ലിക്കോലുപയോഗിച്ച് കൊമ്പൻ ചെല്ലിയെ കുത്തിയെടുത്ത് നശിപ്പിക്കുക.

വളക്കുഴികളിലും ചെല്ലിയുടെ പുഴുക്കൾ വളരുന്ന മറ്റിടങ്ങളിലും മെറ്റാ റൈസിയം കുമിൾ തളിച്ചു കൊടുക്കുക. ചെല്ലികൾ പെരുകുന്ന ഇടങ്ങളിൽ പെരുവലം എന്ന കള സസ്യം വേരോടെ പിഴുതിടുക.

തെങ്ങിൻ തൈകളിൽ തിരി നാമ്പിനു ചുറ്റുമുള്ള മൂന്ന് ഓലക്കവിളുകളിൽ ഓരോ പാറ്റാഗുളിക (നാലു ഗ്രാം) വീതം നിക്ഷേപിച്ച് മുകളിൽ മണൽ നിറയ്ക്കുക.

വലിയ തെങ്ങുകളിൽ തിരിനാമ്പിനു ചുറ്റുമുള്ള മൂന്നു നാല് ഓലക്കവിളുകളിൽ 250 ഗ്രാം മരോട്ടി/ വേപ്പിൻ പിണ്ണാക്ക് തുല്യ അളവ് മണലുമായി ചേർത്ത് നിറച്ചു കൊടുക്കുക.

ക്ലോറാൻ ട്രിനിലിപ്രോൾ അടങ്ങിയ പച്ച ലേബലിലുള്ള കീടനാശിനി മൂന്നു ഗ്രാം തുണിക്കിഴികളിലാക്കി തിരിനാമ്പിനു ചുറ്റുമുള്ള മൂന്നു നാല് ഓലക്കവിളുകളിൽ നിക്ഷേപിക്കുക.

***ചെമ്പൻ ചെല്ലി***

കീടബാധയേറ്റ ഭാഗം ചെത്തി മാറ്റി ഇമിഡാക്ലോപ്രിഡ് (0.02%) ഒരു മില്ലി ലിറ്റർ ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലർത്തി കീടബാധയേറ്റ ഭാഗത്തുകൂടി ഒഴിച്ചു കൊടുക്കുക.



മുൻ കരുതൽ എന്ന നിലയിൽ 1) തെങ്ങിൻ തടിയിൽ മുറിവുണ്ടാകാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കുക. 2) കൂമ്പു ചീയൽ, കൊമ്പൻ ചെല്ലി എന്നിവയ്ക്കെതിരെ പ്രതിരോധ നടപടികൾ സ്വീകരിക്കുക. 3) പച്ച മടലുകൾ കഴിവതും ഒരു മീറ്റർ എങ്കിലും നീട്ടി മാത്രം വെട്ടുക. 4) ചെല്ലി ബാധ കൊണ്ട് നശിച്ച തെങ്ങുകൾ വെട്ടിക്കീറി തീയിട്ടു നശിപ്പിക്കുക.

***മണ്ടരി***

പരാഗണം കഴിഞ്ഞ അഞ്ച് ഇളം കുലകളിൽ വെളുത്തുള്ളി - വേപ്പെണ്ണ - സോപ്പ് മിശ്രിതം (200 ഗ്രം + 20 മില്ലി ലിറ്റർ + അഞ്ചു ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ) അല്ലെങ്കിൽ അസാഡിരാക്റ്റിൻ (ഒരു ശതമാനം) നാലു മില്ലി ലിറ്റർ ഒരു ലിറ്റർ വെള്ളത്തിൽ അല്ലെങ്കിൽ പാമോയിൽ (200 മില്ലി ലിറ്റർ) സൾഫർ (അഞ്ചു ഗ്രാം) സോപ്പ് (12 ഗ്രാം) 800 മില്ലി ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ തയ്യാറാക്കി തളിക്കുക.

അസാഡിറാക്റ്റിൻ (1 %) 10 മില്ലി ലിറ്റർ തുല്യ അളവ് വെള്ളവുമായി ചേർത്ത് വേരിലൂടെ നൽകുന്നതും ഫലപ്രദമാണ്.



***പൂങ്കുലച്ചാഴി***

വേപ്പെണ്ണ - സോപ്പ് എമൽഷൻ (0.5%) പരാഗണം കഴിഞ്ഞ കുലകളിൽ തളിക്കുക. (അഞ്ചു മില്ലി ലിറ്റർ വേപ്പെണ്ണ + എട്ടു ഗ്രാം ബാർസോപ്പ് ഒരു ലിറ്റർ വെള്ളത്തിൽ)

***വെള്ളീച്ച***

രാസകീടനാശിനികളൊന്നും ഉപയോഗിക്കരുത്.

കരിംപൂപ്പൽ ഇളകിപ്പോകാൻ ഒരു ശതമാനം വീര്യത്തിൽ സ്റ്റാർച്ച് (കഞ്ഞിപ്പശ) തളിക്കുക.

അത്യാവശ്യ ഘട്ടത്തിൽ 0.5 % വീര്യത്തിൽ വേപ്പെണ്ണ എമൽഷൻ തളിക്കാം.

## രോഗനിയന്ത്രണം.

***കൂമ്പു ചീയൽ***

കൂമ്പു ചീയൽ ബാധിച്ച് അഴുകിയ ഭാഗങ്ങൾ നീക്കം ചെയ്ത് ബോർഡോ കുഴമ്പ് പുരട്ടിയ ശേഷം മഴ വെള്ളം വീഴാത്ത വിധത്തിലും എന്നാൽ വായു സഞ്ചാരം കിട്ടത്തക്ക വിധത്തിലും പോളിത്തീൻ സഞ്ചികൊണ്ട് നാമ്പ് മൂടണം.



ചുറ്റുമുള്ള തെങ്ങുകൾക്ക് ഒരു ശതമാനം വീര്യത്തിലുള്ള ബോർഡോ മിശ്രിതം തളിക്കുക.

തെങ്ങിൻ തോട്ടത്തിൽ നീർ വാർച്ച ഉറപ്പാക്കുക.

***ചെന്നീരൊലിപ്പ്***

തെങ്ങിൻ തടിയോട് ചേർത്ത് ചുവട്ടിൽ ചപ്പ് കൂട്ടിയിട്ട് കത്തിക്കുന്നത് ഒഴിവാക്കുക.

രോഗം ബാധിച്ച ഭാഗത്ത് ട്രൈക്കോഡർമ്മ ടാൽക് മിശ്രിതം കുഴമ്പു രൂപത്തിലാക്കി തേച്ച് പിടിപ്പിക്കുക.

തോട്ടത്തിൽ നീർവാർച്ചാ സൗകര്യം ഉറപ്പുവരുത്തുക.

ജൈവ വളങ്ങൾക്കൊപ്പം അഞ്ചു കിലോ ഗ്രാം വേപ്പിൻ പിണ്ണാക്ക് 100 ഗ്രാം ട്രൈക്കോഡർമ്മ ചേർത്ത് ഇട്ടു കൊടുക്കുക.

***ഓല ചീയൽ***





നാമ്പോലയുടേയും അതിനു താഴെയുള്ള രണ്ട് ഓലകളുടേയും അഴുകിയ ഭാഗങ്ങൾ നീക്കം ചെയ്ത് നശിപ്പിക്കുക. അതിനു ശേഷം ഹെക്സാകൊണാസോൾ 5 ഇ.സി. രണ്ടു മില്ലി ലിറ്റർ അളവിൽ 300 മില്ലി ലിറ്റർ വെള്ളത്തിൽ കലക്കി നാമ്പോലയുടെ കവിളിൽ ഒഴിച്ചു കൊടുക്കുക. അല്ലെങ്കിൽ സ്യൂഡോമോണാസ് ഫ്‌ളൂറസൻസ്, ബാസിലസ് സബ്ടിലിസ് ടാൽക് മിശ്രിതം 50 ഗ്രാം 500 മില്ലി ലിറ്റർ കലക്കി ഒഴിച്ചു കൊടുക്കുക.

***തഞ്ചാവൂർ വാട്ടം***



രോഗം ബാധിച്ച് പൂർണ്ണമായും നശിച്ച തെങ്ങുകൾ വേരോടെ പിഴുതു നശിപ്പിക്കുക.

രോഗം ബാധിച്ച തെങ്ങിനു ചുറ്റും 60 സെന്റി മീറ്റർ ആഴത്തിലും 30 സെന്റി മീറ്റർ വീതിയിലുമായി കിടങ്ങ് കുഴിച്ച് മറ്റു തെങ്ങുകളിലേക്ക് രോഗം പടരുന്നത് തടയുക.

ട്രൈക്കോഡർമ്മ ചേർത്ത വേപ്പിൻ പിണ്ണാക്ക് തെങ്ങൊന്നിന് അഞ്ച് കിലോ ഗ്രാം എന്ന തോതിൽ ചേർത്തു കൊടുക്കുക. തെങ്ങിൻ തടം നനച്ചു കൊടുക്കുകയും ഓലകളും ചപ്പു ചവറുകളുമുപയോഗിച്ച് പുതയിടുകയും ചെയ്യുക.



***മച്ചിങ്ങ പൊഴിച്ചിലും ഇളംകായ് കൊഴിച്ചിലും***

കനത്ത മഴയും തുടർന്നുള്ള വെയിലും വിളകളിൽ നിരവധി കീടങ്ങളുടെയും രോഗങ്ങളുടെയും ആക്രമണത്തിന് കാരണമാകുന്നുണ്ട്. അടുത്ത കാലത്തായി കേര കർഷകർക്ക് നേരിടേണ്ടി വന്ന ഒരു പ്രശ്നമാണ് ചില പ്രദേശങ്ങളിലെ തെങ്ങുകളിൽ വ്യാപകമായി കണ്ട മച്ചിങ്ങ പൊഴിച്ചിലും ഇളംകായ് കൊഴിച്ചിലും. കീടരോഗബാധയും, പോഷക മൂലകങ്ങളുടെ അഭാവവും മച്ചിങ്ങ പൊഴിച്ചിലിനും ഇളംകായ് കൊഴിച്ചിലിനും കാരണമാകാം. ആഗസ്റ്റ് മാസത്തിൽ ലഭിച്ച മഴയ്ക്കു ശേഷമാണ് ഈ പ്രശ്നം പ്രധാനമായും അനുഭവപ്പെട്ടത്. സെപ്റ്റംബറിലും കനത്ത മഴ തുടരുന്ന സാഹചര്യം രോഗബാധ വർദ്ധിപ്പിക്കുന്നു. പ്രധാനമായും മണ്ഡരി, പൂങ്കുലച്ചാഴി എന്നീ കീടങ്ങളുടെ ആക്രമണവും ഫൈറ്റോഫ്ത്തോറ പാമിവോറ, ലാസിയോഡിപ്ലോഡിയ തിയോബ്രോമെ എന്നീ കുമിളുകളുടെ ആക്രമണവും തെങ്ങിൽ മച്ചിങ്ങ പൊഴിച്ചിലിനും ഇളം കായ് കൊഴിച്ചിലിനും കാരണമാകുന്നു. ഫൈറ്റോഫ്ത്തോറ കുമിൾ ബാധ കൂടുതലായും കാലവർഷ സമയത്താണ് കണ്ടുവരുന്നത്. ഫൈറ്റോഫ്ത്തോറ മൂലം തിളച്ച വെള്ളം വീണ് പൊള്ളലേറ്റ പോലുള്ള പാടുകൾ കാണുന്നു. എന്നാൽ ലാസിയോഡിപ്ലോഡിയ ബാധ കൂടുതലും കാണപ്പെടുന്നത് മണ്ഡരി, പൂങ്കുലച്ചാഴി എന്നീ കീടങ്ങളുടെ ആക്രമണമുള്ള തോട്ടങ്ങളിൽ പ്രധാനമായും കാലവർഷത്തിന്റെ അവസാനത്തോടെയാണ്. ഈ കുമിൾ ബാധ മൂലം മോടഭാഗം തവിട്ടുനിറത്തിൽ അഴുകിയിരിക്കും.

***നിയന്ത്രണ മാർഗ്ഗങ്ങൾ***

1. മഴക്കാലാരംഭത്തിൽ തന്നെ തെങ്ങിന്റെ മണ്ട വൃത്തിയാക്കുക

2. ഫൈറ്റോഫ്ത്തോറ കുമിൾ രോഗബാധ കാണുന്ന തേങ്ങാക്കുലകളിൽ ഒരു ശതമാനം വീര്യമുള്ള ബോർഡോ മിശ്രിതം തളിക്കുക

3. ലാസിയോ ഡിപ്ലോഡിയ എന്ന കുമിൾ മൂലമാണ് ഇളം കായ്കൾ കൊഴിയുന്നതെങ്കിൽ, കാർബോഡാസിയം 50% WP ഒരു ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ കലർത്തി രോഗം ബാധിച്ച തെങ്ങിൻ കുലകളിൽ തളിക്കുക. ഒരു മാസത്തിന് ശേഷം ഇത് ആവർത്തിക്കുക.

മണ്ഡരി/പൂങ്കുലച്ചാഴി ബാധയെക്കെതിരെ തേങ്ങാക്കുലകളിൽ 2% വീര്യത്തിലുള്ള വേപ്പെണ്ണ ലായനി തളിക്കുക. കൂടാതെ ഓലക്കവിളുകളിൽ നിന്നും പൂങ്കുലച്ചാഴികളെ അകറ്റുന്നതിന് വേപ്പെണ്ണ ലായനി ഓലക്കവിളുകളിലും തളിക്കണം. ■

*തയ്യാറാക്കിയത് : ഡോ. സി. തമ്പാൻ, ഡോ. പി. സുബ്രഹ്മണ്യൻ, സി.പി.സി.ആർ.ഐ കാസറഗോഡ്, ഡോ. ജോസഫ് രാജ്കുമാർ, സി.പി.സി.ആർ.ഐ പ്രാദേശിക കേന്ദ്രം, കായംകുളം.*

# കമ്പോള അവലോകനം

## ആഭ്യന്തര വില നിലവാരം

### വെളിച്ചെണ്ണ

കേരളത്തിലെ കൊച്ചി, ആലപ്പുഴ വിപണികളിൽ 2021 ഓഗസ്റ്റ് മാസത്തിൽ വെളിച്ചെണ്ണ വിലയിൽ സമ്മിശ്ര പ്രവണത ദൃശ്യമായി. കോഴിക്കോട്ട് വിപണിയിൽ മാന്ദ്യം അനുഭവപ്പെട്ടു. വിപണി തുറന്നപ്പോൾ കൊച്ചിയിലും ആലപ്പുഴയിലും ക്വിന്റലിന് 17400 രൂപയിലും കോഴിക്കോട് ക്വിന്റലിന് 18000 രൂപയ്ക്കുമാണ് വ്യാപാരം ആരംഭിച്ചത്. മാസാവസാനം കൊച്ചിയിലും ആലപ്പുഴയിലും ക്വിന്റലിന് 17400 രൂപയ്ക്കും കോഴിക്കോട്ട് 17900 രൂപയ്ക്കും വ്യാപാരം അവസാനിച്ചപ്പോൾ കോഴിക്കോട്ട് ക്വിന്റലിന് 100 രൂപയുടെ നഷ്ടം രേഖപ്പെടുത്തി.

തമിഴ്നാട്ടിലെ കാങ്കയം വിപണിയിൽ കഴിഞ്ഞ മാസത്തിൽ വെളിച്ചണ്ണ വ്യാപാരം ആരംഭിച്ചത് ക്വിന്റലിന് 15167 രൂപയ്ക്കാണ്. മാസാവസാനം വ്യാപാരം അവസാനിക്കുമ്പോൾ കാങ്കയം വിപണിയിലെ വെളിച്ചെണ്ണ വില ക്വിന്റലിന് 14800 രൂപയായിരുന്നു. നഷ്ടം ക്വിന്റലിന് 367 രൂപ. 2021 ഓഗസ്റ്റ് മാസത്തിൽ പ്രധാന വിപണികളിലെ വെളിച്ചെണ്ണയുടെ വാരാന്ത്യ വില നിലവാരം പട്ടിക 1 ൽ:



പട്ടിക 1 : വെളിച്ചെണ്ണയുടെ വാരാന്ത്യ ശരാശരി വില പ്രധാന വിപണികളിൽ (ക്വിന്റലിന് രൂപയിൽ)

| | കൊച്ചി | ആലപ്പുഴ | കോഴിക്കോട് | കാങ്കയം |
|---|---|---|---|---|
| 02.08.2021 | 17400 | 17400 | 18000 | 15167 |
| 07.08.2021 | 17500 | 17500 | 18000 | 15333 |
| 14.08.2021 | 17500 | 17500 | 18150 | 14933 |
| 21.08.2021 | NR | NR | NR | NR |
| 28.08.2021 | 17400 | 17400 | 17900 | 14667 |
| 31.08.2021 | 17400 | 17400 | 17900 | 14800 |




### ഭക്ഷ്യയോഗ്യമായ കൊപ്ര

കോഴിക്കോട് വിപണിയിൽ 2021 ഓഗസ്റ്റ് മാസത്തിൽ രാജാപൂർ കൊപ്രയ്ക്ക് ക്വിന്റലിന് 18500 രൂപയ്ക്ക് ആരംഭിച്ച വ്യാപാരം മാസാവസാനം ക്വിന്റലിന് 700 രൂപ നേട്ടത്തിൽ ക്വിന്റലിന് 19200 രൂപയ്ക്ക് ക്ലോസ് ചെയ്തു. രാജാപ്പൂർ കൊപ്രയുടെ വാരാന്ത്യ വിലനിലവാരം പട്ടിക 2 ൽ:

| പട്ടിക 2 : ഭക്ഷ്യയോഗ്യമായ കൊപ്രയുടെ വാരാന്ത്യ വില കോഴിക്കോട് വിപണിയിൽ (ക്വിന്റലിന് രൂപയിൽ) | |
|---|---|
| 02.08.2021 | 18500 |
| 07.08.2021 | 18000 |
| 14.08.2021 | 19000 |
| 21.08.2021 | NR |
| 28.08.2021 | 19200 |
| 31.08.2021 | 19200 |

### ആട്ടുകൊപ്ര

2021 ഓഗസ്റ്റ് മാസത്തിൽ ആട്ടു കൊപ്രയുടെ വ്യാപാരം കേരളത്തിലെ പ്രധാന വിപണികളായ കൊച്ചിയിൽ ക്വിന്റലിന് 10900 രൂപയ്ക്കും, ആലപ്പുഴയിൽ 10650 രൂപയ്ക്കും, കോഴിക്കോട്ട് 11000 രൂപയ്ക്കുമാണ് ആരംഭിച്ചത്. കൊച്ചിയിൽ 10750 രൂപയ്ക്കും ആലപ്പുഴയിൽ 10650 രൂപയ്ക്കും കോഴിക്കോട്ട് 10800 രൂപയ്ക്കും വ്യാപാരം ക്ലോസ് ചെയ്തപ്പോൾ കൊച്ചിയിയിൽ ക്വിന്റലിന് 150 രൂപയും കോഴിക്കോട്ട് 200 രൂപയുടെയും വീതം നഷ്ടം രേഖപ്പെടുത്തി.

തമിഴ്നാട്ടിലെ കാങ്കയം നാളികേര വിപണിയിൽ കഴിഞ്ഞ മാസം ക്വിന്റലിന് 10200 രൂപയിൽ ആരംഭിച്ച കൊപ്ര വ്യാപാരം, വിലയിൽ മാന്ദ്യം രേഖപ്പെടുത്തി. മാസാവസാനം ക്വിന്റലിന് 10100 രൂപയിൽ വിപണി ക്ലോസ് ചെയ്തു. വാരാന്ത്യ വില നിലവാരം പട്ടിക 3 - ൽ

| പട്ടിക 3 : ആട്ടുകൊപ്രയുടെ വാരാന്ത്യ വില പ്രധാന വിപണികളിൽ (ക്വിന്റലിന് രൂപയിൽ) | | | | |
|---|---|---|---|---|
| | കൊച്ചി | ആലപ്പുഴ (രാശി കൊപ്ര) | കോഴി ക്കോട് | കാങ്കയം |
| 02.08.2021 | 10900 | 10650 | 11000 | 10200 |
| 07.08.2021 | 11000 | 10850 | 11200 | 10300 |
| 14.08.2021 | 10800 | 10850 | 10850 | 10100 |
| 21.08.2021 | NR | NR | NR | NR |
| 28.08.2021 | 10750 | 10650 | 10750 | 10000 |
| 31.08.2021 | 10750 | 10650 | 10800 | 10100 |



**ഉണ്ടക്കൊപ്ര**

കർണ്ണാടകത്തിലെ തിപ്തൂർ നിയന്ത്രിത വിപണിയിൽ 2021 ഓഗസ്റ്റ് മാസത്തിൽ ക്വിന്റലിന് 16500 രൂപയിൽ ആരംഭിച്ച ഉണ്ടക്കൊപ്രയുടെ വ്യാപാരം മാസാവസാനം 16000 രൂപയിൽ ക്ലോസ് ചെയ്തു. നഷ്ടം ക്വിന്റലിന് 500 രൂപ. ഉണ്ടകൊപ്രയുടെ വാരാന്ത്യ വില നിലവാരം പട്ടിക 4 ൽ :



| പട്ടിക 4 : ഉണ്ട കൊപ്രയുടെ വാരാന്ത്യവില തിപ്തൂർ വിപണിയിൽ (ക്വിന്റലിന് രൂപയിൽ) | |
|---|---|
| 02.08.2021 | 16500 |
| 07.08.2021 | 16000 |
| 14.08.2021 | 16500 |
| 21.08.2021 | 16000 |
| 28.08.2021 | 16000 |
| 31.08.2021 | NR |

**കൊട്ടത്തേങ്ങ**

കോഴിക്കോട് വിപണിയിൽ 2021 ഓഗസ്റ്റ് മാസത്തിൽ ക്വിന്റലിന് 15750 രൂപയിൽ ആരംഭിച്ച കൊട്ടത്തേങ്ങ വ്യാപാരം മാസാവസാനം വരെ അതേ വിലനിലവാരം തുടർന്നു. കൊട്ടത്തേങ്ങയുടെ വാരാന്ത്യ വില നിലവാരം പട്ടിക 5 ൽ:



| പട്ടിക 5 : കൊട്ട തേങ്ങയുടെ വാരാന്ത്യ വില കോഴിക്കോട് വിപണിയിൽ (ക്വിന്റലിന് രൂപയിൽ ) | |
|---|---|
| 02.08.2021 | 15750 |
| 07.08.2021 | 15750 |
| 14.08.2021 | 15750 |
| 21.08.2021 | NR |
| 28.08.2021 | 15750 |
| 31.08.2021 | 15750 |



**നാളികേരം**

നെടുമങ്ങാട് വിപണിയിൽ 2021 ഓഗസ്റ്റ് മാസത്തിലെ പച്ചതേങ്ങ വ്യാപാരം 1000 നാളികേരത്തിന് 16000 രൂപ നിരക്കിൽ ആരംഭിച്ച് അതേ നിരക്കിൽ അവസാനിച്ചു.

തമിഴ്നാട്ടിലെ പൊള്ളാച്ചി വിപണിയിൽ 2021 ഓഗസ്റ്റ് മാസത്തിൽ മെട്രിക് ടണ്ണിന് 29000 രൂപയിൽ ആരംഭിച്ച വ്യാപാരം 28500 രൂപയിൽ അവസാനിച്ചു.

ബാംഗളൂർ വിപണിയിൽ 2021 ഓഗസ്റ്റ് മാസത്തിൽ നാളികേരത്തിന്റെ വ്യാപാരം ആയിരത്തിന് 27500 രൂപയിൽ ആരംഭിച്ച് മാസാവസാനം 22500 രൂപയിൽ അവസാനിച്ചു. വാരാന്ത്യ വില നിലവാരം പട്ടിക 6 ൽ

| പട്ടിക 6 : ഭാഗികമായി തൊണ്ടുരിഞ്ഞ നാളികേരത്തിന്റെ വാരാന്ത്യ വില പ്രധാന വിപണികളിൽ | | | |
|---|---|---|---|
| | നെടുമങ്ങാട് (ആയിരത്തിന്)[1] | പൊള്ളാച്ചി (മെട്രിക് ടണ്ണിന്)[2] | ബംഗളൂരു ഗ്രേഡ് 1 (ആയിരത്തിന്) |
| 02.08.2021 | 16000 | 29000 | 27500 |
| 07.08.2021 | 16000 | 29000 | 22500 |
| 14.08.2021 | 16000 | 29000 | NR |
| 21.08.2021 | 16000 | NR | 27500 |
| 28.08.2021 | 16000 | 28500 | NR |
| 31.08.2021 | 16000 | 28500 | 22500 |

# അന്താരാഷ്ട്ര വില നിലവാരം

**വെളിച്ചെണ്ണ**

അന്താരാഷ്ട്ര വിപണികളിൽ 2021 ഓഗസ്റ്റ് മാസത്തിൽ വെളിച്ചെണ്ണ വിലയിൽ പൊതുവെ മാന്ദ്യമാണ് രേഖപ്പെടുത്തിയത്. . വിവിധ രാജ്യ-രാജ്യാന്തര വിപണികളിലെ വെളിച്ചെണ്ണയുടെ വാരാന്ത്യ വില നിലവാരം പട്ടിക 7 ൽ:

| പട്ടിക 7 : വെളിച്ചെണ്ണ ഉത്പാദക രാജ്യങ്ങളിലെ വെളിച്ചെണ്ണയുടെ വാരാന്ത്യ വില (മെട്രിക് ടണ്ണിന് അമേരിക്കൻ ഡോളറിൽ) | | | | | |
|---|---|---|---|---|---|
| | അന്താരാഷ്ട്ര വില നിലവാരം | ആഭ്യന്തര വില നിലവാരം | | | |
| | ഫിലിപ്പൈൻസ്/ ഇൻഡോനേഷ്യ (സി.ഐ.എഫ് യൂറോപ്പ്) | ഫിലിപ്പൈൻസ് | ഇൻഡോനേഷ്യ | ശ്രീലങ്ക | ഇന്ത്യ* |
| 07.08.2021 | 1528 | NR | 1493 | NR | 2082 |
| 14.08.2021 | 1508 | NR | 1488 | NR | 2027 |
| 21.08.2021 | 1470 | 1425 | 1484 | NR | NR |
| 28.08.2021 | 1438 | NR | 1438 | NR | 1991 |
| | | | | | *കാങ്കയം |





**തേങ്ങ**

പ്രമുഖ നാളികേര ഉത്പാദക രാജ്യങ്ങളായ ഇന്ത്യ, ഇന്തോനേഷ്യ, ശ്രീലങ്ക, ഫിലിപ്പീൻസ് എന്നിവിടങ്ങളിലെ ആഭ്യന്തര വിപണികളിൽ രേഖപ്പെടുത്തിയ നാളികേരത്തിന്റെ 2021 ഓഗസ്റ്റ് മാസത്തെ വില നിലവാരം പട്ടിക 8 ൽ :

| പട്ടിക 8 : നാളികേരത്തിന്റെ വാരാന്ത്യ വില (മെട്രിക് ടണ്ണിന് അമേരിക്കൻ ഡോളറിൽ) | | | | |
|---|---|---|---|---|
| | ഫിലിപ്പൈൻസ് | ഇൻഡോനേഷ്യ | ശ്രീലങ്ക | ഇന്ത്യ* |
| 07.08.2021 | 185 | 188 | NR | 394 |
| 14.08.2021 | 184 | 188 | NR | 394 |
| 21.08.2021 | 183 | 187 | NR | NR |
| 28.08.2021 | 184 | 187 | NR | 387 |
| | | | | *പൊള്ളാച്ചി |



**കൊപ്ര**

ഫിലിപ്പീൻസ്, ഇന്തോനേഷ്യ എന്നീ രാജ്യങ്ങളിലെ ആഭ്യന്തര വിപണികളിൽ കൊപ്രയുടെ വിലയിൽ പോയ മാസം മാന്ദ്യമാണ് ദൃശ്യമായത്. വിവിധ രാജ്യങ്ങളിലെ ആഭ്യന്തര വിപണികളിൽ നിന്നുള്ള വാരാന്ത്യ വില നിലവാരം പട്ടിക 9 ൽ :

| പട്ടിക 9 : കൊപ്ര ഉത്പാദക രാജ്യങ്ങളിലെ കൊപ്രയുടെ വാരാന്ത്യ വില (മെട്രിക് ടണ്ണിന് അമേരിക്കൻ ഡോളറിൽ) | | | | |
|---|---|---|---|---|
| | ഫിലിപ്പൈൻസ് | ഇൻഡോനേഷ്യ | ശ്രീലങ്ക | ഇന്ത്യ* |
| 07.08.2021 | 890 | 934 | NR | 1398 |
| 14.08.2021 | 840 | 925 | NR | 1371 |
| 21.08.2021 | 827 | 905 | NR | NR |
| 28.08.2021 | 825 | 884 | NR | 1358 |
| | | | | *കാങ്കയം |

** Source: Epaper, Kerala Kaumudi, ** Star market bulletin, *** Krishimarata vahini*

NR* - *വിലകൾ റിപ്പോർട്ട് ചെയ്തിട്ടില്ല*



ഇന്ത്യൻ നാളികേര ജേണലിന്റെ വായനക്കാരായ വീട്ടമ്മമാർക്കു വേണ്ടിയുള്ള പംക്തി - കേരപാചകം. നാളികേരവും കരിക്കും തേങ്ങാപ്പാലും മറ്റും മുഖ്യ ചേരുവയായി ഉപയോഗിച്ച് തയാറാക്കുന്ന വിഭവങ്ങളാണ് ഈ പംക്തിയിലൂടെ പരിചയപ്പെടുത്തുന്നത്.നെടുമ്പാശേരി ഫ്ളോറ എയർപോർട്ട് ഹോട്ടലിലെ ബേക്കറി ഷെഫ് യു.എ സഗീറാണ് വായനക്കാർക്കുവേണ്ടി ഈ പാചകക്കുറിപ്പുകൾ തയാറാക്കുന്നത്.

# ചിക്കൻ തേങ്ങാപ്പാൽ കുറുമ



കടപ്പാട്:

FLORA

**ആവശ്യമുള്ള ചേരുവകൾ**

ചിക്കൻ - 500 ഗ്രാം
പച്ചമഞ്ഞൾ - കാൽ ടീ സ്പൂൺ
പുളിക്കാത്ത തൈര് - 3 ടേബിൾ സ്പൂൺ
ഇഞ്ചി വെളുത്തുള്ളി പേസ്റ്റ് 1 ടേബിൾ സ്പൂൺ
ഗരം മസാല - 1 ടീസ്പൂൺ
മുളകു പൊടി - 1 ടീസ്പൂൺ
ഉപ്പ് - 1/2 ടീസ്പൂൺ
വെളിച്ചെണ്ണ 2 1/2 ടേബിൾ സ്പൂൺ
ഏലക്ക - 2 എണ്ണം
ഉള്ളി - 1 കപ്പ് അരിഞ്ഞത്
കശുവണ്ടി - 6 എണ്ണം
തേങ്ങാപ്പാൽ - കാൽ കപ്പ്
ഗ്രാമ്പു - 4 എണ്ണം
പട്ട - 2 ഇഞ്ച്
നാളികേര കൊത്ത് - കുറച്ച്
പച്ചമുളക് 2 എണ്ണം
വെള്ളം - ആവശ്യത്തിന്

**തയ്യാറാക്കുന്ന വിധം**

ഒരു ബൗളിൽ ചിക്കൻ, മൂന്നു സ്പൂൺ തൈര്, ഒരു ടേബിൾ സ്പൂൺ ഇഞ്ചി, വെളുത്തുള്ളി പേസ്റ്റ്, കാൽ ടീസ്പൂൺ മഞ്ഞൾ, അര ടീസ്പൂൺ ഉപ്പ്, ഒരു ടീസ്പൂൺ മുളകു പൊടി, ഒരു ടീസ്പൂൺ ഗരം മസാല ഇതെല്ലാം കൂടി നന്നായി ഇളക്കി യോജിപ്പിച്ച് മൂടി മാറ്റി വയ്ക്കുക.

പാൻ ചൂടാക്കി ഒന്നര ടേബിൾ സ്പൂൺ വെളിച്ചെണ്ണയിലേക്ക് രണ്ട് ഏലക്കാ ഇട്ട് ഇതിലേയ്ക്ക് അരിഞ്ഞു വച്ചിരിക്കുന്ന ഉള്ളി ചേർത്ത് ഗോൾഡൻ നിറമാകും വരെ വഴറ്റുക. പിന്നെ കശുവണ്ടി പരിപ്പ് ചേർക്കുക. ഇത് തണുക്കാൻ അനുവദിക്കുക. തണുത്ത ശേഷം ഒരു മിക്സിയിൽ ഇട്ട് തേങ്ങാപ്പാലും ചേർത്ത് അരച്ച് മാറ്റി വയ്ക്കുക.

അതേ പാനിൽ ഒരു ടേബിൾ സ്പൂൺ എണ്ണ എടുത്ത് ചൂടാക്കുക. പട്ട, ഗ്രാമ്പു, തേങ്ങാകൊത്ത് എന്നിവ വഴറ്റുക. ഇതിലേയ്ക്ക് പച്ചമുളകു ചേർത്ത് ഇളക്കുക. ഒപ്പം മാരിനേറ്റ് ചെയ്ത ചിക്കൻ ചേർക്കുക. മീഡിയം തീയിൽ ഇഞ്ചി വെളുത്തുള്ളി പേസ്റ്റിന്റെ പച്ചമണം മാറുന്നതു വരെ ചൂടാക്കുക. ഇതിന് അഞ്ചാറു മിനിറ്റ് വേണം. ഇതിലേയ്ക്ക് മിക്സിയിൽ അടിച്ചു വച്ചിരിക്കുന്ന പ്യൂരി ചേർക്കുക. ഒപ്പം കാൽ കപ്പ് വെള്ളവും ചേർത്ത് ഇളക്കുക. ശേഷം ഉപ്പ്, ഗരം മസാല, ആവശ്യമെങ്കിൽ കൂടുതൽ മുളകു പൊടി എന്നിവ ചേർത്ത് ഇളക്കുക. ചിക്കൻ വെന്തു ഗ്രേവി ആവശ്യത്തിന് കുറുകുന്നതു വരെ ലോ ഫ്ളെയിമിൽ വയ്ക്കുക. ഗ്രേവി കൂടുതൽ കുറുകിപ്പോയാൽ അൽപം ചൂടുവെള്ളം ചേർക്കാം. വേണമെങ്കിൽ മല്ലിയില കൊണ്ട് ഗാർണിഷ് ചെയ്യാം. ചിക്കൻ കുറുമ തയാർ.

ജീര റൈസ്, ബസുമതി റൈസ്, ബട്ടർ നാൻ, റൊട്ടി, പൊറോട്ട എന്നിവയ്ക്കൊപ്പം ചൂടോടെ വിളമ്പാം.

# നാളികേര വികസന ബോർഡ്


ചെയർമാൻ

ശ്രീ. രാജ്ബീർ സിംഗ് ഐഎഫ്എസ്

ഫോൺ : 0484 - 2375216

മുഖ്യ നാളികേര വികസന ഓഫീസർ

ശ്രീ. രാജീവ് ഭൂഷൺ പ്രസാദ് *(ഇൻ ചാർജ്)*

ഫോൺ: 0484 - 2375999

സെക്രട്ടറി

ശ്രീ. ആർ. മധു

ഫോൺ : 0484 - 2377737

Government of India,
Ministry of Agriculture and Farmer's Welfare
P.B. No.1012, Kera Bhavan, SRV Road
(Near SRV High School),
Kochi – 682 011, Kerala, India.
Email : kochi.cdb@gov.in, cdbkochi@gmail.com,
Website: http://www.coconutboard.gov.in
Office:0484-2376265, 2377267,
PABX : 2377266, 2376553, Fax:91 484-2377902


## മേഖലാ ഓഫീസുകൾ

**കർണ്ണാടകം**
ഡയറക്ടർ,
റീജിയണൽ ഓഫീസ്, നാളികേര വികസന ബോർഡ്, ഹുളിമാവ്, ബന്നാർഗട്ട റോഡ് (ഹോർട്ടി കൾച്ചർ ഫാമിനു സമീപം, ഗവൺമെന്റ് ഓഫ് കർണ്ണാടക) ബാംഗ്ലൂർ സൗത്ത് താലൂക്ക്, ബാംഗ്ലൂർ 560 076 കർണ്ണാടക. ഫോൺ : (080) 26593750, 26593743
ഫാക്സ് : 08026594768 E-mail: ro-bnglr@coconutboard.gov.in, cdbroblr@gmail.com.

**ആസ്സാം**
ഡയറക്ടർ,
റീജിയണൽ ഓഫീസ്,
നാളികേര വികസന ബോർഡ്,
ഹൗസ് ഫെഡ് (6–ാം നില), വയർലസ്സ് ബസ്സിദ റോഡ്, ലാസ്റ്റ് ഗേറ്റ്, ദിസ്പൂർ, ഗുവാഹത്തി – ആസ്സാം. ഫോൺ : (0361) 2220632
ഫാക്സ് : (0361) 2229794
E-mail: ro-guwahati@coconutboard.gov.in, cdbassam@gmail.com

**തമിഴ്നാട്**
ഡയറക്ടർ,
റീജിയണൽ ഓഫീസ്,
നാളികേര വികസന ബോർഡ്,
നമ്പർ : 47, ഡോ. രാമസ്വാമി സാലൈ
കെ. കെ. നഗർ, ചെന്നൈ,
600 078, തമിഴ്നാട്. ഫോൺ: (044) 23662684, 23663685 ഫാക്സ് :(044) 22673684,
E-mail: ro-chennai@coconutboard.gov.in, cdbroc@gmail.com

**ബീഹാർ**
ഡയറക്ടർ,
റീജിയണൽ ഓഫീസ്,
നാളികേര വികസന ബോർഡ്,
ഫുൽവാരി റോഡ്, ജഗദേവ് പഥ്,
പാറ്റ്ന – 800 014, ബീഹാർ.
ഫോൺ: 0612 – 2972020
ഫാക്സ് : 0612 – 2272742
E-mail: ro-patna@coconutboard.gov.in, cdbpatna@gmail.com

## സ്റ്റേറ്റ് സെന്ററുകൾ

**ആൻഡമാൻ നിക്കോബാർ ദ്വീപുകൾ**
ഡെപ്യൂട്ടി ഡയറക്ടർ, സ്റ്റേറ്റ് സെന്റർ, നാളികേര വികസന ബോർഡ്, ഹൗസ് എംബി നമ്പർ.54, ഗുരുദ്വാര ലെയിൻ, പോസ്റ്റോഫീസിനു സമീപം, ബി.എസ്.എൻ.എൽ. ക്വാർട്ടേഴ്സിന് എതിർവശം, പോർട്ട് ബ്ലെയർ 744 101, സൗത്ത് ആൻഡമാൻ.ഫോൺ: (03192) 233918
E-mail: sc-andaman@coconutboard.gov.in, cdban@rediffmail.com

**ആന്ധ്രാ പ്രദേശ്**
ഡെപ്യൂട്ടി ഡയറക്ടർ, സ്റ്റേറ്റ് സെന്റർ,
നാളികേര വികസന ബോർഡ്, ഡോർ നമ്പർ.No.4-123, രജുള ബസാർ, രാമവാരപ്പാട് പി.ഒ, ന്യൂ സില പരിഷത്ത് ഹൈ സ്കൂൾ, വിജയവാഡ 521108, കൃഷ്ണ ജില്ല, ആന്ധ്രാ പ്രദേശ്, ടെലി ഫാക്സ് : 0866 2972723
E-mail: sc-vijayawada@coconutboard.gov.in, cdbvijap@gmail.com

**മഹാരാഷ്ട്ര**
ഡെപ്യൂട്ടി ഡയറക്ടർ,
സ്റ്റേറ്റ് സെന്റർ, നാളികേര വികസന ബോർഡ്, ഫ്ളാറ്റ് നമ്പർ. 203, 2–ാം നില, യൂകാലിപ്സ് ബിൽഡിംഗ്, ഗോഡ് ബന്തർ റോഡ്, താനെ 400 610. മഹാരാഷ്ട്ര.
ഫോൺ : 02265100106
E-mail: sc-thane@coconutboard.gov.in, cdbthane@gmail.com

**ഒഡീഷ**
ഡെപ്യൂട്ടി ഡയറക്ടർ,
സ്റ്റേറ്റ് സെന്റർ, നാളികേര വികസന ബോർഡ്,
പിട്ടാപ്പള്ളി, കുമാർബസ്ത പി.ഒ.,
ഖുർദ ജില്ല 752 055 ഒഡീഷ.
ഫോൺ: 8280067723
E-mail: sc-pitapalli@coconutboard.gov.in, cdborissa@gmail.com

**വെസ്റ്റ് ബംഗാൾ**
ഡയറക്ടർ,
സ്റ്റേറ്റ് സെന്റർ, നാളികേര വികസന ബോർഡ്,
DA-94 -സെക്ടർ I, സോൾട്ട് ലേയ്ക്ക് സിറ്റി,
കൊൽക്കത്ത, 700 064. വെസ്റ്റ് ബംഗാൾ ഫോൺ : (033) 23599674
ഫാക്സ് : (033) 23599674
E-mail: sc-kolkata@coconutboard.gov.in, cdbkolkata@gmail.com

**മാർക്കറ്റ് ഡെവലപ്മെന്റ് കം ഇൻഫർമേഷൻ സെന്റർ**
ഡെപ്യൂട്ടി ഡയറക്ടർ,
മാർക്കറ്റ് ഡെവലപ്മെന്റ് കം ഇൻഫർമേഷൻ സെന്റർ, നാളികേര വികസന ബോർഡ്, 120, ഹർഗോവിന്ദ് എൻക്ലേവ്, ന്യൂഡൽഹി 110 092. ഫോൺ : (011) 22377805
ഫാക്സ് : (011) 22377806
E-mail: mdic-delhi@coconutboard.gov.in, cdbmdic@gmail.com

**സിഡിബി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി (സി.ഐ.ടി) ടെക്നോളജി ഡെവലപ്മെന്റ് സെന്റർ ആന്റ് ക്വാളിറ്റി ടെസ്റ്റിംഗ് ലാബോറട്ടറി**
ഡെപ്യൂട്ടി ഡയറക്ടർ
ടെക്നോളജി ഡെവലപ്മെന്റ് സെന്റർ, ക്വാളിറ്റി ടെസ്റ്റിംഗ് ലാബോറട്ടറി & സിഐടി, നാളികേര വികസന ബോർഡ്, കീൻപുരം, സൗത്ത് വാഴക്കുളം, ആലുവ, എറണാകുളം ജില്ല. പിൻ 683 105. കേരള. ഫോൺ : (0484) 2679680
E-mail : cit-aluva@coconutboard.gov.in, citaluva@gmail.com

**ഫീൽഡ് ഓഫീസ്, തിരുവനന്തപുരം**
ഫീൽഡ് ഓഫീസ്,
നാളികേര വികസന ബോർഡ്,
അഗ്രികൾച്ചറൽ അർബൻ, ഹോൾസെയിൽ മാർക്കറ്റ് (വേൾഡ് മാർക്കറ്റ്)
ആനയറ പി.ഒ., തിരുവനന്തപുരം
പിൻ – 695 029 കേരള. ഫോൺ : 0471 2741006
E-mail fo-tvprm@coconutboard.gov.in, cdbtvm@yahoo.in

## വിത്ത് ഉൽപാദന പ്രദർശന തോട്ടങ്ങൾ

**ആന്ധ്രാപ്രദേശ്** : അസി. ഡയറക്ടർ, ഡി.എസ്.പി. ഫാം, നാളികേര വികസന ബോർഡ്, വേഗിവാഡ, (വില്ലേജ്) പി.ഒ.തടികലപ്പൂടി (വഴി), വെസ്റ്റ് ഗോദാവരി (ജില്ല) ആന്ധ്രാപ്രദേശ് – 534 452.
ഫോൺ : (08812) 212359 ഇ–മെയിൽ : f-vegiwada@coconutboard.gov.in, dspfmvgda@gmail.com

**ആസ്സാം** : ഫാം മാനേജർ, ഡി.എസ്.പി. ഫാം, നാളികേര വികസന ബോർഡ്, അഭയാപുരി, ബോങ്കായ്ഗോൺ, , ആസ്സാം – 783 384. ഫോൺ : 9957694242, ഇ–മെയിൽ : f-abhayapuri@coconutboard.gov.in, cdbdspabhayapuri@gmail.com

**കർണ്ണാടക**:ഫാം മാനേജർ, ഡി.എസ്.പി. ഫാം, നാളികേര വികസന ബോർഡ്, ലോക്സാര പി.ഒ., മാണ്ഡ്യ ജില്ല, കർണ്ണാടക – 571 478. ഫോൺ :08232298015
ഇ–മെയിൽ : f-mandya@coconutboard.gov.in, dspfarmmandya@gmail.com

**കേരള**: അസി. ഡയറക്ടർ, ഡി.എസ്.പി. ഫാം, നാളികേര വികസന ബോർഡ്, നേര്യമംഗലം, കേരള. പിൻ 686 693.ഫോൺ: (0485) 2554240
ഇ–മെയിൽ : f-neriamangalam@coconutboard.gov.in, cdbnrlm@gmail.com

**ഒഡീഷ**:ഫാം മാനേജർ, ഡി.എസ്.പി. ഫാം, നാളികേര വികസന ബോർഡ്, പിട്ടാപ്പള്ളി, കുമാരബസ്ത പി.ഒ., ഖുർദ ജില്ല – 752 055, ഒഡീഷ. ഫോൺ : 8280067723
ഇ–മെയിൽ : f-pitapalli@coconutboard.gov.in, cdbdspfarmodisha@gmail.com

**ബീഹാർ**: ഫാം മാനേജർ, ഡി.എസ്.പി. ഫാം, നാളികേര വികസന ബോർഡ്, സിംഗേശ്വർ പി.ഒ, പിൻ 852 128, മധേപുര ജില്ല, ബീഹാർ ഫോൺ : (06476) 283015
ഇ–മെയിൽ : f-madhepura@coconutboard.gov.in, ndspfms@gmail.com

**ഛത്തീസ്ഖർ**:അസി. ഡയറക്ടർ, ഡി.എസ്.പി. ഫാം, നാളികേര വികസന ബോർഡ്, കൊണ്ടഗോൺ 494 226, ബാസ്താർ ജില്ല, ഛത്തീസ്ഖർ.
ഫോൺ: (07786) 242443 ഫാക്സ്: (07786) 242443
ഇ–മെയിൽ: f-kondagaon@coconutboard.gov.in, cdbkgn1987@ gmail.com

**മഹാരാഷ്ട്ര**: അസി. ഡയറക്ടർ, ഡി.എസ്.പി. ഫാം, നാളികേര വികസന ബോർഡ്, ദപോലി വില്ലേജ്, സത്പതി പി.ഒ., പാൽഗാർ ജില്ല, പിൻ – 401405, മഹാരാഷ്ട്ര.
ഫോൺ : (02525) 256090 മൊബൈൽ :07767948448 & 7776940774
ഇ–മെയിൽ : f-palghar@coconutboard.gov.in, dspfarmpalghar@gmail.com

**തമിഴ്നാട്**: ഫാം മാനേജർ, ഡി.എസ്.പി. ഫാം, നാളികേര വികസന ബോർഡ്, ദാലി, തിരുമൂർത്തി നഗർ പി.ഒ., ഉദുമൽപെട്ട്,തമിഴ്നാട് – 642 112 ഫോൺ : (04252) 265430
ഇ–മെയിൽ : f-dhali@coconutboard.gov.in, dspfarmdhali@gmail.com


**ത്രിപുര**: ഫാം മാനേജർ, ഡി.എസ്.പി. ഫാം, നാളികേര വികസന ബോർഡ്, ഹിച്ചാച്ചെറ, സബ്ബാരി പി.ഒ., ജോലാബാരി വഴി, സാബ്റും, സൗത്ത് ത്രിപുര, ത്രിപുര പിൻ :799141 ഇ–മെയിൽ : f-hitchachara@coconutboard.gov.in, dspfarmhichacharatripura@gmail.com

**പശ്ചിമ ബംഗാൾ**: ഫാം മാനേജർ, ഡി.എസ്.പി. ഫാം, നാളികേര വികസന ബോർഡ്, സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ ഫുളിയ ശാഖയ്ക്ക് സമീപം, എൻ.എച്ച് 34, ബെലേമഠ് പി.ഒ. നദിയ, പശ്ചിമ ബംഗാൾ 741402, ഫോൺ : (03473) 234002
ഇ–മെയിൽ : f-fulia@coconutboard.gov.in , dspfarmfulia@gmail.com

2021 സെപ്തംബർ
പുസ്തകം 12
ലക്കം 09
വില: 4 രൂപ

Registered No: KL/EKM/719/2021-23
RNI No. KERMAL/2009/32819

ഇന്ത്യൻ നാളികേര ജേണൽ
Date of Publication - 25/09/2021




# 5 ലക്ഷം രൂപയുടെ അപകട ഇൻഷുറൻസ് വെറും 99 രൂപയ്ക്ക്

ലഭിക്കുന്ന പരിരക്ഷ
- മരണം
- അംഗവൈകല്യം
- അപകടാനുബന്ധ തൊഴിൽ നഷ്ടം
- ചികിത്സാ ചിലവുകൾക്ക് ആശ്വാസം

## ആർക്കെല്ലാം അംഗമാകാം ?

തെങ്ങുകയറ്റ
നാളികേര വിളവെടുപ്പ്
നീര ഉൽപാദന
തൊഴിലാളികൾ

പ്രായപരിധി – 18 – 65

അപേക്ഷാ ഫാറത്തിന്
നാളികേര വികസന ബോർഡിന്റെ വെബ് സൈറ്റ്
www.coconutboard.gov.in സന്ദർശിക്കുക

# വരൂ...
# കേരസുരക്ഷ ഇൻഷുറൻസ്
# പദ്ധതിയിൽ അംഗമാകൂ

നാളികേര വികസന ബോർഡ് സംരംഭം.
പങ്കാളി – ഒറിയന്റൽ ഇൻഷുറൻസ് കമ്പനി ലിമിറ്റഡ്

**തെങ്ങുകയറ്റ തൊഴിലാളികൾക്കും**
**നാളികേര വിളവെടുപ്പുകാർക്കും**
**പ്രയോജനകരമായ**
**അപകട ഇൻഷുറൻസ് പദ്ധതി**

മുൻകൂട്ടി ആലോചിക്കൂ
സംരക്ഷണവും സുരക്ഷയും ഉറപ്പാക്കൂ

കൂടുതൽ വിവരങ്ങൾക്ക്
ദയവായി ബന്ധപ്പെടുക
0484 2377266 (എക്സ്റ്റൻഷൻ 255)
നാളികേര വികസന ബോർഡ്,
കേരഭവൻ
എസ് ആർ വി റോഡ്, കൊച്ചി – 11


Printed and published by Mini Mathew, on behalf of Coconut Development Board, Printed at M/s KBPS, Kakkanad, Kochi-30
and published at Coconut Development Board, Govt. of India,
Ministry of Agriculture and Farmer's Welfare, Kera Bhavan, Kochi-11, Editor: Deepthi Nair S.